**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5308** **21-07-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പ് വഴി സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സാമൂഹ്യ നീതി വകുപ്പും വകുപ്പിന് കീഴിലെ സ്ഥാപനങ്ങളും സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികളും അതിന്റെ മാനദണ്ഡങ്ങളും **അനുബന്ധം - 1 ഉം & 2 ഉം** ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | സാമൂഹ്യ നീതി വകുപ്പും വകുപ്പിന് കീഴിലെ സ്ഥാപനങ്ങളും സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികളും അതിന്റെ മാനദണ്ഡങ്ങളും **അനുബന്ധം - 1 ഉം & 2 ഉം** ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗം, വയോജന വിഭാഗം, ട്രാൻസ്ജെൻഡർ ക്ഷേമം, പ്രൊബേഷൻ ആന്റ് ആഫ്റ്റർകെയർ സംവിധാനം ,മറ്റു ദുർബല ജനവിഭാഗം എന്നിവരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി ഡയറക്ടേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

### I ഭിന്നശേഷി വിഭാഗം

**വിദ്യാകിരണം** – ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും/ ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി.

**വിദ്യാജ്യോതി** – ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് പഠനോപകരണങ്ങളും, യുണിഫോമും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

**ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി**– ഒന്നാം ക്ലാസ്സ് മുതൽ PG/പ്രൊഫഷണൽ കോഴ്സ് വരെ സ്കൂൾ/കോളേജുകളിൽ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്.

**വിദൂര വിദ്യാഭ്യാസ സ്കോളർഷിപ്പ്** – ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ വഴി ഡിഗ്രി, ബിരുദാനന്തര ബിരുദം പഠിയ്ക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള പദ്ധതി.

**വിജയാമൃതം** – ഡിഗ്രി/തത്തുല്യ കോഴ്സുകൾ, പി.ജി/ പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് അനുവദിക്കുന്ന പദ്ധതി.

**പരിണയം** – ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി

**പരിണയം** – ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി.

**നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധ**തി– നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെട്ട ഓട്ടിസം, സെറിബ്രൽ പാൽസി, ബൗദ്ധിക വെല്ലുവിളി , മൾട്ടിപ്പ്ൾ ഡിസെബിലിറ്റി എന്നിവ ബാധിച്ചവർക്കായുള്ള സമഗ്രആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. കേന്ദ്ര സർക്കാർ പദ്ധതിയാണെങ്കിലും ഇത്ൽ അംഗങ്ങളാകുന്നതിന് ഗുണഭോക്താവ് അടക്കേണ്ടുന്ന പ്രീമിയം തുക കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി അടച്ച് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ നൽകുന്നു. ഇൻഷ്വറൻസ് എല്ലാ വർഷവും പ്രീമിയം അടച്ച് പുതുക്കേണ്ടതുണ്ട്. ഇതും സർക്കാർ തന്നെയാണ് അടക്കുന്നത്. പദ്ധതിയിൽ ചേരുന്നതിന് എ.പി.എൽ വിഭാഗം 500 രൂപയും, ബി.പി.എൽ വിഭാഗം 250 രൂപയും, പദ്ധതിപുതുക്കുന്നതിന് യഥാക്രമം 250, 50 എന്നിങ്ങനെയുമാണ് പ്രീമിയം തുക അടക്കേണ്ടത്.

**കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള പദ്ധതി** – കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന കാഴ്ചപരിമിതരായ അഭിഭാഷകർക്ക് ഒറ്റത്തവണയായി എക്സ്ഗ്രേഷ്യാ 3500/– രൂപയും, വായനാ സഹായിയെ നിയമിച്ച് റീഡേഴ്സ് അലവന്സ് നല്കുന്നതിനായി പ്രതിമാസം 5,000/– രൂപാ വീതവും വകുപ്പ മുഖേന അനുവദിച്ചു വരുന്നു. അപേക്ഷ നിശ്ചിത പ്രൊഫോർമയിൽ ബന്ധപ്പെട്ട രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ, കോർട്ട് പ്രിസൈഡിംഗ് ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയവ സഹിതം സാമൂഹ്യനീതി ഡയറക്ടർക്കു സമർപ്പിക്കുന്നതു പ്രകാരം തുക അനുവദിച്ചു വരുന്നു. വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. നിലവിൽ 10 വർഷം വരെയാണ് തുക അനുവദിച്ചു വരുന്നത്.

**സഹായ ഉപകരണ വിതരണ പദ്ധതി**– ഭിന്നശേഷിക്കാർക്ക് അസിസ്റ്റീവ് ഡിവൈസ് അനുവദിയ്ക്കുന്നതിനുള്ള പദ്ധതി.

**വികാലംഗ ദുരിതാശ്വാസ നിധി** – വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായം നൽകുന്ന പദ്ധതി.

**മാതൃജ്യോതി പദ്ധതി** – ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ

പരിപാലിയ്ക്കുന്നതിനുള്ള ധനസഹായ പദ്ധതി.

**സ്വാശ്രയ പദ്ധതി** – ഭർത്താവ് മരിച്ച/ഉപേക്ഷിച്ച തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന മകനെ/ മക്കളെ സംരക്ഷിയ്ക്കേണ്ടി വരുന്ന ബി.പി.എൽ കുടുംബത്തിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതി.

**സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി** : മാനസ്സിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിയ്ക്കുന്ന സർക്കാർ / സർക്കാരിതര സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് നൽകി വരുന്ന ധനസഹായ പദ്ധതിയാണ് സൈക്കോസോഷ്യൽ ഗ്രാന്റ് –ഇൻ എയ്ഡ് പദ്ധതി. കേരള സൈക്കോ സോഷ്യൽ റൂൾ – 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്കാണ് സൈക്കോ സോഷ്യൽ ഗ്രാന്റ്– അനുവദിച്ചു വരുന്നത്.സംസ്ഥാനത്തെ 44 സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് ഗ്രാന്റിനുള്ള സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

**പ്രത്യാശ പദ്ധതി** : സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമ സ്ഥാപനങ്ങളിലേയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്നതും സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ചു വരുന്നതുമായ സൊക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും മാനസ്സിക രോഗം ഭേദമായിട്ടും/നിയന്ത്രണ വിധേയമായിട്ടും സ്വന്തം വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വന്തം ഭവനങ്ങളിലോ/കുടുംബത്തിലോ/സ്വദേശത്തേയ്ക്കോ എത്തിയ്ക്കുന്ന പദ്ധതിയാണ് പ്രത്യാശ പദ്ധതി.

**ഡേ കെയർ പദ്ധതി**: മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 2017 ഫെബ്രുവരി മുതൽ കോഴിക്കോട് IMHANS ന്റെ മേൽ നോട്ടത്തിൽ Day Care Centre പ്രവർത്തിച്ചുവരുന്നു. തീവ്രമായ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് കൗമാര പ്രായത്തിൽ തന്നെ രോഗലക്ഷണങ്ങൾ തുടങ്ങുന്നതിനാൽ സ്വന്തം കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തി നഷ്ടപ്പെടുകയും സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുകയും ചെയ്യുന്നു. ഇങ്ങനെ കഴിവുകൾ നഷ്ടപ്പെട്ടു പോയവരെ നിരന്തര പരിശീലനത്തിലൂടെ പഴയ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരികയും തൊഴിൽ നേടിക്കൊടുത്ത് ഉപജീവനമാർഗ്ഗം നൽകുകയും ചെയ്യുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ദീർഘകാലമായി മാനസിക രോഗം ബാധിച്ച് സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട കഴിയുന്നവരാണ് ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ. ഇത് ഒരു റിക്കവറി ഫെസിലിറ്റേഷൻ യൂണീറ്റ് ആണ്. രോഗികളെ രോഗ വിമുക്തരാക്കി അവർക്ക് വൊക്കേഷണൽ ട്രെയിനിംഗ് കൊടുത്ത് സാധാരണ ജീവിതത്തിലേയ്ക്ക് നയിക്കുന്ന ഒരു ഹാഫ് വേ കെയർ സെന്ററായാണ് ഇത് പ്രവർത്തിയ്ക്കുന്നത്.

**അതിജീവനം സമഗ്ര പദ്ധതി**: പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പു വരുത്തുന്നതിനായി NGO സഹകരണത്തോടു കൂടി ഭിന്നശേഷിക്കാർക്കായി സമഗ്ര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പദ്ധതിയാണ് അതിജീവനം സമഗ്ര പദ്ധതി. ടി സമഗ്ര പദ്ധതിയിൽ 5 മാതൃകാ പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര സർക്കാർ നടപ്പാക്കി വരുന്ന ദീൻദയാൽ റീഹാബിലിറ്റേഷൻ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ടി മാതൃകാ പ്രോജക്ടുകൾ

തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ DDRS പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ ഒഴിവാക്കിയാണ് ടി പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ടി പദ്ധതിയിലൂടെ ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം, പകൽ പരിപാലനം/ അസിസ്റ്റഡ് ലിവിംഗ്, വിവര സാങ്കേതിക വിദ്യയിലൂടെ പരിശീലനം, മാതൃകാ പുനരധിവാസ പദ്ധതി, ഷെൽറ്റേർഡ് വർക്ഷോപ്പ് എന്നിവ നൽകുന്ന സർക്കാരിതര ഏജൻസികൾക്ക് ധനസഹായം നൽകുന്നു. 25 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിനുള്ള ധനസഹായമാണ് അനുവദിക്കുന്നത്.

**ബാരിയർഫ്രീ കേരള പദ്ധതി**-ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും, അവകാശ അധിഷ്ഠിത സാമൂഹിക മുന്നേറ്റം ഉറപ്പാക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിന് അനുയോജ്യമായി കേരളത്തിലെ എല്ലാ സർക്കാർ/പൊതുമേഖലാ ഓഫീസുകൾ, കെട്ടിടങ്ങൾ,സ്ഥാപനങ്ങൾ, പാതകൾ, പാർക്കുകൾ എന്നിവ പ്രതിബന്ധമുക്തവും ഭിന്നശേഷി സൗഹൃദ അന്തരീക്ഷമുള്ളതാക്കാൻ ബാരിയർ ഫ്രീ കേരള പദ്ധതി ലക്ഷ്യമിടുന്നു. ഭിന്നശേഷി അവകാശ നിയമം 2016 ന്റ സെക്ഷൻ 40 പ്രകാരം ആക്സസബിലിറ്റി മാനദണ്ഡങ്ങൾക്കനുസരിച്ച് കെട്ടിയങ്ങളിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പ്രതിബന്ധമുക്തമാക്കുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കളകക്ടർമാരുടെ ശുപാർശ പ്രകാരം പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൽ സ്വീകരിച്ചുവരുന്നുണ്ട്. കണ്ണൂർ ജില്ലയെ ഭിന്നശേഷിസൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റ് ജില്ലകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. നിർമ്മാണ നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ പുരോഗമിക്കുന്നു.

<u>**Accessible India Campaign പദ്ധതി**</u>-ഭിന്നശേഷി അവകാശ നിയമം 2016 പ്രകാരം പ്രസ്തുത നിയമം നിവലിൽ വന്നു അഞ്ച് വർഷ കാലയളവിൽ പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഇതിന്റ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും ക്യാപ്പിറ്റൽ സിറ്റി, പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് കേന്ദ്രസർക്കാർ അക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയ്ക്ക് രൂപം നല്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 28 പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദ മാക്കുന്നതിലേക്കായുള്ള പ്രവർത്തികൾ നിർമ്മാണ നിർവ്വഹണ ഏജൻസികൾ മുഖേന പുരോഗമിച്ചു വരുന്നു. അക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 23 കെട്ടിടങ്ങൾ കണ്ടെത്തി ആക്സസ് ഓഡിറ്റ് നടത്തി ബന്ധപ്പെട്ട നിർവഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ളതും, ആയതിന്റെ എസ്റ്റിമേറ്റുകൾ ബന്ധപ്പെട്ട നിർവഹണ ഏജൻസികൾ സമർപ്പിച്ചു വരുന്നു.

**CDMRP (Community Disability Management and Rehabilitation Programme) പദ്ധതി**- മാനസികവളർച്ചയില്ലാത്ത ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും, Early Intervention, Development Disability, Rehabilitation എന്നീ മേഖലയിലെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി കാലിക്കറ്റ് യൂണിവേഴ്സിറ്റി മനഃശ്ശാസ്ത്ര വിഭാഗത്തിന്റെ സഹകരണത്തോടെ കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കമ്യൂണിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് 2015-16 മുതൽ പദ്ധതി നടപ്പാക്കി വരുന്നു.

**മൊബിലിറ്റി മിഷൻ കേരള പദ്ധതി**-സെറിബ്രൽ പാൾസി ഉൾപ്പെടെ ബുദ്ധിപരവും ശാരീരികവുമായി വൈകല്യമുള്ള കുട്ടികളെ കണ്ടെത്തി സാധ്യമായ വൈദ്യശാസ്ത്ര പരിചരണവും

(കറക്റ്റീവ് സർജറി ഉൾപ്പെടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നൽകി തീവ്രവൈകല്യങ്ങളിലേക്ക് പോകുന്നത് തടയുന്നതിനും, സ്വന്തമായോ അനുബന്ധ ഉപകരണങ്ങളുടെ സഹായത്തോടെയോ നടക്കാൻ പ്രാപ്തരാക്കുന്നതിനും, അനുയോജ്യമായ പരിശീലന ഉപകരണങ്ങൾ നൽകുന്നതിനും സാമൂഹ്യ നീതി വകുപ്പിന്റെയും മലപ്പുറം വളാഞ്ചേരി വി.കെ.എം. സ്പെഷ്യൽ സ്കൂളിന്റെയും സംയുക്തസംരംഭമായി നടപ്പാക്കി വരുന്ന പദ്ധതിയാണ് മൊബിലിറ്റി മിഷൻ കേരള.

**പുനർജ്ജനി പദ്ധതി**– പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ മാനസിക ആരോഗ്യ പ്രശ്നങ്ങൾ ഉള്ള ആദിവാസികളുടെ പുനരധിവാസത്തിനായി 50 പേരെ താമസിപ്പിക്കാവുന്ന വിധത്തിൽ 'പുനർജ്ജനി' എന്ന പേരിൽ ഒരു കെയർ ഹോം സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യ വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ എന്നിവരുടെ സഹകരണത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**തൊഴിൽ സംവരണം**.–ഭിന്നശേഷി അവകാശ നിയമം നിഷ്കർഷിയ്ക്കുന്ന തരത്തിൽ ഭിന്നശേഷിക്കാർക്ക് സർക്കാർ നിയമനങ്ങളിൽ 1996 മുതൽ 3% സംവരണം നടപ്പിലാക്കി വരുന്നുണ്ട്. ഭിന്നശേഷി അവകാശ ആക്ട് 2016 ൽ വ്യവസ്ഥ ചെയ്യുന്ന 4% സംവരണം നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തപ്പെടുന്ന എല്ലാ നിയമനങ്ങളിലും ഭിന്നശേഷി വിഭാഗത്തിന് 4% സംവരണം ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും, ഭിന്നശേഷി അവകാശ നിയമം 2016 പ്രകാരം ഭിന്നശേഷിക്കാർക്ക് 4% സംവരണം നിയമനത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

NISH Online Interactive Disability Awareness Seminar (NIDAS) –ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും ഭിന്നശേഷിക്കാരെ പരിചരിയ്ക്കുന്നവർക്കും പരിശീലനവും അവബോധവും നൽകുന്നതിന് National Institute of Speech and Hearing (NISH) മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് NISH Online Interactive Disability Awareness Seminar (NIDAS) . 2015 ഒക്ടോബർ മാസത്തിൽ ആരംഭിച്ച ഈ പദ്ധതി വളരെ വിജയകരമായ രീതിയിൽ മുന്നോട്ട് പോകുകയും ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട വിഷയങ്ങളിൻമേൽ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി എല്ലാ മാസവും ഓൺലൈൻ സെഷനുകൾ നടത്തുകയും ചെയ്യുന്നു.

**"സ്നേഹയാനം"** – നാഷണൽ ട്രസ്റ്റ് നിയമത്തിലെ ഭിന്നശേഷിക്കാരുടെ നിർധനരായ അമ്മമാർക്ക് ഇലക്ട്രിക് ഓട്ടോ സൗജന്യമായി നൽകുന്ന പദ്ധതി. നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെടുന്ന ഓട്ടിസം, സെറിബ്രൽ പാൽസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പ്ൾ ഡിസെബിലിറ്റി എന്നിവ ബാധിച്ചവരുടെ പരിചരണവും പുനരധിവാസവും മറ്റു ഭിന്നശേഷിക്കാരെ അപേക്ഷിച്ച് പ്രയാസകരമാണ്. ഇവരിൽ ഭൂരിഭാഗവും പൂർണ്ണമായും മറ്റുള്ളവരെ ആശ്രയിച്ചു മാത്രം കഴിയുന്നവരാണ്. ഇത്തരം കുടുംബങ്ങളിൽ പ്രധാനമായും അമ്മമാരാണ് ഇവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നത്. പല കുടുംബങ്ങളിലും കുടുംബനാഥയും ഇവരായിരിക്കും. പലരും കുട്ടികളുടെ അച്ഛൻ ഉപേക്ഷിച്ചവരോ, വിധവകളോ, മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ലാത്തവരോ ആണ്. ഇവർക്ക് തങ്ങളുടെ കുട്ടികളെ സ്കൂളുകളിലോ, തെറാപ്പി സെന്ററുകളിലോ മറ്റ് അത്യാവശ്യങ്ങൾക്കോ എത്തിക്കുന്നതിനും, മറ്റ് ഒഴിവ്

സമയങ്ങളിൽ വാടകയ്ക്ക് ഓട്ടം നടത്തി വരുമാനമുണ്ടാക്കുന്നതിനും ഉതകുന്ന തരത്തിൽ ജില്ലകളിൽ നിന്നും കണ്ടെത്തുന്ന അമ്മമാർക്ക് സൗജന്യമായി ഇലക്ട്രിക് ഓട്ടോ നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

## II ട്രാൻസ്ജെൻഡർ ക്ഷേമം

**ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**-വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നിൽക്കുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ പരിഗണന നൽകേണ്ടത് ആവശ്യകത ഏറെ കൂടുതലാണ് .വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അടിസ്ഥാന വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ സാധിക്കാതെ പോയ 58 % പേരാണ് എന്ന് സർവ്വേയിൽ വ്യക്തമാണ് .നിലവിൽ സ്കൂളുകളിൽ കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

**ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം താമസസൗകര്യം കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി** –ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്നതിനായി വകുപ്പ് മുഖേന ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.സർക്കാർ/ എയ്ഡഡ് /അൺഎയ്ഡഡ് /സെൽ ഫിനാൻസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കാണ് ഈ പദ്ധതിയി ലഭ്യമാകുന്നത് .അർഹരായ വിദ്യാർഥികൾക്ക് പ്രതിമാസം 4000/– രൂപ എന്ന ക്രമത്തിലാണ് തുക അനുവദിക്കുന്നത്.

**സഫലം പദ്ധതി** –മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരവും സാങ്കേതിക മികവും പ്രകടമാക്കുന്ന പല വിദ്യാർഥികൾക്കും പഠനം തുടരുന്നതിന് അനുയോജ്യമായ ചുറ്റുപാടുകൾ ഇല്ലാത്തതിനാൽ പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ട അവസ്ഥ നിലവിലുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കി അർഹരായ ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട പഠന സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർഥികൾക്ക് '**സഫലം**' എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്. പരമാവധി 1 ലക്ഷം രൂപാ വരെ ധനസഹായം അനുവദിച്ചു വരുന്നു.

**4.ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള വിവാഹധനസഹായ പദ്ധതി**–സമൂഹത്തിൽ പുറംതള്ളപ്പെട്ടുപോയ ട്രാൻസ്ജെൻഡർ വ്യക്തികൾ നിയമപരമായി വിവാഹം കഴിച്ച് കുടുംബജീവിതം നയിക്കാൻ സന്നദ്ധരാകുന്ന പക്ഷം അവരുടെ സാമൂഹ്യജീവിതത്തിന്റെ തുടർച്ച സാദ്ധ്യമാക്കുന്നതിന് വിവാഹധനസഹായം ഒരു പരിധി വരെ സഹായകരമാകുമെന്ന് വിലയിരുത്തപ്പെടുന്നു. ഈ സാഹചര്യത്തിൽ ശസ്ത്രക്രിയയിലൂടെ പൂർണ്ണമായി സ്ത്രീ/പുരുഷൻ ആയി മാറിയിട്ടുള്ളവരും നിയമപരമായി വിവാഹം ചെയ്തവരുമായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 30,000/– രൂപ (മുപ്പതിനായിരം രൂപ മാത്രം) വിവാഹധനസഹായമായി അനുവദിച്ച് നൽകി വരുന്നു.

**ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം**-കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾ പ്രധാനമായി നേരിടുന്ന വെല്ലുവിളിയാണ് ശാരീരിക മാറ്റം. ഇതിനായി ഭീമമായ തുക ട്രാൻസ്ജെൻഡർ വ്യക്തികൾ ചെലവാക്കേണ്ടി വരുന്നുണ്ട്. പുരുഷനിൽ നിന്നും സ്ത്രീയിലേയ്ക്കും സ്ത്രീയിൽ നിന്നും പുരുഷനിലേക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. നിലവിൽ ട്രാൻസ് വുമൺ വ്യക്തികൾക്ക് പരമാവധി 2.5 ലക്ഷം രൂപ വീതവും ട്രാൻസ്മാൻ

വ്യക്തികൾക്ക് 5 ലക്ഷം രൂപ വീതവും നൽകിവരുന്നു.

**<u>ലിംഗമാറ്റ ശസ്ത്രക്രിയയെ തുടർന്നുള്ള തുടർചികിത്സയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി–</u>** സങ്കീർണമായ ശസ്ത്രക്രിയയ്ക്ക് അനുബന്ധമായി ലഭിക്കേണ്ട കൗൺസിലിംഗ് സേവനങ്ങൾ, തുടർചികിത്സ, വിശ്രമ കാലയളവിലെ ഭക്ഷണവും മറ്റു ദൈനംദിന ചിലവുകളും എന്നിവയ്ക്ക് ഒരു നിശ്ചിത കാലയളവിലേക്ക് സാമ്പത്തിക സഹായം അനുവദിക്കേണ്ടത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ശസ്ത്രക്രിയ തുടർന്നുവരുന്ന ഒരു വർഷക്കാലയളവിലേയ്ക്ക് (12 മാസങ്ങൾ) പ്രതിമാസം 3000/– രൂപ ക്രമത്തിൽ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

**<u>വർണ്ണം പദ്ധതി–</u>** കോളേജുകളിൽ പോകാൻ കഴിയാതെ വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ കൂടി സംസ്ഥാനത്ത് ഡിഗ്രീ/ പി ജി തുടങ്ങിയ ഉന്നത കോഴ്സുകളിൽ നിരവധി ട്രാൻസ്ജെൻഡർ വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, പഠന കാലയളവിൽ അസൈൻമെന്റ്, പ്രൊജക്റ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിന്, പഠന സാമഗ്രിഹികൾ വാങ്ങുന്നതിന് കോണ്ടാക്ട് ക്ലാസുകൾ പരീക്ഷകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുമായി ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പഠന കാലയളവിൽ ഒരു നിശ്ചിത തുക ചെലവാകുന്നു. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് മറ്റ് വരുമാനങ്ങളില്ലാത്തതിനാലും സാമൂഹ്യ നീതി വകുപ്പ് നൽകുന്ന സ്കോളർഷിപ്പ്, ഹോസ്റ്റൽ ഫീസ് തുടങ്ങിയ വിദ്യാഭ്യാസ പദ്ധതികളിൽ ഉൾപ്പെടാത്തതിനാലും ഇങ്ങനെയുള്ള വിദ്യാർഥികൾക്ക് പ്രതിവർഷം 24000/– (ഇരുപത്തി നാലായിരം)രൂപ നിരക്കിൽ പി ജി വിദ്യാർഥികൾക്ക് 2 വർഷ കാലയളവിലേയ്ക്കും യു.ജി വിദ്യാർഥികൾക്ക് 3 വർഷ കാലയളവിലേയ്ക്കും തുക അനുവദിച്ചു നൽകുന്നുണ്ട്.

**<u>കരുതൽ പദ്ധതി–</u>** കേരളത്തിലെ 51 ശതമാനത്തോളം വരുന്ന ട്രാൻസ്ജെൻഡർ വ്യക്തികളും സ്വന്തം കുടുംബങ്ങളിൽ നിന്ന് അസ്തിത്വത്തിന്റെ പേരിൽ പുറത്താക്കപ്പെട്ടവരാണ് എന്ന് വ്യക്തമായിട്ടുണ്ട്. ഇത്തരം വ്യക്തികൾ ദൈനംദിനജീവിതത്തിൽ നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയുടെ ഭാഗമായും, ഹോർമോൺ ചികിത്സകൾ തുടർന്നു വരുന്ന സാഹചര്യത്തിലും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇത്തരം വ്യക്തികൾ വിധേയരാകുന്നുണ്ട്. ശസ്ത്രക്രിയയിലെ പിഴവുകൾ മൂലം സംഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയാതെ നിരവധി ആത്മഹത്യകൾ സംസ്ഥാനത്ത് സംഭവിക്കുകയും പൊതുജന ശ്രദ്ധയിൽപ്പെടുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾ, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ ഉടൻ പരിഹാരം കണ്ടെത്തുന്നതിനാണ് കരുതൽ പദ്ധതി ലക്ഷ്യമാക്കുന്നത്.

**<u>സമന്വയ തുടർ വിദ്യഭ്യാസ പദ്ധതി–</u>** പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന സർവേ നടത്തുകയുണ്ടായി. ഇതിൻപ്രകാരം തുല്യതാ പരീക്ഷ എഴുതുന്നതിന് സന്നദ്ധരായ 914 പേരെ കണ്ടെത്തുകയും അവർക്ക് തുടർ ദിവസം നൽകുന്നതിനായുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. അദൃശ്യ വൽക്കരിക്കപ്പെട്ട വരെ ദൃശ്യമാക്കി മാറ്റുവാൻ തുടർ വിദ്യാഭ്യാസത്തിലൂടെ അവസരമൊരുക്കുന്ന പ്രസ്തുത പദ്ധതി '**സമന്വയ**' എന്നപേരിൽ സാക്ഷരതാ മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. അടിസ്ഥാന സാക്ഷരത നാലാം തരം, ഏഴാം തരം, പത്താംതരം പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.പഠിതാക്കൾക്ക് വിദ്യാഭ്യാസ സഹായവും താമസസൗകര്യവും ഇതോടൊപ്പം നടപ്പിലാക്കിവരുന്നു.

**<u>സാകല്യം പദ്ധതി</u>**–പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനും ബോധവൽക്കരണം, തൊഴിൽ സാധ്യതകൾ, ഇൻക്ലൂസീവ് തൊഴിലിടങ്ങൾ എന്നീ മേഖലകളിൽ നേതൃപരമായ ഇടപെടലുകൾ നടത്തുന്നതിനും വേണ്ടിയുള്ള, കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുടെ പ്രിസം എന്ന ഇൻക്ലൂസീവ് പദ്ധതിയായ **'സാകല്യം'** എന്ന പദ്ധതി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിലിൽ പരിശീലനം നൽകി അവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനും തൊഴിലിടങ്ങൾ ഇൻക്ലൂസിവ് ആക്കുന്നതിനും ഫലപ്രദമാണ്.

**<u>വനിതാ വികസന കോർപ്പറേഷൻ വഴി സ്വയംതൊഴിലിനുള്ള വായ്പ പദ്ധതി</u>** –ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായിയുള്ള പദ്ധതിയാണ് ഇത്.. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന ആണ് പദ്ധതി നടപ്പിലാക്കി വരുന്നത്. നടപ്പ സാമ്പത്തിക വർഷം 50 ലക്ഷം രൂപാ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്.

**<u>ട്രാൻസ്ജെൻഡർ കെയർ ഹോം/സേഫ്റ്റി ഹോം</u>**–ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ/ക്രൈസിസിൽ അകപ്പെട്ട ട്രാൻസ്ജെൻഡർ വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് ഹ്രസ്വകാല താമസത്തിനായി കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിച്ചു വരുന്നുണ്ട്. ഇപ്രകാരം സംസ്ഥാനത്ത് നിലവിൽ എൻ.ജി ഒ മുഖേന തിരുവനന്തപുരം, എറണാകുളം ജില്ലകളിലായി 2 ഹോമുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

**<u>HIV സീറോ സർവ്വേലൈൻസ്</u>**

HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴി പദ്ധതി നടപ്പിലാക്കിയിരുന്നു. തിരുവനന്തപുരം, എറണാകുളം, കാസർകോഡ് ജില്ലകളിലാണ് HIV സീറോ സർവ്വലൈൻസ് സെന്ററുകൾ നടത്തുന്നതിന് അനുമതി നൽകിയിരുന്നത്.

**<u>24*7 ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ</u>**

സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24×7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ പ്രവർത്തിച്ചു വരുന്നുണ്ട് . ലഭിക്കുന്ന പരാതികൾക്കെതിരെഅടിയന്തിരമായി നടപടി കൈക്കൊള്ളുവാൻസാധിയ്ക്കുന്നതാണ്. .കൂടാതെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ കാര്യക്ഷമമായി ക്രോഡീകരിക്കാനും, വേണ്ടതരത്തിൽ നിയമനടപടികൾ കൈക്കൊള്ളാനും സാധിക്കുന്നതാണ്.

**<u>ബോധവല്ക്കരണ പരിപാടികൾ</u>**

സമൂഹത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിയ്ക്കുന്നതിനും, സമൂഹത്തിൽ സ്വീകാര്യത ഉറപ്പിയ്ക്കുന്നതിന്റേയും ഭാഗമായി സംസ്ഥാനത്താകമാനം പോലീസ് ഉദ്യോഗസ്ഥരെയും, അധ്യാപകരേയും, ജനപ്രതിനിധികളേയും, മീഡിയ, മറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് ജില്ലാതലത്തിൽ വെച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

## <u>III.വയോജനങ്ങൾ</u>

**(1)വയോ അമൃതം**:– സംസ്ഥാനത്തെ വൃദ്ധ സദനങ്ങളിലെ താമസക്കാർ അനുഭവിക്കുന്ന ഒറ്റപ്പെടൽ, മാനസിക സമ്മർദ്ദം, ആരോഗ്യ പ്രശ്നങ്ങൾ, രോഗങ്ങൾ എന്നിവയ്ക്ക് ആയുർവേദ

ശാസ്ത്ര വിധി പ്രകാരം സൗജന്യ ആയുർവേദ ചികിത്സയും സാന്ത്വന പരിചരണവും ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് .സംസ്ഥാനത്തെ 16 വൃദ്ധ സദനങ്ങളിലെ താമസക്കാരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഓരോ വർഷവും ഏകദേശം 900-1000 താമസക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുണ്ട്

(2) **വയോരക്ഷ പദ്ധതി** :- മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം നൽകുന്ന പദ്ധതിയാണ് വയോരക്ഷ പദ്ധതി . ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയവരോ, സംരക്ഷിക്കാൻ ബന്ധുക്കൾ ഇല്ലാത്തവരോ ആയ നിർധനരായ വയോജനങ്ങൾക്ക് അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, കോവിഡുമായി ബന്ധപ്പെട്ടുള്ള ചികിത്സ, ആംബുലൻസ് സേവനം, പുനരധിവാസം, കെയർഗിവർമാരുടെ സേവനം, അത്യാവശ്യ ഘട്ടങ്ങളിൽ വയോജനങ്ങൾക്ക് ഉപയോഗപ്രദമായ സഹായ ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയവയ്ക്ക് പണം ചിലവഴിക്കുന്നതിന് ജില്ല സാമൂഹ്യ ഓഫീസിര്മാർക്ക് അനുമതി നൽകിയിരിക്കുന്നു.

(3)**വയോ മധുരം പദ്ധതി** :-സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രമേഹ രോഗികളായ വയോജനങ്ങൾക്ക് ഗ്ലൂക്കോ മീറ്റർ സൗജന്യമായി നൽകുന്ന പദ്ധതിയാണ് വയോ മധുരം പദ്ധതി. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിർണ്ണയിക്കുന്ന ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന പദ്ധതി ആരംഭിച്ചത് 2018 ലാണ്. ഈ പദ്ധതി പ്രകാരം ഇതിനകം 18200 ഓളം ഗ്ലൂക്കോമീറ്റർ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ് മുഖേന വിതരണം ചെയ്തിട്ടുണ്ട് .

(4) വയോജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് വൃദ്ധ സദനങ്ങളിൽ **സെക്കന്റ് ഇന്നിങ്ങ്സ് ഹോം പദ്ധതി** ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ വൃദ്ധ സദനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നടപ്പിലാക്കി വരുന്ന ടി പദ്ധതി 2018 ൽ കണ്ണൂർ വൃദ്ധസ സദനത്തിലാണ് ആരംഭിച്ചത്. ടി പദ്ധതി വിജയകരമായതിനെ തുടർന്ന് മലപ്പുറം , കൊല്ലം ജില്ലകളിലെ വൃദ്ധ സദനങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട് .

(5)**ഡിമെൻഷ്യ സെന്ററുകളുടെ പ്രവർത്തനം**:- അൽഷിമേഴ്സ് രോഗികളുടെ പരിചരണത്തിനായി ARDSI യുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും, എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ പരിചരണ കേന്ദ്രവും പ്രവർത്തിച്ചു വരുന്നു . ഡിമെൻഷ്യ രോഗികൾക്ക് മെമ്മറി ക്ലിനിക്, ആരോഗ്യ ബോധവൽക്കരണം തുടങ്ങിയ പരിചരണ പരിപാടികൾ 2015-16 മുതൽ നടപ്പിലാക്കി വരുന്നു.

(6) **വയോമിത്രം** :- സംസ്ഥാനത്ത് 65 വയസ്സിനു മുകളിലുള്ളവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിന് വേണ്ടി കോർപറേഷൻ/നഗര സഭാ പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് കെയർ, ഹെല്പ് ഡസ്ക് ,കൗൺസിലിംഗ് സേവനങ്ങൾ എന്നിവ ലഭ്യമാകുന്ന പദ്ധതിയാണ് വയോമിത്രം. കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്

(7)**എൽഡർലൈൻ പദ്ധതി:** മുതിർന്ന പൗരന്മാരുടെ പരാതികൾ പരിഹരിക്കുന്നതിനും, സീനിയർ സിറ്റിസൺസ് വെൽഫെയർ ആക്ട് ശരിയായി നടപ്പിലാക്കുന്നതിനുമായി കേന്ദ്ര ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് എൽഡർ ലൈൻ. 2021 നവംബർ 1 മുതൽ പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ട്. **14567** എന്ന ടോൾഫ്രീ നമ്പറിലാണ് എൽഡർ ലൈൻ പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പന്റെ മേൽനോട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകൾ , ആശുപത്രികൾ, വൃദ്ധസദനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയ സംവിധാനങ്ങളുടെ സംയുക്ത സഹകരണത്തോടു കൂടി രാവിലെ 8 മുതൽ രാത്രി 8 മണി വരെയാണ് എൽഡർ ലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നത് . ഏതു മൊബൈൽ നെറ്റ് വർക്കിൽ നിന്നും മുതിർന്ന പൌരന്മാർക്കായുള്ള സേവനങ്ങൾ ലഭ്യമാക്കുവാൻ പൊതു ജനങ്ങൾക്ക് ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. എൽഡർ ലൈൻ പദ്ധതിയിലൂടെ അഗതികളായ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും, ദുരിതബാധിതർക്ക് കൗൺസിലിംഗ് സഹായം, കൂടാതെ നിയമ സഹായം എന്നിവ ഉറപ്പ് നൽകുന്നു. 14567 എന്ന ടോൾഫ്രീ നമ്പറിൽ ലഭ്യമാക്കുന്ന കോളുകൾക്ക് ഉടനെ തന്നെയുള്ള പ്രശ്നപരിഹാരം ട്രെയിനിംഗ് ലഭ്യമായിട്ടുള്ള ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നു.

(8)**വയോപോഷണം** : വയോജനങ്ങൾക്ക് ന്യൂട്രീഷണൽ സപ്പോർട്ട് എന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് വയോപോഷണം. കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരൻമാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും, പോഷകാഹാര ലഭ്യതയ്ക്കുമായി ഫുഡ് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണ് വയോപോഷണം. മുതിർന്ന പൗരൻമാർക്ക് വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനുമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള 2 മാസത്തേക്ക് ആവശ്യമുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ ഉൾപ്പെടുത്തിയാണ് കിറ്റ് വിതരണം ചെയ്യുന്നത്. നിലവിൽ സായംപ്രഭ ഹോമുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരൻമാർക്ക് അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഫുഡ് കിറ്റ് വിതരണം ചെയ്യുന്നത്.

(9) **സായംപ്രഭാ ഹോം പദ്ധതി** : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകികൊണ്ട് നവീകരിക്കുന്ന പദ്ധതി. ബന്ധപ്പെട്ട പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാരെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. 60 വയസ്സ് കഴിഞ്ഞവർക്ക് പഞ്ചായത്ത് തലത്തിൽ പകൽ ഒത്തുകൂടുന്നതിന് സൗകര്യമൊരുക്കുക, വൃദ്ധജനങ്ങൾക്ക് മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സായംപ്രഭ ഭവനങ്ങളിൽ ഒരുക്കുക, വൃദ്ധ പരിപാലന നിയമങ്ങളെയും, മാനസികവും ശാരീരികവും ആരോഗ്യകരവുമായ വിഷയങ്ങളെയും സംബന്ധിച്ച് ആഴ്ചയിൽ ഒരു ദിവസം ഏതെങ്കിലും നിയമ വിദഗ്ദ്ധർ, പോലീസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, സൈക്കോസോഷ്യൽ കൗൺസിലർമാർ എന്നിവർ മുഖാന്തിരം ക്ലാസുകൾ സംഘടിപ്പിക്കുക, മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന യോഗ ക്ലാസുകൾ ആഴ്ചയിൽ ഒരു ദിവസമെങ്കിലും സംഘടിപ്പിക്കുക, ശാരീരിക പരിരക്ഷയ്ക്ക് ആവശ്യമായ മെഡിക്കൽ പരിശോധന കൃത്യമായ കാലയളവുകളിൽ നടത്തുക. പോഷകാഹാരക്കുറവുള്ള

വൃദ്ധജനങ്ങൾക്ക് 2 നേരമെങ്കിലും പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം എത്തിച്ച് കൊടുക്കുക എന്നിവയാണ് പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

10) **മാതൃകാ സായം പ്രഭ പദ്ധതി**: വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവ്വം ചെലവഴിക്കുന്നതിനും സ്വയം തൊഴിൽ പരിശീലിക്കുന്നതിനും വിവിധ സേവനങ്ങളും ശുശ്രൂഷ സംവിധാനങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ ഹെല്പ് ഏജ് ഇന്ത്യ എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു .

(11)**മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 നടപ്പിലാക്കുന്ന പദ്ധതി** : മെയിൻറനൻസ് കേസുകളുമായി ബന്ധപ്പെട്ട സ്വത്തു തർക്കങ്ങളും, മറ്റ് പരാതികളുടെയും വർദ്ധനവ് മൂലം കേരളത്തിലുടനീളം ട്രൈബ്യൂണലുകളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകളുടെ എണ്ണം വലിയ തോതിൽ വർദ്ധിച്ചിരുന്ന സാഹചര്യത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ കേസ് നടത്തിപ്പിന് RDO മാരെ സഹായിക്കുന്നതിനായി ട്രൈബ്യൂണലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെയും കൺസീലിയേഷൻ ഓഫീസർമാരെയും നിയമിക്കുന്ന പദ്ധതി. കേരളത്തിൽ 27 ട്രൈബ്യൂണലുകളിലായി 27 ടെക്നിക്കൽ അസിസ്റ്റന്റുമാരെയും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു സ്റ്റേറ്റ് കോ-ഓർഡിനേറ്ററുടെയും സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കേസുകൾ സമയബന്ധിതമായി തീർക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കൽ, മെഡിക്കൽ ക്യാമ്പുകൾ, ആക്ട് സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു.

(13)**സർക്കാർ വൃദ്ധ സദനങ്ങൾ** : 60 വയസ്സ് കഴിഞ്ഞതും ആരും സംരക്ഷിക്കാനില്ലാത്തതും നിരാശ്രയരുമായ മുതിർന്ന പൗരന്മാരുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി കേരളത്തിൽ 14 ജില്ലകളിലായി 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു.

14)സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് ഓർഫനേജ് കണ്ട്രോൾ ബോർഡ് മുഖേന സർക്കാർ ഗ്രാന്റ് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു .2021 -22 സാമ്പത്തിക വര്ഷം 199 സന്നദ്ധ സംഘടനകൾ മുഖേന സംരക്ഷണം നൽകിവരുന്ന 8147 വയോജനങ്ങൾക്ക് മേൽപ്പറഞ്ഞ പ്രകാരം ഗ്രാന്റ് അനുവദിച്ചു നൽകിയിരുന്നു . പ്രതിമാസം ഒരു താമസക്കാരന് 1100/- രൂപ നിരക്കിലാണ് NGO യ്ക്ക് ഗ്രാന്റ് നൽകിവരുന്നത് .

**ബോധി :-**

സംസ്ഥാനത്തെ മുതിർന്ന പൌരന്മാർക്കിടയിൽ അനുദിനം വർദ്ധിച്ചു വരുന്ന ഡിമെൻഷ്യ രോഗത്തെ സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിൻറെ ഭാഗമായി ,ആദ്യ പടിയായി ,എറണാകുളം ജില്ലയിലെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി എറണാകുളം ജില്ലാ ഭരണകൂടവും ,കൊച്ചിൻ യുണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രജന സെന്റർ ഫോർ ന്യൂറോ സയൻസുമായി ചേർന്ന് എറണാകുളം ജില്ലയെ ഡിമെൻഷ്യ ഫ്രണ്ട്ലി കമ്മ്യൂണിറ്റി ആയി മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

മൂന്നു വർഷം നീണ്ടു നിൽക്കുന്ന പ്രോജക്ട് പ്രവർത്തനങ്ങളുടെ ഭാഗമായി ആറുമാസം നീണ്ടു നിൽക്കുന്ന

ആറു വ്യത്യസ്ഥ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ,ജനപ്രതിനിധികൾ ,കോളേജ് വിദ്യാർത്ഥികൾ, മുതിർന്ന പൌരന്മാരുടെ ഗ്രൂപ്പുകൾ എന്നിവർക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകർ, നഴ്സുമാർ, എന്നിവർക്കുള്ള പരിശീലനപരിപാടി സംഘടിപ്പിക്കൽ, കുടുംബശ്രീ അംഗങ്ങൾ, റെസിഡെൻസ് അസോസിയേഷനുകൾ, അധ്യാപകർ എന്നിവർക്കായുള്ള ട്രെയിനിംഗ് ഓഫ് ട്രെയിനെഴ്സ് പരിപാടികൾ, പാലിയേറ്റീവ് കെയർ ജീവനക്കാർ,ഓൾഡ് ഏജ് ജീവനക്കാർ തുടങ്ങിയവർക്കുള്ള പരിശീലനം തുടങ്ങിയ പരിപാടികൾ പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

**I. സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതികളാണ്**

**നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷൻ**: –സമൂഹത്തിൽ ലഹരി വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടി നിർമൽ നികേതൻ മുക്തി സദൻ എന്ന NGO യുടെ സഹകരണത്തോട് കൂടി എറണാകുളം ജില്ലയിലും 18 വയസിൽ താഴെയുള്ള ആൺകുട്ടികൾക്കുവേണ്ടി മാത്രം ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി എന്ന NGO യുടെ സഹകരണത്തോടെ കോട്ടയം ജില്ലയിലും ഡി അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്കൂൾ കോളേജ് കുട്ടികൾ , ആദിവാസി വിഭാഗത്തിലുള്ളവർ, തീരദേശങ്ങളിൽ താമസിക്കുന്നവർ എന്നിവർക്കായുള്ള ബോധവത്കരണ പരിപാടികൾ എന്നിവയും പദ്ധതിയുടെ ഭാഗമായും നടപ്പിലാക്കി വരുന്നു.

**II. നാഷണൽ ആക്ഷൻ പ്ലാൻ ഫോർ സീനിയർ സിറ്റിസൺസ് അഥവാ അടൽ വയോ അഭ്യുദയ് യോജന–** മുതിർന്ന പൗരൻമാരുടെ ക്ഷേമവും സംരക്ഷണവും ലക്ഷ്യം വച്ച് കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന കർമ പദ്ധതിയാണിത്.

**III. നാഷണൽ ഹെൽപ്പ് ലൈൻ ഫോർ സീനിയർ സിറ്റിസൺസ് അഥവാ എൽഡർലൈൻ–** സംസ്ഥാനത്ത് കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന മുതിർപൗരൻമാർക്കുവേണ്ടിയുള്ള പരാതി പരിഹാര സംവിധാനമാണ് നാഷണൽ ഹെൽപ്പ് ലൈൻ ഫോർ സീനിയർ സിറ്റിസൺസ് അഥവാ എൽഡർലൈൻ . **14567** എന്ന ടോൾ ഫ്രീ നമ്പറിലാണ് എൽഡർ ലൈനിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാകുന്നത്. സംസ്ഥാനത്ത് മുതിർന്ന പൗരൻമാർക്കുവേണ്ടി വിവിധ വകുപ്പുകൾ മുഖേന സർക്കാർ നടപ്പിലാക്കുന്ന സേവനങ്ങൾ ഉറപ്പ് വരുത്തുക, മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ സംക്ഷിക്കുന്നതിനും, അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുക, ഉപേക്ഷിക്കപ്പെട്ടവരും സംരക്ഷിക്കാൻ ആരും ഇല്ലാത്തവരുമായ വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുക, വയോജനങ്ങൾക്ക് ആവശ്യമായ മാനസിക പിന്തുണയും നിയമസഹയങ്ങളും നൽകുക തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള സേവനങ്ങളാണ് എൽഡർലൈൻ മുഖേന വയോജനങ്ങൾക്ക് ലഭ്യമാകുന്നത്.

**ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി**

അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞുതിരിയുന്നവരുടേയും, രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രിയിൽ തന്നെ കഴിയുവാൻ നിർബന്ധിതരായിട്ടുള്ള പ്രായപൂർത്തിയായ സ്ത്രീ പുരുഷന്മാരുടേയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായുള്ള പദ്ധതി. ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട നിരാലംബരെ ഏറ്റെടുത്ത് അവർക്ക്

എല്ലാവിധ സംരക്ഷണവും നൽകാൻ തയ്യാറായിട്ടുള്ള സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് ചുമതല ഏല്പിക്കുകയും ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുകയുമാണ് ഈ പദ്ധതി പ്രകാരം ചെയ്തുവരുന്നത്.തിരുവനന്തപുരം , എറണാകുളം കോഴിക്കോട് ജില്ലകളിലായി 7 സന്നദ്ധ സംഘടനകൾക്ക് മേൽ പദ്ധതി വഴി ഗ്രാന്റ് നൽകി വരുന്നു

## IV.പ്രൊബേഷൻ ആന്റ് ആഫ്റ്റർകെയർ സംവിധാനം

**മുൻ കുറ്റവാളികൾ, പ്രൊബേഷണർമാർ എന്നിവർക്കായുള്ള ധനസഹായ പദ്ധതി-**ദരിദ്രമായ സാമ്പത്തിക സാഹചര്യങ്ങളിൽ ജീവിക്കുന്ന മുൻകുറ്റവാളികൾ, മേൽനോട്ടത്തിൽ കഴിഞ്ഞു വരുന്ന കുറ്റവാളികൾ, എന്നിവരുടെ സാമൂഹിക പുനരധിവാസത്തിൻറെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നിലവിൽ 15,000/- രൂപ ധനസഹായം നൽകി വരുന്നു

**തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതി-**ദീർഘകാലം ജയിൽ ശിക്ഷ അനുഭവിക്കുന്ന കുറ്റവാളികളുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി. ജയിൽ തടവിന് ശിക്ഷിക്കപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 15,000/- രൂപ ധനസഹായം നൽകി വരുന്നു.

**തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി-**ദീർഘകാലമായി ശിക്ഷ അനുഭവിക്കുന്ന ബി.പി.എൽ കാരായ സ്ത്രീ/പുരുഷ തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. അപേക്ഷകൾ ബന്ധപ്പെട്ട സൂപ്രണ്ട് മുഖേന സാമൂഹ്യ നീതി ഡയറക്ടർക്കാണ് നൽകേണ്ടത്. പദ്ധതി പ്രകാരം അർഹരായിട്ടുള്ള ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ധനസഹായം ലഭ്യമാക്കുന്നു .

**ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി-** ജീവപര്യന്തമോ വധശിക്ഷയോ വിധിക്കപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ച് വരുന്ന തടവുകാരുടെ കുട്ടികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി. ജയിൽ തടവുകാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി ഒറ്റത്തവണയായി പരമാവധി 1 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. (MBBS, BVSc, എന്നിവയ്ക്ക് സർക്കാർ കോളേജുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.)

**അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സംവിധാനത്തിൽ വിക്ടിം റീഹാബിലിറ്റേഷൻ കൂടി ഉൾപ്പെടുത്തി കൊല്ലപ്പെട്ടവരുടേയും, അതിക്രമത്തിനിരയായി കിടപ്പിലായവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു.

**ജീവനം- അതിക്രമത്തിനിരയായവർക്കുള്ള സ്വയം തൊഴിൽ പുനരധിവാസ പദ്ധതി-** കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണപ്പെട്ടവരുടെ ആശ്രിതർക്കും, ഗുരുതര പരുക്ക് പറ്റിയവരുടെയും പുനരധിവാസത്തിനായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'ജീവനം'. പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കൾക്ക് ഒറ്റതവണ ധനസഹായമായി 20,000/- രൂപ നൽകുന്നു.

**തടവുകാരുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം-**തടവുശിക്ഷ അനുഭവിക്കുന്നവരുടെ പെണ്മക്കളുടെ സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളിലെ ശോചനീയാവസ്ഥ ഇവരുടെ വിവാഹത്തെ

പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. നിലവിൽ രണ്ട് വർഷമോ അതിലധികമോ ജയിലിൽ ശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകാൻ സാമൂഹ്യനീതി വകുപ്പ് നൂതന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. ഒരു പെൺകുട്ടിയ്ക്ക് പരമാവധി 30,000/- രൂപാ നിരക്കിൽ 20 പേർക്കാണ് സാമ്പത്തിക സഹായം ലഭ്യമാക്കുക.

**<u>തണലിടം പ്രൊബേഷൻ ഹോം-</u>**കുടുംബമോ ബന്ധുമിത്രാദികളോ ഏറ്റെടുക്കാൻ തയ്യാറാകാത്ത പ്രൊബേഷണർമാർ, മുൻതടവുകാർ, കേസിൽ പെട്ട് താമസിക്കാൻ ഇടമില്ലാതെ വിചാരണ നേരിടുന്നവർ, ജയിലിൽ നിന്നും വിവിധ അവധികൾക്കായി പുറത്തിറങ്ങുന്നവർ തുടങ്ങിയവരെ സമൂഹത്തിലേക്ക് പുനരധിവസിപ്പിക്കാൻ സാധിക്കുന്നത് വരെ (താൽക്കാലികമോ - സ്ഥിരമോ ആയ താമസസൗകര്യം ഉണ്ടാകുന്നതുവരെ) താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടക്കാല സംരക്ഷണകേന്ദ്രമാണ് പ്രൊബേഷൻ ഹോം. കേരള പ്രൊബേഷൻ ഓഫ് ഒഫൻറെഴ്സ് ചട്ടങ്ങൾ 1960 ചട്ടം 20 (1) പ്രകാരമാണ് തണലിടം പ്രൊബേഷൻ ഹോമിന്റെ രൂപീകരണം സാധ്യമാക്കിയിരിക്കുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ എൻ.ജി.ഒ സഹകരണത്തോടെ കൊല്ലം ജില്ലയിലെ വാളകത്തു പുരുഷന്മാർക്കായി 'തണലിടം' എന്ന പേരിൽ ഒരു പ്രൊബേഷൻ ഹോം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഹോമിലേക്ക് താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായി ജില്ലാ പ്രൊബേഷൻ ഓഫീസർ/ ജയിൽസൂപ്രണ്ടുമാരുടെ ശുപാർശ പ്രകാരം താൽക്കാലികമായി താമസക്കാരെ പ്രവേശിപ്പിക്കാവുന്നതാണ്.

**<u>മാനസികരോഗം ഭേദമായ തടവുകാർക്കുള്ള പുനരധിവാസ പദ്ധതി-</u>**ദീർഘകാലമായി മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിയുന്ന വിചാരണ തടവുകാരുടെയും കോടതി വിടുതൽ ചെയ്തിട്ടും മാനസികാരോഗ്യകേന്ദ്രത്തിൽ കഴിയുന്നവരുടെയും പുനരധിവാസം ഗവ.അംഗീകാരമുള്ള സൈക്കോ സോഷ്യൽ സെൻററുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതി.

**<u>മറ്റുള്ളവ</u>**

**മിശ്ര വിവാഹ ധനസഹായ പദ്ധതി** - മിശ്ര വിവാഹം ചെയ്തത് കാരണം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതി.

പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

**<u>വിദ്യാകിരണം</u>**

**<u>പദ്ധതി മാനദണ്ഡങ്ങൾ</u>**

- ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും / ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായംനൽകുന്നു .
- സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് ആനുകൂല്യം നൽകുന്നത്.
- വിദ്യാലയ മേധാവി മുഖാന്തിരം അപേക്ഷ സമർപ്പിക്കേണ്ടതാണ് .

- സ്കോളർഷിപ്പ് താഴെ പറയുന്ന നിരക്കിൽ നൽകുന്നു

| ക്രമ നം | ക്ലാസ് | സ്കോളർഷിപ്പ് നിരക്ക് (മാസം) |
|---|---|---|
| 1 | 1 മുതൽ 5 വരെ | 300/- |
| 2 | 6 മുതൽ 10 വരെ | 500/- |
| 3 | +1, +2, ITI തത്തുല്യമായ മറ്റ് കോഴ്സുകൾ | 750/- |
| 4 | ഡിഗ്രി, പി. ജി, പോളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ | 1000/- |

**അപേക്ഷ സമർപ്പിക്കേണ്ട വിധം** അപേക്ഷകർ രേഖകൾ സഹിതം ഓൺലൈൻ പോർട്ടൽ മുഖേന / അതാത് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് അപേക്ഷ നൽകണം. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നും വരുമാന സർട്ടിഫിക്കറ്റും, വൈകല്യം തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡിൽ നിന്നും ലഭിച്ച വൈകല്യ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## വിദ്യാജ്യോതി പദ്ധതി

## അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. അപേക്ഷകൻ / അപേക്ഷക സർക്കാർ / Aided സ്ഥാപനത്തിൽ പഠിക്കുന്ന ആളായിരിക്കണം.
2. വൈകല്യ തോത് 40% മോ അതിൽ കൂടുതലോ ഉള്ള മെഡിക്കൽ ബോർഡ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.
3. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിലെ മേധാവി അപേക്ഷയിൽ നിർബന്ധമായും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
4. ഒരു വിദ്യാർത്ഥിക്ക് ഒരു കാറ്റഗറിയിൽ ഒറ്റത്തവണ മാത്രമേ യൂണിഫോമിനു ധനസഹായം അനുവദിക്കുകയുള്ളൂ.
5. ഓൺലൈൻ പോർട്ടൽ മുഖേന അതാത് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് അപേക്ഷ

സമർപ്പിക്കേണ്ടതാണ് .

6. ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ ജില്ലാ തലത്തിൽ അപേക്ഷ സ്ക്രീനിംഗ് നടത്തേണ്ടതാണ്.

7. ആനുകൂല്യത്തിനു അർഹരായിട്ടുള്ള അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനായി ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ സാമൂഹ്യ നീതി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും, തുക BAMS മുഖേന ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് കൈമാറുകയും ചെയ്യുന്നു.

8. ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്ക u ണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

**<u>പരിരക്ഷ പദ്ധതി</u>**

**<u>അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

സ്ത്രീ / പുരുഷ / ട്രാൻസ്ജൻഡർ ഭേദമന്യേ എല്ലാ അംഗപരിമിതർക്കും പ്രസ്തുത സേവനം ലഭ്യമാക്കാവുന്നതാണ്.

അടിയന്തിര സാഹചര്യത്തിൽ നൽകുന്ന സേവനമായതിനാൽ ദാരിദ്ര്യരേഖാ പരിധി ഒഴിവാക്കാവുന്നതാണ്.

അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, ആംബുലൻസ് സേവനം എന്നിവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്.

ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന അംഗപരിമിതരെയോ അലഞ്ഞുതിരിഞ്ഞു കാണപ്പെടുന്ന അംഗപരിമിതരെയോ സുരക്ഷിതമായ പുനരധിവാസ കേന്ദ്രത്തിലെത്തിക്കുന്നതിനും ആയതിനു മുൻപായുള്ള മെഡിക്കൽ പരിശോധനയ്ക്കും ഭക്ഷണത്തിനും തുക വിനിയോഗിക്കാവുന്നതാണ്.

പ്രകൃതി ദുരന്തത്തിനിരയാകുന്ന അംഗപരിമിതർക്ക് അടിയന്തിര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിനു തുക വിനിയോഗിക്കാവുന്നതാണ്.

ആസിഡ് ആക്രമണം മറ്റ് ഗുരുതരമായ പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനു തുക വിനിയോഗിക്കാവുന്നതാണ്.

അംഗപരിമിതന്റെ ജീവനോ സ്വത്തിനോ അപകടമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര പരിരക്ഷ നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

വളരെ അത്യാവശ്യ ഘട്ടങ്ങളിൽ മേൽ വ്യവസ്ഥകൾ കൂടാതെയുള്ള അനാഥരായ അംഗപരിമിതരുടെ അടിയന്തിരാവശ്യങ്ങൾക്ക് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി മോണിറ്ററിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്താനാകുന്ന രീതിയിലോ തുക വിനിയോഗിക്കാവുന്നതാണ്.

ആകെ ചെലവാകുന്ന തുകയിൽ 25000/- രൂപ വരെ ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കാതെ ചെലവാക്കാവുന്നതും 2 ലക്ഷം രൂപ വരെയുള്ള ചെലവിനു മോണിറ്ററിംഗ് കമ്മിറ്റിയുടെ മുൻകൂർ അനുമതിയോടു കൂടിയും 2 ലക്ഷത്തിനു പുറത്തു വരുന്ന ചെലവിനു സർക്കാരിന്റെ അനുമതിയും ലഭ്യമാക്കിയിരിക്കേണ്ടതാണ്.

40% നു മുകളിൽ വൈകല്യമുള്ളവർക്കും വൈകല്യ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളവർക്കും മാത്രം മേൽ സേവനം നൽകിയാൽ മതിയാകുന്നതാണ്.

പ്രാഥമിക ചികിത്സ നൽകുന്നതിനു സ്വകാര്യ ആശുപത്രികളെയും സമീപിക്കാവുന്നതാണ്. എന്നാൽ വിദഗ്ദ ചികിത്സ ശുപാർശ ചെയ്യുന്ന പക്ഷം ആയതു സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. പരിചാരകർ ആരുമില്ലാത്ത പക്ഷം ഒരു കെയർഗിവറെ നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

സാമൂഹ്യ നീതി വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതിയിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുമുള്ള ഭിന്നശേഷിക്കാർക്കും ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അനുവദിക്കേണ്ട ധനസഹായ തുകയിൽ തീരുമാനം കൈക്കൊള്ളാവുന്നതും ധനസഹായം അനുവദിക്കാവുന്നതുമാണ്. കൂടാതെ ഏതെങ്കിലും പെൻഷൻ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാകുന്നുണ്ടെങ്കിലും അടിയന്തിര ധനസഹായം അനിവാര്യമാണെന്ന് മോണിറ്ററിംഗ് കമ്മിറ്റിക്ക് ബോധ്യപ്പെടുന്ന സാഹചര്യത്തിൽ ഡയറക്ടറുടെ അംഗീകാരത്തോടെ തുക അനുവദിക്കാവുന്നതാണ്.

Inpatient ആയി ചികിത്സ ലഭ്യമാക്കേണ്ട കേസുകളിൽ (അടിയന്തിര ചികിത്സ, ശസ്ത്രക്രിയ തുടങ്ങിയ) കിടത്തി ചികിത്സ ആവശ്യമാണെന്ന് ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന ദിവസങ്ങൾക്കു മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ വാടകയിൽ നിജപ്പെടുത്തി റൂം വാടക അനുവദിക്കാവുന്നതാണ്.

എല്ലാ മേഖലയിലും ബുദ്ധിമുട്ട് അനുഭവിക്കുന്ന ഭിന്നശേഷിക്കാർക്ക് ഈ പദ്ധതി കൊണ്ടുള്ള സഹായം ലഭിക്കുന്നതിനായി പദ്ധതി വിപുലീകരിക്കുന്നതിനു എല്ലാ ജില്ലകളിലും ചുവടെ പറയും പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

ജില്ലാ കലക്ടർ / പ്രതിനിധി

ജില്ലാ സാമൂഹ്യ നീതി ഓഫീസർ

ജില്ലാ മെഡിക്കൽ ഓഫീസർ / പ്രതിനിധി

ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രതിനിധി

ഡെൽസാ പ്രതിനിധി

അംഗപരിമിതരുടെ സംഘടനയുടെ 2 പ്രതിനിധികൾ

## സ്വാശ്രയ പദ്ധതി

## പദ്ധതി മാനദണ്ഡങ്ങൾ

1. അപേക്ഷ ബി. പി. എൽ കുടുംബാംഗം ആയിരിക്കണം.

2. മാനസിക/ശാരീരിക വെല്ലുവിളി 70% മോ അതിൽ കൂടുതലോ ഉള്ള വ്യക്തിയെ ആയിരിക്കണം ഇവർ സംരക്ഷിക്കുന്നത്.

3. ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന കിടപ്പുരോഗികളുടെ മാതാവ്/രക്ഷകർത്താവിന് മുൻഗണന നൽകുന്നു.

4. വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചു പോയ സ്ത്രീകൾ, നിയമപരമായി വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ജീവിച്ചിരുന്നിട്ടും വിവാഹ ബന്ധം വേർപ്പെടുത്താതെ ഭർത്താവിൽ നിന്നും സഹായം ലഭ്യമാകാത്ത സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ എന്നിവർ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹരാണ്.

5. മാതാവും പിതാവും ഇല്ലാത്ത 70% മോ അതിനു മുകളിലോ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിയെ സംരക്ഷിക്കുന്ന 4-മത് മാനദണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിഭാഗത്തിൽപ്പെട്ട അടുത്ത ബന്ധുക്കളായ സ്ത്രീകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്.

6. സ്വയം തൊഴിൽ സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് സഹിതം അപേക്ഷകൾ അതാതു ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

7. ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിക്കുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം സാമൂഹ്യ നീതി വകുപ്പിന് ആയിരിക്കും.

8. ആശ്വാസകിരണം പെൻഷൻ ലഭിക്കുന്ന അവർക്കും ഈ പദ്ധതി പ്രകാരം അപേക്ഷ നൽകാവുന്നതാണ്.

9. മറ്റു വകുപ്പുകളിൽ നിന്നും ഇത്തരത്തിൽ തൊഴിൽ സംരംഭങ്ങൾക്ക് സഹായം ലഭ്യമാക്കുന്നവർക്ക് ഈ പദ്ധതിയിൽ നിന്നുള്ള ആനുകൂല്യം ലഭ്യമാകുന്നതല്ല.

10. ഓരോ സാമ്പത്തിക വർഷത്തിലും ഏപ്രിൽ/മെയ് മാസത്തിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസർ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിക്കുന്നു.

11. ലഭ്യമായ അപേക്ഷകൾ ജില്ലാ സാമൂഹ്യ നീതി ഓഫീസർ പ്രൊബേഷൻ ഓഫീസർമാർക്ക് കൈമാറുകയും പ്രൊബേഷൻ ഓഫീസർമാർ അപേക്ഷകരെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വ്യക്തമായ ശുപാർശ സഹിതം മുൻഗണനാക്രമത്തിൽ റിപ്പോർട്ട് നൽകേണ്ടതുമാണ്.

12. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ജില്ലാതല സ്വാശ്രയ കമ്മിറ്റിയിൽ വെച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു.

13. ജില്ലാ സാമൂഹ്യ നീതി ഓഫീസർ ആവശ്യമായ ഫണ്ടിന് ഡയറക്ടർക്ക് അപേക്ഷ നൽകുന്നു.

14. ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് അനുവദിക്കുന്ന ഫണ്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്ക u ണ്ടിൽ നിക്ഷേപിക്കുന്നു. വ്യവസ്ഥകൾ സംബന്ധിച്ച് ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഗുണഭോക്താവുമായി കരാർ ഒപ്പിടുന്നു.

15. യു. സി, റിപ്പോർട്ട് എന്നിവ യഥാസമയം ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഡയറക്ടർക്ക് സമർപ്പിക്കുന്നു.

<u>ജില്ലാതല സ്വാശ്രയ കമ്മിറ്റി</u>

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് – ചെയർമാൻ
2. ജില്ലാ സാമൂഹ്യ നീതി ഓഫീസർ – കൺവീനർ
3. ജില്ലാ മെഡിക്കൽ ഓഫീസർ – മെമ്പർ
4. വിമൻ വെൽഫെയർ ഓഫീസർ – മെമ്പർ
5. പ്രൊബേഷൻ ഓഫീസർ – മെമ്പർ
6. S. P യുടെ പ്രതിനിധി – മെമ്പർ
7. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് – നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് സാമൂഹ്യപ്രവർത്തകർ

(ഒരാൾ വനിത ആയിരിക്കണം) – മെമ്പർ

**<u>പരിണയം പദ്ധതി</u>**

**<u>അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

1. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കൂടാൻ പാടില്ല.
2. വിവാഹ ധനസഹായത്തിനായി അപേക്ഷിക്കുന്നവർ നിശ്ചയിച്ച വിവാഹ തിയ്യതിക്ക് ഒരു മാസം മുൻപ് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരിക്കണം.

3. ഭിന്നശേഷിക്കാരായ മാതാപിതാക്കൾക്ക് തന്റെ രണ്ട് പെൺമക്കളുടെ വിവാഹത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

4. ധനസഹായത്തിന് അപേക്ഷിക്കുന്ന ദിവസം വിവാഹം ചെയ്തയക്കാനുള്ള പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം.

5. ഈ നിബന്ധനകൾ അനുസരിച്ചുള്ള സഹായധനം ഒരിക്കൽ ലഭിച്ച കഴിഞ്ഞതിനു ശേഷം ഏതെങ്കിലും കാരണവശാൽ നിലവിലുള്ള നിയമപ്രകാരം വിവാഹബന്ധം വേർപ്പെടുത്തി വരികയും അതേ പെൺകുട്ടിക്ക് രണ്ടാമത് വിവാഹം ചെയ്യേണ്ടി വരികയും ചെയ്യുന്ന സാഹചര്യത്തിൽ രണ്ടാം വിവാഹത്തിനും ധനസഹായം അനുവദിക്കാവുന്നതാണ്. ആദ്യത്തെ ധനസഹായം അനുവദിച്ച കഴിഞ്ഞു ചുരുങ്ങിയത് 3 വർഷത്തിനു ശേഷം മാത്രമേ രണ്ടാമത്തെ ധനസഹായ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ. 3 വർഷം എന്നത് ഇളവ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സാമൂഹ്യ നീതി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ഇത്തരം സന്ദർഭങ്ങളിൽ മുൻഭർത്താവിൽ നിന്നു ലഭിക്കുന്ന കോമ്പൻസേഷനോ സംരക്ഷണ ചെലവോ കൂടി കണക്കിലെടുത്ത് വേണം കുടുംബ വാർഷിക വരുമാനം കണക്കാക്കേണ്ടത്.

6. ഭിന്നശേഷിക്കാരുടെ പെൺമക്കൾക്കുള്ള ധനസഹായത്തിനായി അപേക്ഷിക്കുന്ന ഭിന്നശേഷിക്കാരൻ / ഭിന്നശേഷിക്കാരി പെൺകുട്ടിയുടെ വിവാഹത്തിന് മുൻപേ മരണപ്പെടുകയാണെങ്കിൽ ആ കുടുംബത്തിലെ മൂത്ത അംഗത്തിനോ വിവാഹം നടത്തിക്കാൻ ചുമതലയുള്ള കുടുംബത്തിലെ മറ്റ് ഏതെങ്കിലും അംഗത്തിനോ പ്രസ്തുത ധനസഹായം ഈടിന്മേൽ നൽകാവുന്നതാണ്. കുടുംബത്തിൽ മറ്റ് അംഗങ്ങൾ ആരും തന്നെയില്ലാത്തപക്ഷം വിവാഹം നടത്തിക്കൊടുക്കുന്നതിന് മുൻപോട്ട് വരുന്നവർക്ക് തക്കതായ ഈടിന്മേൽ സഹായധനം നൽകാവുന്നതാണ്. ഇത് സംബന്ധിച്ച് വിവാഹിതയാകേണ്ട പെൺകുട്ടിയുടെ സമ്മതപത്രം കൂടി ആവശ്യമാണ്.

7. ഭിന്നശേഷിക്കാരുടെ പെൺമക്കൾക്കുള്ള ധനസഹായത്തിനായി അപേക്ഷിക്കുന്ന ഭിന്നശേഷിക്കാരൻ / ഭിന്നശേഷിക്കാരി പെൺകുട്ടിയുടെ വിവാഹത്തിന് ശേഷം എന്നാൽ ധനസഹായം ലഭിക്കുന്നതിന് മുൻപ് മരിച്ചുപോകുകയാണെങ്കിൽ കുടുംബത്തിലെ മൂത്ത അംഗത്തിനോ വിവാഹം നടത്തിക്കൊടുക്കുന്ന അംഗത്തിനോ വ്യക്തിയ്ക്കോ തക്കതായ ഈടിന്മേൽ ധനസഹായം നൽകാവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ മേൽ പറഞ്ഞ കുടുംബാംഗം/വ്യക്തി സഹായധനം വാങ്ങുന്നതിന് ഉത്തരവാദിത്തപ്പെട്ട ആളാണെന്ന് ഭിന്നശേഷിക്കാരൻ / ഭിന്നശേഷിക്കാരിയുടെ മകളും വിവാഹിതയുമായ സ്ത്രീ ഒരു സാക്ഷ്യപത്രം നൽകേണ്ടതാണ്.

8. ഭിന്നശേഷിക്കാരുടെ പെൺമക്കൾക്കുള്ള ധനസഹായത്തിനായി അപേക്ഷിക്കുന്ന ഭിന്നശേഷിക്കാരൻ / ഭിന്നശേഷിക്കാരി സ്ഥിരബുദ്ധിയില്ലാത്ത വ്യക്തിയാണെങ്കിൽ പെൺകുട്ടിയുടെ കുടുംബത്തിലെ വിവാഹം നടത്തിയ്ക്കുവാൻ ഉത്തരവാദിത്തപ്പെട്ട മറ്റൊരു വ്യക്തിയ്ക്ക് ധനസഹായത്തിന് അപേക്ഷിക്കാവുന്നതും തക്കതായ ഈടിന്മേൽ ധനസഹായം സ്വീകരിക്കാവുന്നതുമാണ്. ഭിന്നശേഷിക്കാരൻ / ഭിന്നശേഷിക്കാരി സ്ഥിരബുദ്ധിയില്ലായെന്നതിന് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ആവശ്യമാണ്.

9. കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവർക്ക് മാത്രമേ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുള്ളൂ.

10. വിവാഹനന്തരം 6 മാസം വരെയുള്ള കാലതാമസം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് മാപ്പാക്കി ധനസഹായത്തിനായി തിരഞ്ഞെടുക്കാവുന്നതാണ്. 6 മാസത്തിനു ശേഷം 1 വർഷം വരെയുള്ള കാലതാമസം നേരിടുന്ന അപേക്ഷകളിന്മേൽ കാലതാമസം മാപ്പാക്കി ആനുകൂല്യത്തിനായി തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം സാമൂഹ്യനീതി ഡയറക്ടർക്കായിരിക്കും.

- <u>**അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ**</u>

1. വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്.

2. ഭിന്നശേഷിത്വം തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്.

3. റേഷൻ കാർഡിന്റെ പകർപ്പ്.

4. വിവാഹക്ഷണക്കത്ത്.

5. ഭിന്നശേഷിക്കാരുടെ പെണ്മക്കൾക്കുള്ള ധനസഹായത്തിനായി അപേക്ഷിക്കുന്ന ഭിന്നശേഷിക്കാരൻ / ഭിന്നശേഷിക്കാരിയുടെ മകളാണ് വധുവെന്ന് തെളിയിക്കുന്ന ജനന സർട്ടിഫിക്കറ്റ് കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി / പഞ്ചായത്തിൽ നിന്നും ഹാജരാക്കണം.

6. പുനർവിവാഹിതരാകുന്ന ഭിന്നശേഷി വനിതകളുടെ ആദ്യ വിവാഹം നിയമപരമായി വേർപെടുത്തിയതു സംബന്ധിച്ച സർട്ടിഫിക്കറ്റ് / ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.

<u>**മാതൃജ്യോതി**</u>

<u>**അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**</u>

1. പത്ര പരസ്യം, സോഷ്യൽ മീഡിയ, ആകാശവാണി / FM മുഖേന പരസ്യം നൽകി ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഗുണഭോക്താവിനെ കണ്ടെത്തേണ്ടതാണ്.

2. നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ സാമൂഹ്യ നീതി ഓഫീസർ അപേക്ഷ സ്വീകരിക്കേണ്ടതാണ്.

3. ഗുണഭോക്താവിന്റെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല.

4. ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, വൈകല്യം സംബന്ധിച്ച മെഡിക്കൽ ബോർഡ് നൽകുന്ന ഡിസബിലിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പാസ്ബുക്കിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.

5. RPWD Act Sec 2(1) അനുശാസിക്കുന്ന High support ആവശ്യമുള്ള വൈകല്യ ബാധിതർക്ക് ആനുകൂല്യം നൽകുന്നു.

6. പരമാവധി ഒരാൾക്ക് 2 തവണ മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ.

7. ഗുണഭോക്താവ് സ്ഥിരതാമസമാക്കിയിട്ടുള്ള ജില്ലയിൽ വേണം അപേക്ഷ സമർപ്പിക്കേണ്ടത്.

8. ദമ്പതികളിൽ രണ്ടുപേരും വൈകല്യ ബാധിതരാണെങ്കിൽ മുൻഗണന നൽകേണ്ടതാണ്. ഇത്തരം അപേക്ഷകളിൽ രണ്ടുപേരുടെയും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് (ഭർത്താവിന്റെ വൈകല്യ ശതമാനം 40% ൽ കൂടുതൽ).

## വിദൂര വിദ്യാഭ്യാസ സ്കോളർഷിപ്പ്

## സ്കീം മാനദണ്ഡങ്ങൾ

1. ഓപ്പൺ യൂണിവേഴ്സിറ്റി, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി കേരളത്തിനകത്തെ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്തു ഡിഗ്രിക്കും, അതിനു മുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം.

2. വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കൂടാൻ പാടില്ല.

3. ബന്ധപ്പെട്ട കോഴ്സിന്റെ കാലദൈർഘ്യത്തിൽ മാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ.

4. ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്നതിനാണ് സ്കോളർഷിപ്പ്.

5. ഓരോ വർഷവും കൃത്യമായി പരീക്ഷയിൽ ഹാജരാകുന്നവർക്ക് മാത്രമേ തുടർന്ന് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

6. CDPO അംഗീകരിച്ച, സക്ഷ്യപത്രം സഹിതം സമർപ്പിക്കുക .

## 7. ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. ഒരു വിദ്യാർത്ഥിക്ക് ഏതെങ്കിലും ഒരു കോഴ്സിനുള്ള ധനസഹായം മാത്രമേ ലഭിക്കൂ.

2. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മറ്റേതെങ്കിലും പദ്ധതിയിൽപ്പെടുന്ന ധനസഹായം ലഭിക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയില്ല.

3. ബന്ധപ്പെട്ട കോഴ്സിന്റെ കാലയളവിൽ വിദ്യാർത്ഥിയുടെ പഠന നിലവാരത്തിന്റെ പുരോഗതി വിലയിരുത്തിയായിരിക്കും തുടർ വർഷങ്ങളിൽ സ്കോളർഷിപ്പ് അനുവദിക്കുക. കോഴ്സ് ഇടയ്ക്ക്

വെച്ച് നിർത്തുകയാണെങ്കിൽ ധനസഹായത്തിനുള്ള അർഹത നഷ്ടപ്പെടുന്നത് ആയിരിക്കും.

4. അപേക്ഷകർ കൂടുതലുള്ള പക്ഷം ക്വാളിഫയിംഗ് മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകുന്നതാണ്.

- **<u>അപേക്ഷ സമർപ്പിക്കേണ്ട വിധം</u>**

സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം അതാത് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ചുവടെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത രേഖകൾ
2. രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ / ട്യൂഷൻ ഫീ, പരീക്ഷാ ഫീസ്, പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവയ്ക്ക് ചെലവഴിച്ച തുക സംബന്ധിച്ച ബില്ലുകൾ/രസീതുകൾ എന്നിവ.
3. വൈകല്യം തെളിയിക്കുന്നതിനായി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് / ഐഡന്റിറ്റി കാർഡ്.
4. വരുമാനം തെളിയിക്കുന്നതിന് റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്.
5. രണ്ടാം വർഷം മുതൽ അപേക്ഷ സമർപ്പിക്കുന്നവർ മുൻവർഷത്തെ പരീക്ഷയ്ക്ക് ഹാജരായതിനുള്ള രേഖ ഹാജരാക്കണം.
6. കോഴ്സിനു രജിസ്റ്റർ ചെയ്തു മൂന്നു മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.

**<u>08. സഹചാര</u>**

**<u>പദ്ധതി മാനദണ്ഡങ്ങൾ</u>**

1. ഒരു ജില്ലയിലെ 3 യൂണിറ്റുകൾക്ക് 10000/- രൂപ വീതം ധനസഹായം അനുവദിക്കുന്നു.
2. അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സ്വീകരിക്കുന്നു.
3. അവാർഡിനായി അപേക്ഷിക്കുന്ന വർഷത്തിന് തൊട്ടു മുമ്പുള്ള വർഷത്തെ പ്രവർത്തനമാണ് പരിഗണിക്കുന്നത്. വിശദമായ പ്രവർത്തൻ റിപ്പോർട്ട് , ഫോട്ടോ എന്നിവ സഹിതമുള്ള അപേക്ഷ ജില്ല സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
4. ലഭ്യമായ അപേക്ഷകളിൽ നിന്നും മികച്ച യൂണിറ്റിനെ തെരഞ്ഞെടുക്കുന്നതിനായി

ജില്ലാ സാമൂഹ്യനീതി ഓഫീസർ കൺവീനറും വിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പിലെ റീജിയണൽ ഡയറക്ടർ, ഭിന്നശേഷി മേഖലയിലെ വിദഗ്ധർ എന്നിവർ ചേർന്ന് ഒരു തെരഞ്ഞെടുപ്പ് സമിതി രൂപീകരിച്ച് അർഹത നിർണ്ണയിക്കുന്നു.

## 5. വിജയാമൃതം

## പദ്ധതി മാനദണ്ഡങ്ങൾ

1. അപേക്ഷകർ കേരളത്തിനകത്തോ പുറത്തോ ഉള്ള സർക്കാർ / സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ / കോളേജുകൾ / മറ്റ് അംഗീകൃത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും നേരിട്ടോ, പാരലൽ കോളേജ് / വിദൂര വിദ്യാഭ്യാസം വഴിയോ കേരള സർക്കാർ അംഗീകരിച്ച കോഴ്സ് പാസ്സായവരായിരിക്കണം.

2. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെയും, ധനസഹായത്തിന് യോഗ്യത നേടിയ സർട്ടിഫിക്കറ്റിന്റെയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, (മാർക്ക് ലിസ്റ്റിന്റെ പകർപ്പ് സഹിതം) ആധാർ കാർഡ്, ബാങ്ക് പാസ്ബുക്കിന്റെ ആദ്യപേജ് (IFSC, A/c No. എന്നിവ വ്യക്തമായിരിക്കണം) പകർപ്പുകളും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

3. അപേക്ഷകൻ ആദ്യ അവസരത്തിൽ തന്നെ പരീക്ഷകൾ പാസായിരിക്കണം.

4. ഒരേ യോഗ്യതയുള്ള ഒന്നിലധികം പേരുണ്ടെങ്കിൽ വൈകല്യതോത് കൂടുതലുള്ള അപേക്ഷകർക്ക് മുൻഗണന നൽകേണ്ടതാണ്.

5. 2020-21 വർഷത്തെ വിജയികൾക്ക് 2021-22 സാമ്പത്തിക വർഷത്തിലും തുടർന്ന് വരുന്ന വർഷങ്ങളിലുമായിരിക്കും അവാർഡ് നൽകുന്നത്.

6. അർഹതയുള്ളവർ എല്ലാ വർഷവും സെപ്റ്റംബർ 30 നകം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

7. നവംബർ 15 നകം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അർഹരായവരുടെ അന്തിമ പട്ടിക ഡയറക്ടർക്ക് സമർപ്പിക്കണം.

8. പി. ജി / പ്രൊഫഷണൽ കോഴ്സ് വിഭാഗത്തിൽ അപേക്ഷകൾ കുറവാണെങ്കിൽ ഡിഗ്രി വിഭാഗത്തിലെ അർഹതപ്പെട്ടവർക്ക് അവാർഡ് നൽകാവുന്നതാണ്.

9. ജനുവരി 31 നകം പദ്ധതി പ്രവർത്തന റിപ്പോർട്ട്, ഗുണഭോക്തൃ ലിസ്റ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഡയറക്ടർക്ക് സമർപ്പിക്കണം.

10. അർഹതയുള്ളവർ എല്ലാ വർഷവും സെപ്റ്റംബർ 30 നകം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

11. നവംബർ 15 നകം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അർഹരായവരുടെ

അന്തിമ പട്ടിക ഡയറക്ടർക്ക് സമർപ്പിക്കണം.

## ശ്രേഷ്ഠം പദ്ധതി

### പദ്ധതി മാനദണ്ഡങ്ങൾ

1) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

2) അപേക്ഷകർ  സംസ്ഥാനത്തെ/ രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നവരായിരിക്കണം.

3) സംസ്ഥാന/ ദേശീയതല മത്സരങ്ങളിൽ ശ്രദ്ധിക്കപ്പെട്ടവരായിരിക്കണം.

4) 2020 –21 ലെ കലാകായിക മികവിന് 2021– 22 സാമ്പത്തിക വർഷത്തിലും തുടർന്നു വരുന്ന വർഷങ്ങളിലുമായിരിക്കും ധനസഹായം നൽകുന്നത്.

5) ധനസഹായത്തിന് യോഗ്യത നേടിയ മെറിറ്റ് സർട്ടിഫിക്കറ്റ് , പരിശീലനം നേടുന്ന സ്ഥാപനത്തിൽ നിന്നുള്ള അഡ്മിഷൻ സംബന്ധിച്ച രേഖ, ഡിസബിലിറ്റി സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

6) ഒരേ യോഗ്യതയുള്ള ഒന്നിലധികം പേർ ഉണ്ടെങ്കിൽ വൈകല്യത്തോത് കൂടുതലുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

7) അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അർഹതാവിധേയമായി ധനസഹായം അനുവദിക്കേണ്ടതു മാണ്.

8) ഏതെങ്കിലും ജില്ലയിൽ അപേക്ഷകരുടെ എണ്ണം കുറവാകുന്ന പക്ഷം, ടി തുക അർഹതപ്പെട്ട അപേക്ഷകൾ കൂടുതലുള്ള ജില്ലകൾക്ക് അനുവദിക്കാവുന്നതാണ്.

### സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി

സംസ്ഥാനത്ത് മാനസിക രോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനുള്ള കെയർ ഹോമുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്കും സർക്കാരിതര സ്ഥാപനങ്ങൾക്കും കെയർ ഹോമുകളുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് അനുവദിക്കുന്ന പദ്ധതിയാണ് സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി .കേരള സൈക്കോസോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൽക്കാണ് സൈക്കോസോഷ്യൽ ഗ്രാന്റ് - ഇൻ - എയ്ഡ് പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിയ്ക്കുന്നത്.

- കേരള സൈക്കോസോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കാണ് സൈക്കോസോഷ്യൽ ഗ്രാന്റ് – ഇൻ – എയ്ഡ് പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിയ്ക്കുന്നത്.

- സൈക്കോ-സോഷ്യൽ ഗ്രാൻറ് ഇൻ എയ്ഡ് ലഭിക്കുന്നതിനായി ഇത്തരം സ്ഥാപങ്ങൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അംഗമായ ജില്ലാതല അപ്രൈസൽ കമ്മിറ്റി

ഗ്രാൻറിനായി അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും, സ്ഥാപനം സൈക്കോ-സോഷ്യൽ ഗ്രാൻറ് ഇൻ എയ്ഡിന് അർഹതയുള്ള പക്ഷം അപേക്ഷകളും അനുബന്ധ രേഖകളും, മുൻ വർഷം ഗ്രാൻറ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിൻറെ വിനിയോഗ സാക്ഷ്യപത്രം സഹിതം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഗ്രാൻറ് ഇൻ എയ്ഡിന് ശുപാർശ ചെയ്ത് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

- ടി പദ്ധതിയ്ക്ക് ആകെ ചെലവാകുന്ന തുകയുടെ 60% വകുപ്പുവിഹിതമായി അനുവദിയ്ക്കും. എൻ.ജി.ഒ വിഹിതമായി 40 % വഹിയ്ക്കണം.

**അതിജീവനം സമഗ്ര പദ്ധതി**

**മാതൃകാ പ്രോജക്ട് – I**

**അംഗപരിമിതർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

**പദ്ധതി മാനദണ്ഡങ്ങൾ**

കുറഞ്ഞത് 25 പേർക്കുള്ള ഒരു യൂണിറ്റിനാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ യൂണിറ്റിലും പരമാവധി രണ്ട് തൊഴിൽ പരിശീലന പരിപാടിയ്ക്ക് മാത്രമേ സർക്കാർ ധനസഹായം ലഭ്യമാകുകയുള്ളൂ. ഒരു സംഘടനയ്ക്ക് പരമാവധി 2 യൂണിറ്റിനു മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ.

**മാതൃകാ പ്രോജക്ട് – II**

**അംഗപരിമിതർക്കുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ/ Community Assisted Living Project**

**പദ്ധതി മാനദണ്ഡങ്ങൾ**

25 പേർ അടങ്ങുന്ന ഒരു യൂണിറ്റിനാണ് ധനസഹായം ലഭിക്കുന്നത്. ഒരു NGO യ്ക്ക് പരമാവധി രണ്ട് യൂണിറ്റിനുള്ള ധനസഹായം ലഭിക്കുന്നതാണ്.പ്രസ്തുത വൈകല്യ വിഭാഗക്കാർക്ക് സൗഹൃദപരമായ എല്ലാ ഭൗതിക സൗകര്യങ്ങളും സ്ഥാപനത്തിലുണ്ടായിരിക്കേണ്ടതാണ്. പരിശീലനം നൽകുന്നതിനുള്ള പരിശീലന മുറികൾ, ക്ലാസ് റൂമുകൾ എന്നിവയുൾപ്പെടെയുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും മതിയായ സ്ഥല സൗകര്യം, ഗതാഗത യോഗ്യമായ റോഡ്, കാലാവസ്ഥ വ്യതിയാനങ്ങൾ അതിജീവിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ സ്ഥാപനത്തിലുണ്ടായിരിക്കേണ്ടതാണ്.

**മാതൃകാ പ്രോജക്ട് – III**

**കാഴ്ച വൈകല്യമുള്ളവർക്കും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും വിവര സാങ്കേതിക വിദ്യയിലൂടെ ഉന്നമനം ലക്ഷ്യമിടുന്ന പദ്ധതി**

ICT Based Training Programme ( INSIGHT Project)

**പദ്ധതി മാനദണ്ഡങ്ങൾ**

1. കുറഞ്ഞത് 25 പേർക്കുള്ള ഒരു യൂണിറ്റിനാണ് ധനസഹായം അനുവദിക്കുന്നത്. ഒരു വ്യക്തിയ്ക്ക് ചെലവാകുന്ന തുകയുടെ അടിസ്ഥാനത്തിൽ ആകെ തുക കണ്ടെത്തുന്നു.

2. സംഘടനയ്ക്ക് സ്വതന്ത്രമായോ വാടകയിനത്തിൽ പ്രവർത്തിക്കുന്നതോ ആയ കെട്ടിട സൗകര്യം ലഭ്യമായിരിക്കണം.

3. വൈകല്യ ബാധിതർക്ക് സൗകര്യപ്രദമായതും സൗഹൃദപരമായതുമായ ഭൗതിക സാഹചര്യം ഉണ്ടായിരിക്കണം.

4. പരിശീലനം നൽകുന്നതിന് ആവശ്യമായ പരിശീലന മുറികൾ ഉണ്ടായിരിക്കണം.

5. പരിശീലനാർത്ഥികൾക്ക് സ്ഥാപനത്തിലെത്തുന്നതിന് ഗതാഗത യോഗ്യമായ പാത ഉണ്ടായിരിക്കേണ്ടതാണ്.

**മാതൃകാ പ്രോജക്ട് – IV**

**മാനസ്സിക വെല്ലുവിളി നേരിടുന്നവർക്കുള്ള മാതൃകാ പുനരധിവാസ പരിപാടി.**

**പദ്ധതി മാനദണ്ഡങ്ങൾ**

1. കുറഞ്ഞത് 25 പേർക്കുള്ള ഒരു യൂണിറ്റിനാണ് ധനസഹായം അനുവദിക്കുന്നത്. ഒരു NGO യ്ക്ക് പരമാവധി 2 യൂണിറ്റിനു മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ.

2. പദ്ധതി പ്രകാരമുള്ള 25 പേരെ പുനരധിവസിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ കെട്ടിടം ഉണ്ടായിരിക്കണം.

3. കെട്ടിടം അംഗപിമിത സൗഹൃദമായിരിക്കണം.

4. താമസക്കാർക്ക് ആനുപാതികമായുള്ള ശുചിമുറികൾ ഉണ്ടാകണം.

5. Full time care centre ആയതിനാൽ അതോടൊപ്പം Dining Hall, Kitchen എന്നിവ ഉണ്ടാകണം.

**മാതൃകാ പ്രോജക്ട് – V**

**മാനസ്സിക വെല്ലുവിളി നേരിടുന്നവർക്കുള്ള ജീവനോപാധിയിലൂടെയുള്ള പുനരധിവാസ**

**(ഷെൽട്ടേർഡ് വർക്ഷോപ്പ്)**

**പദ്ധതി മാനദണ്ഡങ്ങൾ**

കുറഞ്ഞത് 25 പേർക്കുള്ള ഒരു യൂണിറ്റിനാണ് ധനസഹായം അനുവദിക്കുന്നത്. ഒരു NGO യ്ക്ക് പരമാവധി രണ്ട് യൂണിറ്റിനുള്ള ധനസഹായം ലഭിക്കുന്നതാണ്. പ്രസ്തുത വൈകല്യ വിഭാഗക്കാർക്ക് സൗഹൃദപരമായ എല്ലാ ഭൗതിക സൗകര്യങ്ങളും സ്ഥാപനത്തിലുണ്ടായിരിക്കേണ്ടതാണ്. ഏതെങ്കിലും ഒരു മേഖലയിലുള്ള ഉല്പാദക യൂണിറ്റ് ഉണ്ടായിരിക്കണം. ഉല്പാദക യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള സ്ഥലം മാത്രമല്ല അതിനാവശ്യമായ യന്ത്രങ്ങളും ഉണ്ടായിരിക്കണം. ടി ഉല്പാദക യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള പഞ്ചായത്ത് / മുൻസിപ്പാലിറ്റി എന്നിവയിൽ നിന്നുള്ള ലൈസൻസ് ഉണ്ടായിരിക്കണം. സ്ഥാപനത്തിന് PWD രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. കാലാവസ്ഥ വ്യതിയാനങ്ങൾ അതിജീവിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപനത്തിലുണ്ടായിരിക്കേണ്ടതാണ്.

മേൽ പരാമർശിച്ച 5 പദ്ധതികൾക്കും ആകെ തുകയുടെ 70% തുക വകുപ്പ് വിഹിതമായി അനുവദിയ്ക്കും. 30% തുക എൻ.ജി.ഒ വഹിയ്ക്കണം.

**പ്രത്യാശ പദ്ധതി**

**ക്ഷേമ സ്ഥാപനങ്ങളിലെ ഇതര സംസ്ഥാനക്കാരായ താമസക്കാരെ സ്വന്തം സംസ്ഥാന ത്തെത്തിയ്ക്കുന്ന പദ്ധതി**

- സംസ്ഥാനത്ത് ഒർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിയ്ക്കുന്ന ഏകദേശം 239 സർക്കാരിതര പുനരധിവാസ സ്ഥാപനങ്ങളിലേയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടുകൂടിയും സാമൂഹ്യനീതി വകുപ്പിൽ നിന്നും ഗ്രാന്റ് കൈപ്പറ്റുന്ന 44 സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും വകുപ്പിന്റെ 31 ക്ഷേമ സ്ഥാപനങ്ങളിലും അനാഥരോ, ഉപേക്ഷിയ്ക്കപ്പെട്ടവരോ ആയ കുട്ടികൾ, വയോജനങ്ങൾ, അഗതികൾ, ശാരീരിക/ മാനസ്സിക വൈകല്യമുള്ളവർ, മനോദൗർബല്യമുള്ളവർ എന്നിങ്ങനെ പരിഗണന അർഹിയ്ക്കുന്ന ഇതര സംസ്ഥാനക്കാരായ താമസക്കാരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

- സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിയ്ക്കുന്ന ശാരീരിക / മാനസ്സിക / ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരെ പാർപ്പിയ്ക്കുന്ന സർക്കാർ ക്ഷേമ സ്ഥാപനങ്ങളിൽ പാർപ്പിച്ചിരിക്കുന്നതും കുടുംബാംഗങ്ങൾ ഏറ്റെടുക്കുവാൻ യാതൊരു വിധ സാധ്യതയും ഇല്ലാത്തതുമായവരെ സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിയ്ക്കുന്ന PWD രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതും സർക്കാർ ഗ്രാന്റ് ലഭിക്കുന്നതുമായ NGO സ്ഥാപനങ്ങളിൽ sanctioned strength അധികരിയ്ക്കാത്ത വിധത്തിൽ കൃത്യമായ വ്യക്തിഗത പരിപാലന പദ്ധതിയുടെ അടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കുന്നു.

- ഇതര സംസ്ഥാനങ്ങളിൽ പുനരധിവസിപ്പിച്ച് പ്രവർത്തി പരിചയമുള്ള ഒ.സി.ബി/ RPWD രജിസ്ട്രേഷനോടുകൂടി പ്രവർത്തിയ്ക്കുന്ന സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളെയാണ് പദ്ധതി നടപ്പിലാക്കുന്നതിന് എംപാനൽ ചെയ്യുന്നത്.

- ടി പ്രോജക്റ്റ് നടത്തിപ്പിനായി നിലവിൽ എംപാനൽ ചെയ്തിട്ടുള്ള എൻ.ജി.ഒ കളായ കൊല്ലം ജില്ലയിലെ ഗാന്ധിഭവൻ ഇന്റർ നാഷണൽ ട്രസ്റ്റ്, മാർവല്ല ദയറ സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ, സ്നേഹാലയ സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ എന്നിവയാണ്.

- പദ്ധതി നടപ്പാക്കൽ നിരീക്ഷിയ്ക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൽ നൽകുന്നതിനും ജില്ലാതലത്തിലും , സംസ്ഥാനതലത്തിലും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**ഡേ കെയർ പദ്ധതി**

- ദീർഘകാലമായി മാനസിക രോഗം ബാധിച്ച് സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട കഴിയുന്നവരാണ് ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ.

- 18 നും 55 വയസ്സിനും ഇടയിൽ പ്രായമുള്ളവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

- മെന്റൽ റിട്ടർഡേഷൻ ഉള്ള ആളുകളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല.

- തീവ്രമായ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് കൗമാര പ്രായത്തിൽ തന്നെ രോഗലക്ഷണങ്ങൾ തുടങ്ങുന്നതിനാൽ സ്വന്തം കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തി നഷ്ടപ്പെട്ടുകയും സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുകയും ചെയ്യുന്നു. ഇങ്ങനെ കഴിവുകൾ നഷ്ടപ്പെട്ട പോയവരെ നിരന്തര പരിശീലനത്തിലൂടെ പഴയ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരികയും തൊഴിൽ നേടിക്കൊടുത്ത് ഉപജീവനമാർഗ്ഗം നൽകുകയും ചെയ്യുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം.

**റീഡേഴ്സ്അലവൻസ്**

1)കാഴ്ച വൈകല്യമുള്ള അഭിഭാഷകർക്കാണ് റീഡേഴ്സ്അലവൻസ് ലഭിക്കുന്നത്

.2)വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.

3)നിലവിൽ 10 വർഷം വരെയാണ് തുക അനുവദിച്ചു വരുന്നത്.

**"സ്നേഹയാനം"**

പ്രസ്തുത പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

1. അപേക്ഷകർ നാഷണൽ ട്രസ്റ്റ് നിയമത്തിൻ കീഴിലുൾപ്പെട്ട ഭിന്നശേഷിക്കാരുടെ അമ്മമാർ ആയിരിക്കണം.

2. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരായിരിക്കണം.

3. 55 വയസ്സോ അതിൽ താഴെയോ പ്രായമുള്ള ഭർത്താവ് ഉപേക്ഷിച്ചവരോ, വിധവകളോ ആയിരിക്കണം

4. മറ്റ് വരുമാനമാർഗ്ഗങ്ങൾ ഇല്ലാത്തവരായിരിക്കണം

5. ത്രീ വീലർ ലൈസൻസ് ഉണ്ടായിരിക്കണം

6. അനുവദിക്കുന്ന ഇലക്ട്രിക് ഓട്ടോ മറിച്ച് വിൽപന നടത്താൻ പാടില്ല.

## II ട്രാൻസ്ജെൻഡർ ക്ഷേമം

### ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

**മാനദണ്ഡം**

1) സ്കൂൾ തലം മുതൽ പ്രൊഫഷണൽ ഡിഗ്രി തലം വരെയുള്ള ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്

2)7 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ട്രാൻസ്ജെൻറർ വിദ്യാർത്ഥികൾക്ക് 10 മാസക്കാലത്തേയ്ക്ക് പ്രതിമാസം 1000/- രൂപയും, +1 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ട്രാൻസ്ജെൻറർ വിദ്യാർത്ഥികൾക്ക് 10 മാസക്കാലത്തേയ്ക്ക് പ്രതിമാസം 1500/- രൂപയും, ഡിപ്ലോമ, ഡിഗ്രീ, പ്രൊഫഷണൽ കോഴ്സ്, പി.ജി ട്രാൻസ്ജെൻറർ വിദ്യാർത്ഥികൾക്ക് 10 മാസക്കാലത്തേയ്ക്ക് പ്രതിമാസം 2000/- രൂപയുമാണ് അനുവദിക്കുന്നത്.

3) പഠനം തുടരുന്ന വിദ്യാർത്ഥികൾ എല്ലാ അക്കാഡമിക് വർഷത്തിലും പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4.പ്രതിമാസം അനുവദിക്കപ്പെടുന്ന തുക വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നതാണ്.

### ഹോസ്റ്റൽ പദ്ധതി

1.സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/സെൽഫ് ഫിനാൻസസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2.അപേക്ഷകൾ വിശദമായി പരിശോധിച്ച ശേഷം പരിഗണനാർഹരായവർക്ക് കോഴ്സിന്റെ കാലയളവിൽ പ്രതിമാസം 4000/- രൂപ ക്രമത്തിൽ തുക അനുവദിക്കുന്നതാണ്.

3.പഠനം തുടരുന്ന വിദ്യാർത്ഥികൾ എല്ലാ അക്കാഡമിക് വർഷത്തിലും പുതുതായി അപേക്ഷ

സമർപ്പിക്കേണ്ടതാണ്.
4.പ്രതിമാസം അനുവദിക്കപ്പെടുന്ന തുക ഹോസ്റ്റൽ അധികാരിയുടെ/വീട്ടുടമസ്ഥന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നതാണ്.

**3.സഫലം പദ്ധതി**

1) അപേക്ഷകൻ ട്രാൻസ്ജെൻഡർ വ്യക്തിയാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്/ട്രാൻസ്ജെൻഡർ ഐ.ഡി കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കണം.
2)മേൽവിലാസം തെളിയിക്കുന്ന രേഖ (ആധാർ) ഹാജരാക്കണം.
3) മുൻ സെമസ്റ്ററിൽ പരീക്ഷ എഴുതിയതിന്റെ ഹാൾടിക്കറ്റ് ഹാജരാക്കണം.
4) സർക്കാർ കോളേജുകളിലെയും എയിഡഡ്/സെൽഫ് ഫിനാൻസ് കോളേജുകളിൽ സർക്കാർ മെറിറ്റിൽ ഡിഗ്രി/ഡിപ്ലോമ അഡ്മിഷൻ ലഭിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കും ഓപ്പൺ യൂണിവേഴ്സിറ്റി, ഡിസ്റ്റൻസ് എഡ്യുക്കേഷൻ അല്ലെങ്കിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവയിൽ ഡിഗ്രി/ പി.ജി ചെയ്യുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.
5.സർക്കാർ കോളേജുകളിലെയും എയ്ഡഡ്/സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ സർക്കാർ മെറിറ്റിൽ പ്രവേശനം നേടുന്ന ട്രാൻസ്ജെൻഡർ വിദ്യാർഥികളെയും വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ കൂടി സംസ്ഥാനത്ത് ഡിഗ്രി/ പി ജി തുടങ്ങിയ ഉന്നത കോഴ്സുകളിൽ പഠനം നടത്തുന്നതുമായ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികളെയും പരിഗണിക്കാവുന്നതാണ്.
6)ഡിപ്ലോമ തലത്തിൽ സർക്കാർ അംഗീകൃത കോഴ്സുകൾ മാത്രം പരിഗണിക്കുന്നതാണ്.

**.വിവാഹധനസഹായം നൽകുന്ന പദ്ധതി**

1) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നിർബന്ധമായും ട്രാൻസ്ജെൻഡർ തിരിച്ചറിയൽ കാർഡ് ഉണ്ടായിരിക്കണം.
2) വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം.
3) അപേക്ഷകരിൽ ഒരാൾ മാത്രം ട്രാൻസ്ജെൻഡർ വ്യക്തിയാണെങ്കിലും ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
4) വിവാഹധനസഹായം ഒരിക്കൽ ലഭിച്ച കഴിഞ്ഞാൽ ഏതെങ്കിലും കാരണവശാൽ നിലവിലുള്ള വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം കഴിക്കുകയാണെങ്കിൽ വിവാഹധനസഹായത്തിന് അർഹതയുണ്ടായിരിക്കില്ല.

**5.ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം**

1) അപേക്ഷകന് ട്രാൻസ്ജെൻഡർ ID card, മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖ (ആധാർ) എന്നിവ ഉണ്ടായിരിക്കണം.

2) ലിംഗമാറ്റ ശസ്ത്രക്രിയകൾക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഏതെങ്കിലും ആശുപത്രിയിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ ശേഷം വ്യക്തമായ ചികിത്സാ റിപ്പോർട്ട്, ബില്ലുകൾ, ഡോക്ടറുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.
3) ലിംഗമാറ്റത്തിനായുള്ള ആദ്യഘട്ട ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും എല്ലാ ഘട്ടങ്ങളും പൂർത്തികരിച്ചവർക്കും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
4) പ്രായ പരിധി 18 വയസ്സ് പൂർത്തിയായിരിക്കണം.

**6.ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി**

1)അപേക്ഷിക്കുന്ന വ്യക്തികൾക്ക് ട്രാൻസ്ജെൻഡർ ID കാർഡ്.
2)മേൽവിലാസം തെളിയിക്ക ന്നതിനുള്ള രേഖ (Aadhar, Voters ID) ഉണ്ടായിരിക്കണം.
3)ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ റിപ്പോർട്ടും, ബന്ധപ്പെട്ട ഡോക്ടറുടെ സാക്ഷ്യ പത്രവും.

•പ്രായപരിധി 18 നം 40 നം മദ്ധ്യേ.

<u>വർണ്ണം പദ്ധതി</u>

1.അപേക്ഷകൻ ട്രാൻസ്ജെൻഡർ വ്യക്തിയാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് /ട്രാൻസ്ജെൻഡർ ഐ.ഡി കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കണം.
2.മേൽവിലാസം തെളിയിക്കുന്ന രേഖ ഹാജരാക്കണം (ആധാർ/ വോട്ടേഴ്സ് ഐ.ഡി)
3.മുൻ സെമസ്റ്ററിൽ പരീക്ഷ എഴുതിയതിന്റെ ഹാൾടിക്കറ്റ് ഹാജരാക്കണം.
4.ഓപ്പൺ യൂണിവേഴ്സിറ്റി,ഡിസ്റ്റൻസ് എഡ്യുക്കേഷൻ അല്ലെങ്കിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവയിൽ ഡിഗ്രീ/ പി.ജി ചെയ്യുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
5. രജിസ്ട്രേഷൻ ഫീസ്,ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, പഠന സാമഗ്രികൾ എന്നിവയ്ക്കായി ചെലവാക്കിയ ബില്ലുകൾ/ വൗച്ചറുകൾ എന്നിവ അതാത് ജില്ലാ സാമൂഹ്യനീതി ഓഫിസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

<u>കരുതൽ പദ്ധതി</u>

- 1 ട്രാൻസ്ജെൻഡർ സർട്ടിഫിക്കറ്റ് / ട്രാൻസ്ജെൻഡർ ഠ ₤ കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം...
  2. 25,000 /- രൂപവരെയുള്ള ധനസഹായ അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് ഉപദേശക സമിതിയുടെ അനുമതി ലഭ്യമാക്കാതെ തന്നെ ചെലവാക്കാവുന്നതും അടുത്ത കമ്മിറ്റിയിൽ അവതരിപ്പിച്ച സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്. 25000/- രൂപയ്ക്ക് മുകളിലുള്ള അപേക്ഷകൾ സമിതിയുടെ തീരുമാനത്തിന് വിധേയമായും അനുവദിക്കാവുന്നതാണ്.
  3. ഒരു ഗുണഭോക്താവിന് ഒരു സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രം ധനസഹായം അനുവദിക്കേണ്ടതുള്ളൂ.
- <u>**സമന്വയ തുടർ വിദ്യഭ്യാസ പദ്ധതി**</u>

- അദൃശ്യവൽക്കരിക്കപ്പെട്ടവരെ ദൃശ്യരാക്കി മാറ്റുവാൻ തുടർവിദ്യാഭ്യാസത്തിലൂടെ അവസരമൊരുക്കുന്ന പ്രസ്തുത പദ്ധതി, **'സമന്വയ'** എന്നപേരിൽ സാക്ഷരത മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു.

- അടിസ്ഥാന സാക്ഷരത, നാലാം തരം, എഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത്.

- പഠിതാക്കൾക്ക് വിദ്യാഭ്യാസ സഹായവും താമസസൗകര്യവും ഇതോടൊപ്പം നടപ്പിലാക്കി വരുന്നു.

- വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെട്ട ജീവിതസാഹചര്യം സൃഷ്ട്ടിക്കാനും, അതിലൂടെ അവരെ പ്രാപ്തരാക്കാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയും.

**സാകല്യം പദ്ധതി**

1.ഓരോ ജില്ലകളിൽ നിന്നും 10 ട്രാൻസ് ജെൻഡർ വ്യക്തികളെ വീതം തിരഞ്ഞെടുക്കാവുന്നതാണ്.
2. ഓരോ വ്യക്തിയുടെയും അഭിരുചിക്കനുസരിച്ചുള്ള കോഴ്സ് തിരഞ്ഞെടുക്കാവുന്നതാണ്.
3. കോഴ്സ് നൽകുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുക.
4.വൊക്കേഷണൽ ട്രെയിനിംഗ് നൽകിവരുന്ന സർക്കാർ ഏജൻസികൾ മുഖേന പദ്ധതി നടപ്പിലാക്കാവുന്നതാണ്.
5.കോഴ്സുകൾ ലഭ്യമാകുന്ന സർക്കാർ രജിസ്ട്രേഷൻ ഉള്ള സ്വകാര്യ സ്ഥാപനങ്ങളിലും പഠനംനടത്താവുന്നതാണ്.
6.കോഴ്സുകളിൽ ചേരുന്നതിനു വിദ്യാഭ്യാസ യോഗ്യത നിർബന്ധമല്ല.

**വനിതാ വികസന കോർപ്പറേഷൻ വഴി സ്വയംതൊഴിലിനുള്ള വായ്പ പദ്ധതി**

- അപേക്ഷകന് ട്രാൻസ്ജെൻഡർ ഐ ഡി കാർഡ് ഉണ്ടായിരിക്കണം.
- അപേക്ഷകർ 18 മുതൽ 55 വയസ്സ് മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.
- വ്യക്തികൾ/ഗ്രൂപ്പുകൾക്ക് വായ്പ അനുവദിക്കുന്നതാണ്.
- തൊഴിൽ പരിചയമുള്ളവർക്കും പരിശീലനം ലഭിച്ചവർക്കും വായ്പ അനുവദിക്കുന്നതിന് മുൻഗണന നൽകുന്നതാണ്.
- നിലവിൽ ജോലിയോ, മറ്റു വരുമാന മാർഗ്ഗങ്ങളോ ഉള്ളവർക്ക് വായ്പയ്ക്ക് അർഹതയില്ല.
- വായ്പയ്ക്ക് 6 മാസത്തെ മോറട്ടോറിയം അനുവദിച്ചിരുന്നു.
- ·സം രം ഭത്തിനാ യി ആവശ്യ മു ള്ള തു കയു ടെ അഞ്ച്ശതമാ നം അപേ ക്ഷകർ വഹി ക്കേ ണ്ടതും 95 ശതമാ നം വകു പ്പി ൽ നി ന്നും വാ യ്പയാ യി അനു വദിക്കു ന്നതും ആണ്.

## III വയോജനക്ഷേമം

**സായംപ്രഭാ ഹോം പദ്ധതി .**

(a) സായംപ്രഭ പദ്ധതി നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ താമസിക്കുന്ന 60 വയസ്സ് മുതിർന്ന പൌരന്മാർ പദ്ധതി ഗുണഭോക്താക്കൾ ആണ്

**വയോഅമൃതം പദ്ധതി**

പദ്ധതി മാനദണ്ഡം

കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വൃദ്ധ/അഗതി മന്ദിരങ്ങളിലെ എല്ലാ താമസക്കാരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

**വയോമധുരം പദ്ധതി**

പദ്ധതി മാനദണ്ഡങ്ങൾ

1. അപേക്ഷകൻ/അപേക്ഷക പ്രമേഹ രോഗിയാണെന്ന് അംഗീകൃത ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

2. അപേക്ഷകൻ/അപേക്ഷക മുൻ വർഷങ്ങളിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കരുത്

3. അപേക്ഷകൻ/അപേക്ഷക 60 വയസ്സോ അതിന് മുകളിലോ പ്രായമുള്ളവരായിരിക്കണം

4. അപേക്ഷകൻ/അപേക്ഷക ബി.പി.എൽ വരുമാന പരിധിയിൽ ഉൾപ്പെട്ട ആളാകണം .

## വയോരക്ഷ പദ്ധതി

പദ്ധതി മാനദണ്ഡങ്ങൾ

1. BPL കുടുംബങ്ങളിലെ മുതിർന്ന പൗരൻമാർക്ക് പ്രസ്തുത സേവനം ലഭ്യമാക്കാവുന്നതാണ്.

2. അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, കോവിഡുമായി ബന്ധപ്പെട്ടുള്ള ചികിത്സ, ആംബുലൻസ് സേവനം, പുനരധിവാസം, കെയർഗിവർമാരുടെ സേവനം, അത്യാവശ്യ ഘട്ടങ്ങളിൽ വയോജനങ്ങൾക്ക് ഉപയോഗപ്രദമായ സഹായ ഉപകരണങ്ങൾ വാങ്ങുക എന്നിവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്.

3. ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന മുതിർന്ന പൗരൻമാരെയോ അലഞ്ഞു തിരിഞ്ഞു കാണപ്പെടുന്ന മുതിർന്ന പൗരൻമാരെയോ സുരക്ഷിതമായ പുനരധിവാസ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും, ആയതിനു മുൻപായുള്ള മെഡിക്കല് പരിശോധന, ഭക്ഷണം എന്നിവയ്ക്കും തുക വിനിയോഗിക്കാവുന്നതാണ്.

4. എൽഡർ ലൈൻ പദ്ധതി വഴിയും മറ്റും കണ്ടെത്തുന്ന ഇത്തരം വയോജനങ്ങളെ പുനരധിവസിപ്പിക്കുന്നത് സർക്കാർ ഗ്രാന്റ് നൽകാത്ത വൃദ്ധസദനങ്ങളിലാണെങ്കിൽ, പ്രസ്തുത സന്നദ്ധ സംഘടനകൾക്ക് ഇവരുടെ സംരക്ഷണ ചെലവിനായി പ്രതിമാസം 1500 /- രൂപ വീതം ഫീൽഡ് റെസ്പോൺസ് ഓഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി മാറി നൽകാവുന്നതാണ്. ഇപ്രകാരം പുനരധിവസിപ്പിക്കപ്പെടുന്ന വയോജനങ്ങളുടെ ചികിത്സാ ചെലവുകളും ടി പദ്ധതിയിൽ നിന്നും വഹിക്കാവുന്നതാണ്. ഇത്തരത്തില് തുക അനുവദിക്കുന്നതിന് മുൻപായി ടിയാളുടെ വ്യക്തിവിവരങ്ങൾ, കുടുംബ പശ്ചാത്തലം എന്നിവ സംബന്ധിച്ച് വിശദമായി

അന്വേഷണം നടത്തി ടി വിവരങ്ങൾ മോണിറ്ററിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്തി, കമ്മിറ്റി തീരുമാനത്തിന് വിധേയമായി സംരക്ഷണ ചെലവ് സ്ഥാപനത്തിന് അനുവദിച്ച് നൽകേണ്ടതാണ്. ഇത്തരം കേസുകളി ൽ MWPSC ആക്ട് 2007 ന്റെ വ്യവസ്ഥകൾ പ്രകാരം മുതിർന്ന പൗരന്റെ സംരക്ഷണ ചുമതലയുള്ള ബന്ധുക്കൾ ഉള്ളതായി കണ്ടെത്തിയാൽ ടി വ്യക്തികൾക്ക് വയോരക്ഷ പദ്ധതിയിൽ നിന്നും സംരക്ഷണ ചെലവ് അനുവദിക്കുവാൻ പാടില്ല. MWPSC ആക്ട് 2007 പ്രകാരം മെയിന്റനൻസ് തുക ലഭ്യമാക്കിയാ ൽ മതിയാകും.

5. പ്രകൃതി ദുരന്തത്തിനിരയാകുന്ന മുതിർന്ന പൗരൻമാർക്ക് അടിയന്തിര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

6. മുതിർന്ന പൗരൻമാർക്കെതിരെയുള്ള അക്രമണങ്ങൾ, മറ്റ് ഗുരുതരമായ അപകടം, പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

7. **ആംബുലൻസ് സർവ്വീസ് ഏജൻസികളുമായി ബന്ധപ്പെട്ട് അടിയന്തിര ഘട്ടത്തിൽ ആംബുലൻസ് സർവ്വീസ് ലഭ്യമാക്കുന്നതിനും** തുക വിനിയോഗിക്കാവുന്നതാണ്.

8. മുതിർന്ന പൗരൻമാരുടെ ജീവനോ സ്വത്തിനോ അപകടമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര പരിരക്ഷ നൽകുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

9. വളരെ അത്യാവശ്യ ഘട്ടങ്ങളിൽ മേൽ വ്യവസ്ഥകൾ കൂടാതെ അനാഥരായ മുതിർന്ന പൗരൻമാരുടെ അടിയന്തിരാവശ്യങ്ങൾക്ക് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായോ, മോണിറ്ററിംഗ് കമ്മിറ്റിയെ ബോധ്യപ്പെടുത്താനാകുന്ന രീതിയിലോ തുക വിനിയോഗിക്കാവുന്നതാണ്.

10. പ്രാഥമിക ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികളേയും സമീപിക്കാവുന്നതാണ്. എന്നാൽ വിദഗ്ദ്ധ ചികിത്സ ശുപാർശ ചെയ്യുന്ന പക്ഷം ആയത് സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. പരിചാരകർ ആരുമില്ലാത്ത പക്ഷം ഒരു കെയർഗിവറെ നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.

11. ഐ.പി ചികിത്സ ലഭ്യമാക്കേണ്ട സാഹചര്യങ്ങളിൽ (അടിയന്തിര ചികിത്സ, ശസ്ത്രക്രിയ തുടങ്ങിയവ) കിടത്തി ചികിത്സ ആവശ്യമാണെന്ന് ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന ദിവസങ്ങൾക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ വാടകയിൽ നിജപ്പെടുത്തി റൂം വാടക അനുവദിയ്ക്കാവുന്നതാണ്.

12. അടിയന്തിര ഘട്ടങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം തുക വിനിയോഗിക്കുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് 10,000/- രൂപ വീതം മുൻകൂറായി അനുവദിച്ച് നൽകാവുന്നതാണ്.

## ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി

പദ്ധതി മാനദണ്ഡം

ആശുപത്രി അധികൃതർ, പോലീസ് അധികാരികൾ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ എന്നിവർ മുഖാന്തിരം തെരുവുകളിൽ നിന്നും കണ്ടെത്തി സ്ഥാപനങ്ങളിൽ പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് മാത്രമാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗ്രാന്റിന് അർഹതയുള്ളത്.

## സെക്കന്റ് ഇന്നിങ്ങ്സ് ഹോം

പദ്ധതി മാനദണ്ഡം

സാമൂഹ്യനീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള കണ്ണൂർ, കൊല്ലം, മലപ്പുറം എന്നീ വൃദ്ധമന്ദിരങ്ങളിലെ എല്ലാ താമസക്കാരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## ഡിമെൻഷ്യ കെയർ

എറണാകുളം എടവനക്കാട് വൃദ്ധ സദനത്തിലെ ഡിമെൻഷ്യ ബാധിതരായ താമസക്കാർ, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം പകൽ പരിപാലന കേന്ദ്രത്തിലെ ഡിമെൻഷ്യ രോഗികൾ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ .

## IV.പ്രൊബേഷൻ ആന്റ് ആഫ്റ്റർകെയർ സംവിധാനം

**തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം.**

1.അപേക്ഷകർ ബി.പി.എൽ പരിധിയിൽപ്പെട്ടവരായിരിക്കണം

2.കുട്ടിക്ക് അർഹതപ്പെട്ട തുക അപേക്ഷകയും കുട്ടിയുമായുള്ള സംയുക്ത അക്കൗണ്ടിലേക്ക് മാറി നൽകാവുന്നതാണ്.

3.പഠിക്കുന്ന ക്ലാസ്സുമായി ബന്ധപ്പെട്ട സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കുക.

4.തടവ് ശിക്ഷ അനുഭവിക്കുന്നതുമായി ബന്ധപ്പെട്ട് ജയിൽ സൂപ്രണ്ടിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

**2.അതിക്രമത്തിന് ഇരയാകുന്നവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം.**

1. കുടുംബത്തിൻറെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം.

2. കുട്ടികളുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അപേക്ഷയോടൊപ്പം താമസിക്കുന്ന സ്ഥലത്തെ വാർഡ് കൗൺസിലർ/മെമ്പർ അല്ലെങ്കിൽ പഞ്ചായത്ത്/നഗരസഭാ അധ്യക്ഷ/അധ്യക്ഷൻ അല്ലെങ്കിൽ സ്ഥലത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവരിൽ ആരെങ്കിലും സർട്ടിഫിക്കറ്റ് നൽകണം.

3. താഴെ പറയുന്ന ധനസഹായ പദ്ധതിയിൽ നിന്നും തുക കൈപ്പറ്റിക്കൊണ്ടിരിക്കുന്ന കുട്ടികൾക്ക് വീണ്ടും തുക അനുവദിക്കില്ല.

a. സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം പദ്ധതി.

b. സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ വിജ്ഞാനദീപ്തി അഥവാ സ്പോൺസർഷിപ്പ് പദ്ധതി.
c. വനിതകൾ ഗൃഹനാഥരായവരുടെ മക്കൾക്ക് വനിതാ ശിശുവികസന വകുപ്പ് നൽകുന്ന ധനസഹായം
d. തടവുകാരുടെ മക്കൾക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന വിദ്യാഭ്യാസ ധനസഹായം.

4. ഡിഗ്രീ തലം മുതൽ വരുന്ന കോഴ്സുകളിൽ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.
5. കുറ്റകൃത്യം നടന്ന് 5 വർഷത്തിനുള്ളിൽ ജില്ലാ പ്രൊബേഷൻ ഓഫീസിൽ അപേക്ഷിച്ചിരിക്കണം.
6.കുട്ടിയുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അക്കൗണ്ടിലായിരിക്കും തുക കൈമാറുക.
7.റോഡപകടങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് ഈ പദ്ധതിയിൽ നിന്നും തുക അനുവദിക്കില്ല.
8.മെറിറ്റ് സീറ്റ്,നിർദ്ധിഷ്ട പദ്ധതികളിൽ നിന്നും ധനസഹായം കൈപറ്റുന്നില്ല എന്നിവ തെളിയിക്കുന്നതിനായി സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കുക.

**<u>തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള ധനസഹായം.</u>**

1.ജീവപര്യന്തമോ വധശിക്ഷയ്ക്കോ ശിക്ഷിക്കപ്പെട്ട തടവുകാരുടെ കുട്ടികൾ ആയിരിക്കണം. (ഏറ്റവും കുറഞ്ഞത് 2 വർഷമായി ജയിലിൽ കഴിയുന്ന കുറ്റവാളികളുടെ മക്കൾ ആയിരിക്കണം).
2.അപേക്ഷകർ ബി.പി.എൽ പരിധിയിൽ പെട്ടവരായിരിക്കണം.
3.നിർബന്ധമായും സർക്കാർ മെറിറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ആയിരിക്കണം.
4.ഹയർസെക്കൻഡറി തലത്തിൽ 70% മോ അതിലധികമോ മാർക്ക് ലഭിച്ചിരിക്കണം. (കൂടുതൽ അപേക്ഷകർ ഉണ്ടാകുന്ന പക്ഷം മാർക്കിന്റെ ശതമാനം മാനദണ്ഡമാക്കി മുൻഗണന നൽകുന്നതാണ്).
5.ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിലും അനുകൂല്യം നൽകുന്നതാണ്.
6.തടവുകാരന്റെ/തടവുകാരിയുടെ പേരുകൾ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ തടവ് അനുഭവിക്കുന്ന വ്യക്തിയുടെ മകൻ/മകൾ ആണ് കുട്ടി എന്ന് തെളിയിക്കുന്നതിന് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ വ്യക്തമായ ശുപാർശ ഉണ്ടായിരിക്കണം.
7.മാതാപിതാക്കൾ രണ്ടു പേരും ജയിലിലാകുന്ന പക്ഷം കുട്ടിയെ സംരക്ഷിക്കുന്ന ബന്ധു APL ആണെങ്കിൽ പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പരിഗണിക്കുന്നതാണ്

**<u>മുൻതടവുകാർ,പ്രൊബേഷണർമാർ എന്നിവർക്കുള്ള സ്വയംതൊഴിൽ ധനസഹായം.</u>**

1.അപേക്ഷകർ ബി.പി.എൽ പരിധിയിൽപ്പെട്ടവരായിരിക്കണം.
2.തടവ് ശിക്ഷ അനുഭവിച്ചതുമായി ബന്ധപ്പെട്ട് മുൻ തടവുകാർ, ജയിൽ സൂപ്രണ്ടിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
3.പ്രോബെഷനുമായി ബന്ധപ്പെട്ട് പ്രൊബേഷണർമാർ, പ്രൊബേഷൻ ഓഫീസ്സറുടെ റിപ്പോർട്ട്ഹാജരാക്കേണ്ടതാണ്.
4.ആധാർകാർഡ്, ബാങ്ക് പാസ് ബുക്ക്, റേഷൻകാർഡ് എന്നിവയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

**<u>.തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതി</u>**

1.അപേക്ഷകർ ബി.പി.എൽ പരിധിയിൽപ്പെട്ടവരായിരിക്കണം.

2. 5 വർഷമോ അതിൽ കൂടുതലോ കാലം തടവ് ശിക്ഷ വിധിക്കപ്പെട്ട വ്യക്തിയുടെ ആശ്രിതർക്കാണ് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നത്. ഒരു കുടുംബത്തിൽ ഒരാളെ മാത്രമേ ധനസഹായത്തിനു പരിഗണിക്കുകയുള്ളൂ.

3.തടവുകാരുടെ ആശ്രിതരെന്ന നിലയിൽ ഭാര്യ/ഭർത്താവ്, തൊഴിൽ രഹിതരും, അവിവാഹിതരുമായ മകൻ/മകൾ എന്നിവരുടെ അപേക്ഷകൾക്ക് പ്രഥമ പരിഗണന നൽകണം. അവരുടെ അഭാവത്തിൽ/ഇവർ അപേക്ഷിക്കാത്ത സാഹചര്യത്തിൽ വിധവയോ/ഭർത്താവ് ഉപേക്ഷിച്ചതോ/വിവാഹ മോചിതയോ ആയ മകൾ, 55 വയസിൽ താഴെ പ്രായമുള്ള മാതാവ്/പിതാവ് എന്നിവർക്കും അപേക്ഷിക്കാൻ അർഹത ഉണ്ടാകും.

4.അപേക്ഷയോടൊപ്പം അപേക്ഷകൻ/അപേക്ഷക താമസിക്കുന്ന സ്ഥലത്തെ വാർഡ് മെമ്പർ/കൌൺസിലറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

5. 5 വർഷമോ അതിൽ കൂടുതലോ ജയിൽ ശിക്ഷ വിധിക്കപെട്ടത് സംബന്ധിച്ച് ജയിൽ സൂപ്രണ്ടിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

6.കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരെ ധനസഹായത്തിന് പരിഗണിക്കുന്നതല്ല.

**<u>ജീവനം- സ്വയം തൊഴിൽ പുനരധിവാസ പദ്ധതി</u>**

1.അപേക്ഷകൻ കുറ്റകൃത്യത്തിന് ഇരയായി ഗുരുതര പരുക്ക് പറ്റിയ വ്യക്തിയോ അല്ലെങ്കിൽ കുറ്റകൃത്യത്തിന് ഇരയായി മരണപെട്ടയാളുടെ (ഭാര്യ / ഭർത്താവ് / അവിവാഹിതരായ മകൻ/മകൾആയിരിക്കണം).
2.വാർഷിക വരുമാനം 1 ലക്ഷത്തിൽ താഴെ എന്ന് തെളിയിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം.
3.വാർഡ് മെമ്പർ/കൗൺസിലറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
4.കുറ്റകൃത്യം നടന്ന് 5 വർഷത്തിനകം അപേക്ഷിച്ചിരിക്കണം.
5.ജയിൽ അഡ്വൈസറി കമ്മിറ്റിയുടെ ശുപാർശയിന്മേൽ ധനസഹായം അനുവദിക്കാവുന്നതാണ്.
6.അപേക്ഷകന്റെ അക്കൗണ്ടിലായിരിക്കും ധനസഹായം കൈമാറുക.

7.ധനസഹായത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവ് 200 രൂപ മുദ്ര പത്രത്തിൽ സാമൂഹ്യനീതി വകുപ്പുമായി മേൽസൂചിപ്പിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി കരാറിൽ ഏർപ്പെടേണ്ടതാണ്.

**<u>7.തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം</u>**

1.അപേക്ഷകർ ബി.പി.എൽ പരിധിയിൽപ്പെട്ടവരായിരിക്കണം.
2.വിവാഹം നടന്ന പെൺകുട്ടിയുടെ പിതാവ്/മാതാവ് രണ്ട് വർഷമോ അതിലധികമോ ജയിലിൽ തടവുശിക്ഷ അനുഭവിച്ചുവരുന്ന ആളായിരിക്കണം.

3.തടവുശിക്ഷ അനുഭവിക്കുന്ന വ്യക്തിയുടെയും പെൺകുട്ടിയുടെയും പേരുകൾ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ പെൺകുട്ടി തടവുശിക്ഷ അനുഭവിക്കുന്ന വ്യക്തിയുടെ മകൾ ആണെന്ന് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം.

4.വിവാഹം കഴിഞ്ഞ് 6 മാസത്തിനുശേഷമോ ഒരു വർഷത്തിനകമോ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.

5.ഒരു കുടുംബത്തിൽ നിന്നും പരമാവധി രണ്ട് പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതാണ്. അപേക്ഷയോടൊപ്പം വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിരിക്കണം

6.അപേക്ഷയോടൊപ്പം നിലവിൽ ദമ്പതികൾ ഒന്നിച്ച് താമസിച്ചുവരുന്നതായി ബന്ധപ്പെട്ട ജനപ്രതിനിധിയുടെ (വാർഡ് മെമ്പർ/കൗൺസിലർ) സാക്ഷ്യപത്രം ഹാജരാക്കണം.

7.വിവാഹ ധനസഹായം ഒരിക്കൽ അനുവദിച്ച് കഴിഞ്ഞാൽ ഏതെങ്കിലും കാരണവശാൽ നിലവിലുള്ള വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം കഴിക്കുകയാണെങ്കിൽ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

8.ധനസഹായം ആർക്ക് നൽകണം എന്നുള്ളത് (മാതാവ്/പിതാവ്/മകൾ) ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാരുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തീരുമാനിക്കുന്നതാണ്.

## തണലിടം പ്രൊബേഷൻ ഹോം

### പ്രവേശനവും പുനരധിവാസവും

(1) കുടുംബമോ ബന്ധു മിത്രാദികളോ ഏറ്റെടുക്കാൻ തയ്യാറാകാത്ത പ്രൊബേഷണർമാർ, മുൻതടവുകാർ, കേസിൽ പെട്ട് താമസിക്കാൻ ഇടമില്ലാതെ വിചാരണ നേരിടുന്നവർ, ജയിലിൽ നിന്നും വിവിധ അവധികൾക്കായി വിടുന്നവർ തുടങ്ങിയവരെയാണ് 'തണലിടം' പ്രൊബേഷൻ ഹോമിൽ പ്രവേശിപ്പിക്കേണ്ടത്.

(2)കിടപ്പുരോഗികളോ, മാനസിക രോഗികളോ അല്ലാത്തവരും 18-70 വയസിനിടയിലുള്ളവരും ആയിരിക്കണം. ദൈനംദിന കാര്യങ്ങൾ സ്വന്തമായി ചെയ്യാൻ കഴിയുന്നവരായിരിക്കണം.

## മാനസികരോഗം ഭേദമായ തടവുകാർക്കുള്ള പുനരധിവാസ പദ്ധതി

### പദ്ധതിയുടെ നടത്തിപ്പ് രീതി

കോടതി വിടുതൽ ചെയ്യുന്നതിനനുസരിച്ച് മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും വിടുതൽ വാങ്ങി രോഗിയെ ഏറ്റെടുക്കുകയും അതാത് മാനസികരോഗ വിമുക്ത പുനരധിവാസ കേന്ദ്രത്തിൽ എത്തിച്ച് പരിപാലിക്കുകയും ചെയ്യുക. ഇപ്രകാരം ഏറ്റെടുക്കുന്ന സ്ഥാപനത്തിന് ഒരു വ്യക്തിക്ക് ഒരു വർഷത്തേക്ക് 39660/രൂപ നിരക്കിൽ തുക അനുവദിക്കുന്നതാണ്.

# അനുബന്ധം - 2

**I. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ** മുഖേന നടപ്പിലാക്കി വരു പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

**1. ക്യാൻസർ സുരക്ഷാ പദ്ധതി :** 2008 നവംബർ 1 -നാണ് പദ്ധതി ആരംഭിച്ചത്. 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷ. ടി പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.

**മാനദണ്ഡം**

- 18 വയസ്സിന് താഴെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികളായിരിക്കണം.
- സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കായി സമീപിക്കുന്ന കുട്ടികൾക്കായിരിക്കും പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
- സ്വന്തമായി ചികിത്സാ ചെലവ് വഹിക്കുവാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
- കേരളത്തിലെ കുട്ടികളായിരിക്കണം
- .ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന കാലയളവിലാണ് സൗജന്യ ചികിത്സ സഹായം ലഭിക്കുക.
- ഈ പദ്ധതിക്ക് പ്രത്യേക അപേക്ഷാ ഫോറം ഇല്ല.

**2. താലോലം പദ്ധതി :** 2010 ജനുവരി 1-നാണ് പദ്ധതി ആരംഭിച്ചത്. ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.

**മാനദണ്ഡം**

- 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളായിരിക്കണം.
- ശസ്ത്രക്രിയ ആവശ്യമായ വൃക്ക വൈകല്യങ്ങൾ, കാർഡിയോ വാസ്കുലാർ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥി വൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങളുടെ ചികിത്സക്കും ഡയാലിസിസ് നടത്തുന്നതിനും, ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റി വയ്ക്കുന്നതിനും ആവശ്യമായ സൗജന്യ ചികിത്സ ഈ പദ്ധതിയിലൂടെ ലഭ്യമാകും.
- സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികളിൽ ചികിത്സയ്ക്കായി സമീപിക്കുന്ന കുട്ടികൾക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
- സ്വന്തമായി ചികിത്സാ ചെലവ് വഹിക്കുവാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
- ഈ പദ്ധതിക്കും പ്രത്യേക അപേക്ഷാ ഫോറം ഇല്ല.

**3. ആശ്വാസകിരണം പദ്ധതി :** 2010 ലാണ് പദ്ധതി ആരംഭിച്ചത്. ഒരു മുഴുവൻ സമയ പ രിചാരകന്റെ സേവനം ആവശ്യമാവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. തുടക്കത്തിൽ 250/- രൂപയായിരുന്നു നൽകിയിരുന്നത്. നിലവിൽ 600/- രൂപയാണ് പ്രതിമാസം അനുവദിക്കുന്നത്. ആശ്വാസകിരണം ധനസഹായത്തിന് അർഹതയുള്ളവർക്ക് മറ്റ് പെൻഷനുകൾ ലഭിക്കുന്നതിന് തടസ്സമില്ല.

**മാനദണ്ഡം**

- ശയ്യാവലംബരായവർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസികവൈകല്യം, 100 % കാഴ്ചശക്തിയില്ലാത്തവർ പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ മാരകരോഗം കാരണവും പൂർണ്ണ സമയവും ദൈനംദിന കാര്യങ്ങൾക്കായി പ രിചാരകന്റെ സഹായം ആവശ്യമുള്ളവരുടെ പരിചാരകരാണ് ഗുണഭോക്താക്കൾ.
- ബുദ്ധിമാന്ദ്യം ഉള്ളവർ സെറിബ്രൽ പാൾസി, ഓട്ടിസം തുടങ്ങിയ രോഗം ബാധിച്ചവർക്ക് വരുമാന പരിധി ബാധകമല്ല.
- പരിചരണം നൽകുന്നയാൾ സ്ഥിരവരുമാനമുള്ളവരായിരിക്കരുത്.
- വാർഷിക കുടുംബ വരുമാനം ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയിലും താഴെയായിരിക്കണം.
- നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ശിശുവികസന പദ്ധതി ആഫീസർക്ക് നൽകേതാണ്.

**4. സ്നേഹസ്പർശം പദ്ധതി** : 2010-11 സാമ്പത്തിക വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം. 1000/- രൂപ ധനസഹായം അനുവദിച്ചു വന്ന പദ്ധതി ധനസഹായം സർക്കാർ ഉത്തരവ് നം സ.ഉ(സാധാ)417/2018/സാനീവ തീയതി: 06/07/2018 പ്രകാരം 2000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

**മാനദണ്ഡം**

- 60 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം
- ചൂഷണത്തിനു വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരായവർ ആയിരിക്കണം.
- പുനർ വിവാഹിതരായിരിക്കാൻ പാടില്ല.
- സർക്കാരിന്റെ മറ്റൊരാനുകൂല്യം ലഭിക്കാത്തവരായിരിക്കണം
- ജാതി ബാധകമല്ല
- ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ള എല്ലാ അഗതികളായ അവിവാഹിത അമ്മമാർക്കും ആനുകൂല്യം ലഭിക്കുന്നതാണ്
- നിശ്ചിത ഫോറത്തിൽ അപേക്ഷ പൂരിപ്പിച്ച് ജില്ലാ സാമൂഹ്യ നീതി ആഫീസർക്ക് നൽകണം.

**5. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ:**

(എ) എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനുവേണ്ടി നിരവധി പ ദ്ധതികളും പ രിപാടികളും സർക്കാർ നടപ്പാക്കി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സ്നേഹസാന്ത്വനം പദ്ധതി പ്രകാരം 1200/-, 1700/-, 2200/- എന്നീ നിരക്കിൽ പ്രതിമാസ ധനസഹായം നിലവിൽ 5423 പേർക്ക് നൽകി വരുന്നു.

(ബി) സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതരെ പ രിചരിക്കുന്നവർക്ക് 700/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നു.

(സി) എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 2000, 3000, 4000 എന്നീ നിരക്കിലുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായവും നൽകി വരുന്നു.

**മാനദണ്ഡം**

- ആരോഗ്യ വകുപ്പ് നടത്തുന്ന സർവ്വേയിൽ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തി ജില്ലാകളക്ടർ അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് വരുമാന പരിധി കണക്കിലെടുക്കാതെ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു.

**6. <u>വയോമിത്രം പദ്ധതി</u> :**

നഗരസഭകളുമായി ചേർന്നു കൊണ്ട് 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി. 42 നഗര പ്രദേശത്ത് നടപ്പാക്കി വന്നിരുന്ന ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തിലും കൂടി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 95 വയോമിത്രം യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. സൗജന്യ ചികിത്സക്ക് പുറമെ മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസം പ്രദാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു.

**<u>മാനദണ്ഡം</u>**

- നഗരപ്രദേശത്ത് താമസിക്കുന്ന 65 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നു.
- ഈ പദ്ധതി സഹായത്തിന് പ്രത്യേക അപേക്ഷാ ഫോറമില്ല.

**7. <u>ശ്രുതിതരംഗം പദ്ധതി</u> :**

5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സ.ഉ (എം.എസ്)നം.640/17/സാനീവ തീയതി: 28/09/17 ഉത്തരവ് പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിന് മുൻപ് രക്ഷിതാക്കളുടെ സ്വന്തം ചിലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ 25 വയസ്സു വരെയുള്ളവർക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്ത് എക്സ്റ്റൻഡഡ് വാറന്റി നൽകുന്നതിനുള്ള **<u>ധ്വനി പദ്ധതി</u>** ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ.ഉ (ആർ.ടി) നം. 79/2020/സാ.നീ.വ തീയതി 14.02.2020 പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

**<u>മാനദണ്ഡം</u>**

- 0-5 വയസ്സുവരെ പ്രായപരിധിയിലുള്ള കുട്ടികളായിരിക്കണം.
- കുടുംബവാർഷിക വരുമാനം 2 ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
- കേരളത്തിലുള്ള കുട്ടികളായിരിക്കണം.
- കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി ചെയ്താൽ പ്രയോജനമുണ്ടെന്ന് സ്പെഷ്യലൈസ്ഡ് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.
- സ്ഥിരമായി സ്പീച്ച്തെറാപ്പി നടത്തുവാൻ സന്നദ്ധരായ കുടുംബങ്ങളായിരിക്കണം.

- നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം.

**8. സ്നേഹപൂർവ്വം പദ്ധതി :**

മാതാപിതാക്കളിൽ ആരെങ്കിലുംമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പ ിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ ദ്ധതിയാണിത്. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. മതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്.ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉറ്റപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 70000 -ത്തോളം കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനൂകൂല്യം ലഭിക്കുന്നണ്ട്. സ്നേഹപൂർവം പ ദ്ധതിയിലെ കൗമാരക്കാരായ കുട്ടികൾക്ക് ജില്ലാതലത്തിൽ ജീവിതനൈപുണ്യ ശില്പശാലകൾ, 10, 12 ക്ലാസ്സുകളിൽ മികച്ച വിജയം നേടുന്ന കുട്ടികൾക്ക് എക്സലൻസ് അവാർഡ് എന്നിവയും ഈ പദ്ധതിയോടൊപ്പം നടപ്പിലാക്കുന്നുണ്ട്.

**മാനദണ്ഡം**

- മാതാപിതാക്കൾ മരിച്ച കുട്ടികൾ/മാതാപിതാക്കളിൽ ഒരാൾ മരിച്ചു പോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തികമായ ബുദ്ധിമുട്ടുമൂലം കുട്ടിയെ സ്വകുടുംബങ്ങളിൽ നിർത്തി സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ കുട്ടിയെ കുടുംബാംഗങ്ങൾ തന്നെ സ്വഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നതിനാണ് പ്രതിമാസ ധനസഹായം നൽകുന്നത്.
- 5 വയസ്സുവരെയുള്ള കുട്ടികളും, സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ ഡിഗ്രിതലത്തിൽ/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.
- കുട്ടിയെ സംരക്ഷിക്കുന്ന കുടുംബം ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവരോ അവല്ലെങ്കിൽ ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയും നഗരപ്രദേശങ്ങളിൽ 22,375/- രൂപയിലും താഴെ വാർഷികവരുമാനമുള്ളവരായിരിക്കണം.
- വെള്ളക്കടലാസിലുള്ള അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം അപേക്ഷകർ അവരവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന മേധാവികൾ മുഖേന ഓൺലൈൻ ആയി അപേ ക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- ഓൺലൈനായി അപേക്ഷിക്കുന്നതിനാൽ പ്രത്യേകമായി അപേക്ഷ ഫോറമില്ല.

**സമാശ്വാസം പദ്ധതി** :

വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപയും വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപയും ഹീമോഫീലിയ രോഗികൾക്ക് വരുമാന പ രിധിയില്ലാതെ 1000/- രൂപയും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപയും നൽകി വരുന്നു.

**<u>മാനദണ്ഡം</u>**

**<u>സമാശ്വാസം I</u>**

- മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബാംഗമായിരിക്കണം.
- ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാണെന്ന് വൃക്കരോഗവിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- ഡയാലിസിസ് ചെയ്തു കൊണ്ടിരിക്കുന്ന രോഗി വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയനായി ഡയാലിസിസ് അവസാനിപ്പിച്ചാൽ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്കു ശേഷമുള്ള Immuno Suppressive Treatment എടുക്കുന്ന കാലയളവിൽ പരമാവധി രണ്ട് വർഷം ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഡയാലിസിസിന്റെ ഇടവേള ഒരു മാസത്തിൽ കൂടുതലാണെങ്കിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- മറ്റ് സർക്കാർ ധനസഹായം ലഭ്യമാകുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയു ണ്ടായിരിക്കും. ഈ പദ്ധതി പ്രകാരം പ്രതിമാസം 1100/- രൂപയാണ് ധനസഹായം അനുവദിക്കുന്നത്. അപേക്ഷാ ഫോറത്തിന്റെ പകർപ്പ് അനുബന്ധം VII ആയി ചേർത്തിട്ടുണ്ട്.

**<u>സമാശ്വാസം II</u>**

- വൃക്ക/കരൾ എന്നീ അവയവങ്ങളിലേതെങ്കിലും മാറ്റി വയ്ക്കപ്പെട്ട രോഗികൾ ആയിരിക്കണം. ശസ്ത്രക്രിയ കഴിഞ്ഞ തീയതി മുതൽ പരമാവധി 5 വർഷക്കാലത്തേയ്ക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
- വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി തുടർചികിത്സ ആവശ്യമുള്ളവരാണെന്ന് വൃക്ക/കരൾ രോഗവിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളവരായിരിക്കണം.
- മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയു ണ്ടായിരിക്കും.
- ഈ പദ്ധതി പ്രകാരം പ്രതിമാസം 1000/- രൂപയാണ് ധനസഹായം അനുവദിക്കുന്നത്. അപേക്ഷാ ഫോറത്തിന്റെ പകർപ്പ് അനുബന്ധം VIII ആയി ചേർത്തിട്ടുണ്ട്.

**<u>സമാശ്വാസം III</u>**

- ഈ പദ്ധതി സാമൂഹ്യ നീതി വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്നു.
- രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങളുടെ കുറവ് മൂലം ഉണ്ടാകുന്ന ഹീമോഫീലി യ യും അനുബന്ധരോഗാവസ്ഥയും ഉള്ളവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.
- പ്രതിമാസം 1000/- രൂപയാണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുക.
- APL/BPL വ്യത്യാസമില്ലാതെ ഹീമോഫീലിയ ബാധിച്ചിട്ടുള്ള എല്ലാ ആളുകൾക്കും ഈ പ ദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.
- സർക്കാരിന്റെ ക്ഷേമ പെൻഷനുകളോ മറ്റു ധനസഹായങ്ങളോ ലഭിക്കുന്നവർക്കും ഈ പ്രത്യേക പ്രതിമാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും
- ഹീമോഫീലിയ ബാധിച്ചയാളാണെന്ന് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ മെഡിസിൻ/ പ ീഡിയാട്രിക്സ്/ ഹെമറ്റോളജി വിഭാഗത്തിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം. വകുപ്പ് തലവനോ / സ്ഥാപന സൂപ്രണ്ടോ മെഡിക്കൽ സർട്ടിഫിക്കറ്റിൽ counter sign ചെയ്തിരിക്കണം.

- അർഹതയുള്ള ഗുണഭോക്താക്കൾക്ക് അവരുടെ പേരിലോ 15 വയസിനു താഴെയുള്ള കുട്ടികളാണെങ്കിൽ കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിലുള്ള joint account ലേക്ക് കോർബാങ്കിംഗ്/RTGS വഴി പദ്ധതി ആനുകൂല്യം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുന്നതാണ്.
- എല്ലാ വർഷവും ജനുവരി/ജൂൺ മാസങ്ങളിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**<u>സമാശ്വാസം IV</u>**

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത ദാരിദ്ര്യരേഖക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതർ.

- അപേക്ഷകർ അരിവാൾ രോഗം (HBSS) ബാധിച്ചവരോ HBS Combination ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി ക ണ്ടെത്തിയവരായിരിക്കണം. ഇതു സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് പത്തോളജി വിഭാഗത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

- (HBAS) Sickel cell trair cases ന് ചികിത്സ ആവശ്യമില്ല. അതിനാൽ അത്തരം കേസുകളെ ടി പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

- പട്ടികവർഗ്ഗക്കാരല്ലാത്ത അരിവാൾ രോഗം ബാധിച്ചവരെ മാത്രമേ ഈ പദ്ധതിയിൽ പ രിഗണിക്കുകയുള്ളൂ.

- വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെയും വരുമാന സർട്ടിഫിക്കറ്റിന്റെയും രോഗാവസ്ഥ തെളിയിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗം നൽകുന്ന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.

- രോഗി മരണപ്പെട്ടാൽ രോഗിയുടെ ആശ്രിതന് ധനസഹായം ലഭിക്കാൻ അർഹത ഉ ണ്ടായിരിക്കില്ല.

- ധനസഹായം ബാങ്ക് **അക്കൗണ്ട്** വഴി മാത്രമേ നൽകുകയുള്ളൂ.

- അർഹരായ അപേക്ഷകർക്ക് അപേക്ഷ സമർപ്പിച്ച മാസത്തിന് തൊട്ടടുത്ത മാസം മുതൽ ധനസഹായം അനുവദിച്ച് നൽകുന്നതാണ്.

- ധനസഹായം തുടർന്ന് ലഭിക്കുന്നതിന് എല്ലാ വർഷവും ജനുവരി /ജൂൺ മാസങ്ങളിൽ നിശ്ചിതമാതൃകയിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേതാണ്.

**10. <u>വി–കെയർ</u> :**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ, സാമൂഹ്യ, മാനസിക പരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ

അതിന് തീരെ നിവർത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് ക ണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ഇപ്രകാരം സമാഹരിക്കുന്ന തുക സമൂഹത്തിൽ പ ർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങളുടെ ചികിത്സ, സാമ്പത്തിക സഹായം, ജീവനോപാധി കണ്ടെത്തുവാനുള്ള സഹായം, പഠന സഹായം തുടങ്ങിയവയ്ക്കായി വിനിയോഗിക്കുന്നു.

വീ കെയർ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിച്ച് അർഹരായ രോഗികൾക്ക് കിഡ്നി/ലിവർ ട്രാൻസ്പ്ലാന്റേഷൻ, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ, ബ്രെയിൻ സ്റ്റിമുലേഷൻ സർജറി, കാർഡിയാക് സർജറി, ഇടുപ്പ് എല്ല്/മുട്ട് മാറ്റിവയ്ക്കൽ സർജറി, ഹോർമോൺ തെറാപ്പി കൂടാതെ സഹായ ഉപകരണങ്ങൾ എന്നിവ ഈ പദ്ധതി പ്രകാരം നൽകി വരുന്നു.

**<u>മാനദണ്ഡം</u>**

- അപേക്ഷകൻ ബി.പി.എൽ കുടുംബാംഗമായിരിക്കണം.
- വീ കെയർ പദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകളിൻ മേൽ അന്വേഷണം നടത്തുകയും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീ കെയറിന്റെ വിവിധ കമ്മിറ്റികളിൽ പ പരിഗണിക്കുകയും കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.
- വീകെയർ പദ്ധതിയിൽ അപേക്ഷിക്കുന്നതിനായി വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേ ക്ഷയോടൊപ്പം റേഷൻ കാർഡ്, ആധാർ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സ സംബന്ധിച്ച രേഖകൾ എന്നിവയുടെ പകർപ്പ് തപാൽ മുഖേനയോ നേരിട്ടോ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ട താണ്.

## <u>11. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിച്ച പുതിയ പദ്ധതിയാണ് മിഠായി. Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച സമഗ്ര പദ്ധതിയാണ് ‘മിഠായി’. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പ രിശീനലവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെന്ററുകളിൽ ഒരു എം. എസ്. സി. നഴ്സിന്റെയും ഡയറ്റീഷ്യന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1200 കുട്ടികളിൽ 400 പേർക്ക് insulin pen ലഭ്യമാക്കിയിട്ടുണ്ട്.

**<u>മാനദണ്ഡം</u>**

- . ടി പദ്ധതി അപേക്ഷ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. www.mittayi.org എന്ന വെബ്സൈറ്റ് വഴി പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.
- 18 വയസ്സിന് താഴെ പ്രായമുള്ളവരായിരിക്കണം പദ്ധതി ഗുണഭോക്താക്കൾ.
- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 2 ലക്ഷത്തിൽ താഴെ ആയിരിക്കണം.
- അപേക്ഷകൻ/ രക്ഷകർത്താവ് കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.

- Type 1 ഡയബറ്റിസ് രോഗ നിർണ്ണയത്തെ കുറിച്ചും പദ്ധതിയുടെ കീഴിൽ ശുപാർശ ചെയ്യുന്ന ചികിത്സാ രീതിയെ കുറിച്ചും എംപാനൽഡ് ഡോക്ടർ കുട്ടി/ കൗമാരക്കാർക്ക് സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- ചികിത്സ ആരംഭിക്കുന്നതിന് മുൻപ് കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ ടി വിവരം അറിഞ്ഞുള്ള സമ്മതപത്രത്തിൽ ഒപ്പിടാൻ തയ്യാറായിരിക്കണം.
- കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ റസിഡൻഷ്യൽ ഡയബറ്റിക് ക്യാമ്പുകൾ ഉൾപ്പെടെയുള്ള നിർബന്ധിത പരിശീലനത്തിന് തയ്യാറായിരിക്കണം.
- നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. www.mittayi.org എന്ന വെബ്സൈറ്റ് വഴി പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

II. **കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്** മുഖാന്തിരം ഭിന്നശേഷിക്കാർക്കായി അനുയാത്ര എന്ന പേരിൽ ഒരു സമഗ്ര പദ്ധതി നടപ്പാക്കി വരുന്നു. അനുയാത്രയുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **റീജിയണൽഏർളി ഇൻറർവെൻഷൻ സെൻറർ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇൻറർവെൻഷൻ സെൻററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇൻറർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെൻററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു ഡോക്ടറാണ് ഈ കേന്ദ്രത്തിൻറെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. 2017 – 18 മുതൽ 2021 – 22 വരെ 15,887 കുട്ടികൾക്ക് വിവിധങ്ങളായ തെറാപ്പികളും ആവശ്യമായ ഇടപെടലുകളും നടത്തിയിട്ടുണ്ട്.

2. **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ജില്ലാതലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ

കെട്ടിട നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. കെട്ടിട നിർമ്മാണം പൂർത്തിയായ സ്ഥലങ്ങളിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. **മൊബൈൽ ഇൻറർവെൻഷൻ യൂണിറ്റുകൾ**

ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി **25** മൊബൈൽ ഇൻറർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെൻറൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇൻറർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ (എൻ. എച്ച്. എം) സഹകരണത്തോടെയാണ് നിലവിൽ മൊബൈൽ ഇൻറർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു മൊബൈൽ ഇൻറർവെൻഷൻ യൂണിറ്റ് എന്ന നിലയിലാണ് ഇപ്പോൾ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്. 2017 – 18 മുതൽ 2021 – 22 വരെ 2,416 കുട്ടികൾക്ക് ആവശ്യമായ തെറാപ്പി സേവനങ്ങൾ നൽകിയിട്ടുണ്ട്.

4. **കാതോരം**

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കാതോരം എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 62 സർക്കാർ ഡെലിവറി പോയിൻറുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ജനിക്കുന്ന 97% നവജാത ശിശുക്കളേയും നിലവിൽ കേൾവി പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അകുസ്റ്റിക് എമിഷൻ സ്ക്രീനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നെഴ്സിന്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ കേൾവി പരിശോധന അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി നടത്തുന്നു. 2017 – 18 മുതൽ 2021 – 22 വരെ 5,47,861 നവജാത ശിശുക്കളെ സ്ക്രീനിംഗ് നടത്തുകയും 50,456 ശിശുക്കളെ വിദഗ്ധ പരിശോധനക്ക് റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആൻറ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. പ്രതിവർഷം 1000 – 1500 കുട്ടികൾ ബെറയിലൂടെ സ്ഥിരീകരണ പരിശോധനക്ക് വിധേയരാകുന്നു.

കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാൻറ് സർജറി നടത്തുന്നതിനുള്ള സൗകര്യം ശ്രുതിതരംഗം പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാൻറേഷനു ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾ ക്കായി നിപ്മർ തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക സജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിറ്ററി വെർബൽ തെറാപ്പി സെൻ്റർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

5. **ഹെൽപ്പ് ഡെസ്ക്**

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്. 2017 – 18 മുതൽ 2021 – 22 വരെ 1,28,112 ഭിന്നശേഷിക്കാർക്ക് സേവനം നൽകിയിട്ടുണ്ട്.

6. **സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി ഇത്തരക്കാരായ പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിൻറെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടികളും എന്ന നിലയിൽ ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിൽ 3 അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്.

ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഇവർക്കാവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്. 2016 – 2021 കാലയളവിൽ 1317 പ്രീ സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്ക് ഈ അംഗൻവാടികൾ വഴി പരിശീലനം നൽകുകയും 546 കുട്ടികളെ സാധാരണ സ്കൂളിൽ ചേർക്കുകയും ചെയ്തു. 2017 – 18 മുതൽ 2021 – 22 വരെ 1,183 കുട്ടികൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്.

7. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻററുകൾ**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

സഹകരണത്തോടെയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻററുകൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാളൂർ എന്നിവിടങ്ങളിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻററുകൾ ആരംഭിക്കാനാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

8. **ഭിന്നശേഷിക്കാർക്കായുള്ള തിരിച്ചറിയൽ കാർഡ്**

സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (യൂണിക് ഐഡി ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് – യു.ഡി.ഐ.ഡി) നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേന്ദ്ര ഗവൺമെൻറ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അപ്ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. ഭിന്നശേഷിക്കാർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ് വെയർ മുഖാന്തിരം ലഭ്യമാക്കുന്നു. ഇതിനോടകം 2017 – 18 മുതൽ 2021 – 22 വരെ 1,51,557 ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

9. **ഹോർട്ടികൾച്ചർ തെറാപ്പി**

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ഒരു നൂതന പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജ് വഴി നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ ഉദ്യാന പരിപാലന പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുകയും അവരിൽ സ്വയമായി തൊഴിൽ ചെയ്യാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ 14 ഭിന്നശേഷി കുട്ടികളുടെ പരിശീലനം നടന്നു വരുന്നു.

**10. സ്പെക്ട്രം പദ്ധതി**

കേരള സാമൂഹ്യ സുരക്ഷാമിഷൻ 2018 – 19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് സ്പെക്ട്രം. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

10.1 **ഓട്ടിസം സെൻററുകൾ**

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെൻററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെൻറ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെൻററുകളിലൂടെ ലഭ്യമാണ്. 2017 – 18 മുതൽ 2021 – 22 വരെ 6,592 ഓട്ടിസം കുട്ടികൾക്ക് ആവശ്യമായ ഇടപെടലുകളും തെറാപ്പിയും നൽകിയിട്ടുണ്ട്.

### 10.2 **റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റെർ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റെർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. 2021–**22** വർഷത്തിൽ ഈ കേന്ദ്രത്തിന്റെ ഭാഗമായ ചൈൽഡ് ഡവലപ്പ്മെൻറ് ആൻറ് റിസർച്ച് സെന്ററിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2017 – 18 മുതൽ 2021 – 22 വരെ 8,914 ഓട്ടിസം ബാധിതർക്ക് വിവിധ ഇടപെടലുകളും തെറാപ്പിയും നൽകിയിട്ടുണ്ട്.

### 10.3 **രക്ഷിതാക്കൾക്കുള്ള പരിശീലനം**

ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീട്ടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിന് ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരൻറൽ എംപവർമെൻറ് പ്രോഗ്രാം 2019 – 2020 ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. മാതാപിതാക്കൾക്ക് സഹായകമാകുന്ന **സഹയോഗി** എന്ന കൈപുസ്തകവും 2770 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. 2021 – 22 വരെ 2770 മാതാപിതാക്കൾക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്.

## 11. **ശ്രുതി തരംഗം പദ്ധതി**

കോക്ലിയയുടെ തകരാറുകൾ മൂലം ശ്രവണവൈകല്യം സംഭവിച്ചിട്ടുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാൻറ് ചെയ്യുന്നതിലൂടെ ശ്രവണ, സംസാര ശേഷികൾ ലഭ്യമാക്കുന്നതിനായി കോക്ലിയാർ ഇംപ്ലാൻറ് സർജറി ശ്രുതി തരംഗം എന്ന പേരിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്നു. കോക്ലിയാർ ഇംപ്ലാന്റ് ചെയ്യുന്നതിന് മുൻപ് ആവശ്യമായി വരുന്ന പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും കോക്ലിയാർ ഇംപ്ലാൻറ് സർജറിയ്ക്ക് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ എംപാനൽ ചെയ്ത ആശുപത്രികളിലൂടെയാണ് കോക്ലിയാർ ഇംപ്ലാൻറ് സർജറി നടത്തുന്നത്. ഇതുവരെ 1,171 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാൻറ് സർജറി നടത്തിയിട്ടുണ്ട്.

12. **മാനസിക രോഗം ബാധിച്ചവരുടെ പുനരധിവാസപദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഫാമിലി ഷോർട്ട് സ്റ്റേ ഹോം**

തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് കുടുംബാംഗങ്ങളെ കൂടി കൂടെനിർത്തി ചികിത്സയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഇതിനാവശ്യമായ കെട്ടിടനിർമ്മാണം നടന്നു വരുന്നു. കോസ്റ്റ്ഫോർഡിനാണ് കെട്ടിടനിർമ്മാണ ചുമതല.

13. **വെള്ളപ്പൊക്കദുരിത ബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി**

സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഭാഗമായി സഹായ ഉപകരണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, തൃശ്ശൂർ നാഷണൽ ഇനിസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ എന്നീ സ്ഥാപനങ്ങൾ വഴി സഹായ ഉപകരണങ്ങൾ വിതരണം നടത്തിയത്. 2021 – 22 വരെ 516 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്.

14. **പ്രോസ്റ്റെറ്റിക് & ഓർത്തോട്ടിക് സെന്റർ**

കുറഞ്ഞ നിരക്കിൽ ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിൽ പ്രോസ്റ്റെറ്റിക് & ഓർത്തോട്ടിക് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലൂടെ 1250 ഭിന്നശേഷിക്കാർക്ക് ഗുണനിലവാരമുള്ള കൃത്രിമ കൈ, കാൽ എന്നിവ കുറഞ്ഞ ചെലവിൽ ലഭ്യമാക്കി വരുന്നു.

15. **ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടങ്ങിയവ മൂലമുള്ള ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നീ രോഗങ്ങൾ മൂലമുണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി 2021–**22** ൽ നടപ്പിലാക്കുന്നു. 2021 – 22 വരെ ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ് ബാധിച്ചവർക്കായുള്ള സ്റ്റേറ്റ് രജിസ്ട്രി പൂർത്തിയാക്കിയിട്ടുണ്ട്. **80** ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ് രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്കായി തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളെ നോഡൽ സെന്ററായി അനുവദിച്ച് ആവശ്യത്തിനുള്ള മരുന്ന് കെ.എം.സി.എൽ മുഖേന ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

93 മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾ സ്റ്റേറ്റ് രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്കായുള്ള മരുന്നു വിതരണത്തിനായുള്ള നടപടികൾ നടന്നുവരുന്നു.

16. **സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെന്റർ**

സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് 2021-22 ൽ 1,77,16,540/- രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സെന്റർ പ്രവർത്തനം ഭാഗീകമായി ആരംഭിച്ചിട്ടുണ്ട്.

17. **ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകൾ ബാധിച്ചവർക്കായുളള പദ്ധതികൾ**

നാഡീവ്യൂഹ വ്യവസ്ഥയിലെ ഗുരുതരമായ തകരാറുകൾ കാരണം വിവിധ പ്രയാസങ്ങളും, വൈകല്യങ്ങളും ബാധിച്ചവർക്കുള്ള സേവനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി 1,06,67,000/- രൂപയുടെ ഒരു പദ്ധതിക്ക് 2021-2022 ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സീലിംഗ് ലിഫ്റ്റ്, രോഗികളുടെ സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം, ഇതുമായി ബന്ധപ്പെട്ട രോഗനിർണ്ണയ സംവിധാനങ്ങളുടെ ശാക്തീകരണം തുടങ്ങിയവയാണ് ഈ പ്രോജക്ടിലൂടെ നടപ്പിലാക്കുന്നത്.

18. **റീഹാബ് എക്സ്പ്രസ്**

സംസ്ഥാനത്താകമാനം ഭിന്നശേഷിക്കാർക്ക് തെറാപ്പികൾ ഉൾപ്പെടെയുള്ള ഇടപെടലുകൾ ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭിന്നശേഷി മേഖലയിൽ ആവശ്യമായ ഇടപെടലുകൾക്കും, പദ്ധതി രൂപീകരിക്കുന്നതിനും, വ്യക്തിഗത ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള അസ്സസ്മെൻറ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള ഒരു മൊബൈൽ ഡിസെബിലിറ്റി മാനേജ്മെൻറ് യൂണിറ്റാണ് റീഹാബ് എക്സ്പ്രസ്. കേരള സാമൂഹ്യ സുരക്ഷാമിഷനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനും സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കുന്നു.

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും ഒരു വോൾവോ ലോ ഫ്ളോർ ബസ്സ് വാടകയ്ക്ക് എടുത്ത് അതിൽ ഭിന്നശേഷി പരിപാലന സംവിധാനങ്ങൾ ഒരുക്കി ആവശ്യമായ തെറാപ്പി ഉപകരണങ്ങളും വിദഗ്ദരുടെ സേവനങ്ങളും ഉൾപ്പെടെ ലഭ്യമാക്കി കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം റീഹാബ് എക്സ്പ്രസ്സ് സേവനം ലഭ്യമാക്കി വരുന്നു.

അനുയാത്രയിലൂടെ നടപ്പാക്കുന്ന പദ്ധതികളുടെ സേവനം ലഭ്യമാക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും നിഷ്കർഷിച്ചിട്ടില്ല. അനുയാത്രയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള വിവിധ കേന്ദ്രങ്ങൾ വഴിയും പദ്ധതികൾ വഴിയും നൽകുന്ന സേവനങ്ങൾ ബന്ധപ്പെട്ട എല്ലാ ഭിന്നശേഷിക്കാർക്കും സൗജന്യമായി ലഭ്യമാണ്.

## III.കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ:

**1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി. പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ് കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

**നിബന്ധനകൾ**

കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം. 40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം. വാർഷിക വരുമാനം 1,00,000/- രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്) ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്, സൈഡ് വീൽ സ്കൂട്ടർ, എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായോപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

**2. ട്രൈസ്കൂട്ടർ വിതരണം** - നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. 18 വയസ്സിന് മുകളിൽ പ്രായം, 40 ശതമാനവും അതിന് മുകളിലുള്ള ചലന പരിമിതി, ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം, സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും. ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്നശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന.

## 3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ 15,000/– രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക പരമാവധി 15,000/– രൂപ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

## 4. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/– രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/– രൂപ) സബ്സിഡിയായും ലോൺ തുക 20,001/– മുതൽ 50,000/– രൂപ വരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/– മുതൽ 1,00,000/– രൂപ വരെ ലോൺ തുകയുടെ 25% ( മിനിമം 15,000/– രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകൻ ആവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40% അതിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

## 5. സ്വയം സഹായ സംഘങ്ങളുടെ പ പരിപോഷണം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമായി 20,000/– രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം.

## 6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം

ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്ക് ധനസഹായമായി 5000/– രൂപ അനുവദിക്കുന്നു.

**നിബന്ധനകൾ**

18 വയസ്സിന് മുകളിൽ പ്രായം, 40 ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം, ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും, പുതിയ ഏജൻസി സർട്ടിഫിക്കറ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

**7. സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിൽ ധനസഹായം.**

സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

**മാനദണ്ഡങ്ങൾ**

കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം. 40%/അതിന് മുകളിൽ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം) വാർഷിക വരുമാന. 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്) ഗുരുതര ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച ഭിന്നശേഷിക്കാർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന. സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.

**8. എൻ.എച്ച്.എഫ്.ഡി.സി വായ്പ**

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതികൾ നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) എന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന വായ്പകൾ കോർപ്പറേഷൻ നൽകുന്നു.

| തുക | പലിശ |
|---|---|
| 50,000/- രൂപ വരെ | 8% |
| 50,000/- 5,00,000/- രൂപ വരെ | 6% |
| 5,00,000/- 15,00,000/- രൂപ വരെ | 7% |
| 15,00,000/- 30,00,000/- രൂപ വരെ | 8% |
| (50,000 രൂപവരെയുള്ള വായ്പക്ക് കാഴ്ച/കേൾവി /ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് | 1% (പലിശയിളവ്) |

**9. ഭിന്നശേഷിക്കാരായ എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്**

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ഉള്ളവവരുമായ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. ബുദ്ധിപരമായ 1 വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല.

**10. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി**

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ 18 വയസ്സ് വരെ സ്ഥിര നിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഇവയാണ്.

**യോഗ്യത**

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളവർ
2. പ്രതിവർഷ കുടുംബ വരുമാനം 1,00,000/- രൂപ വരെ
3. പ്രായ പരിധി : നവജാത ശിശു മുതൽ 12 വയസ് വരെ

സി) ട്രസ്റ്റി : കോർപ്പറേഷൻ

ഡി) ഫണ്ട് റീലീസ് : 18 വയസിന് ശേഷമോ അത്യാവശ്യ ഘട്ടങ്ങളിലോ സ്റ്റേറ്റ് റിസോഴ്സ് സെന്റർ

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നിലവിൽ ഹെഡ് ആഫീസ്, 2 റീജ്യണൽ ആഫീസ് എന്നിവയാണ് ഉള്ളത്. കേരളത്തിലെ പല ഭാഗങ്ങളിൽ നിന്നും ഭിന്നശേഷിക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി ഈ ആഫീസുകളിൽ എത്തിച്ചേരാൻ ഏറെ പ്രയാസമാണ്. അതിലുപരി 14 ജില്ലകളിലായി നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ/പദ്ധതികൾ ഏകീകരിച്ച് മുന്നോട്ട് പോകുവാൻ കോർപ്പറേഷന്റെ നിലവിലെ സംവിധാനവും അപര്യാപ്തവുമാണ്. ഭിന്നശേഷിക്കാരിലേയ്ക്ക് കോർപ്പറേഷന്റെ സേവനങ്ങൾ എത്തിക്കുന്നതിന് താഴെത്തട്ടിലുള്ള ഫീൽഡ്തല ഇടപെടൽ അനിവാര്യമാണ്. മേൽ സാഹചര്യത്തിൽ 2022-23 plan write up-ൽ ഉൾപ്പെടുത്തിയിട്ടുള്ള State Resouce Centre എന്ന component സംബന്ധിച്ച പദ്ധതി, മാർഗ്ഗ രേഖ തയ്യാറാക്കി സർക്കാർ

അംഗീകാരം ലഭ്യമാക്കി 2022-2023 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണ്. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് സർക്കാരിലേക്ക് അനുമതി നൽകിയിട്ടുണ്ട്.

**പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം**

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടു കൂടി 'സാഫല്യം' എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷന്മാരുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

IV. **നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ** വഴി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:-

**സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (CPRRC):** സെറിബ്രൽ പാൾസി ഓട്ടിസം ബാധിതരായ കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം, തെറാപ്പികൾ എന്നിവയ്ക്കായി ഉൾപ്പെടെയുള്ള പുനരധിവാസ ചികിത്സയുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR –ൽ നടത്തുന്ന പദ്ധതിയാണിത്.

**റീജ്യണൽ ഓട്ടിസം റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (RARRC) :** ഓട്ടിസം ബാധിതരായ കുട്ടികളുടെ പഠനം ഉൾപ്പെടെയുള്ള പുനരധിവാസ ചികിത്സയുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR –ൽ നടത്തുന്ന പദ്ധതിയാണിത്.

**ചൈൽഡ് ഡെവലപ്പ്മെന്റ് ആൻഡ് റിസർച്ച് സെന്റർ (CDRC):** നേരത്തേയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ വളർച്ചാ വിളംബം നേരത്തേ കണ്ടെത്താനും ആവശ്യമായ തെറാപ്പികളിലൂടെ അവരെ സ്വയം പര്യാപ്തരാക്കാനും ഉതകുന്ന തരത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR –ൽ നടത്തുന്ന പദ്ധതിയാണിത്.

**സ്പെഷ്യൽ ട്രെയിനിംഗ് ആൻഡ് എംപവർമെന്റ് പ്രോഗ്രാം ഫോർ പാരേന്റ്സ് (STEPS):** നേരത്തേയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി പ്രധാനമായി ഭിന്നശേഷിക്കാരായ കുട്ടികളെ ശരിയായി പരിപാലിക്കുന്നതിന് രക്ഷിതാക്കളെ പ്രാപ്തരാകുന്ന പദ്ധതിയാണ്.

**എംപവർമെന്റ് ത്രൂ വോക്കേഷണലൈസേഷൻ (Em-Voc) :** ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ്.

**സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (CPRRC):** CPRRC പദ്ധതിയിൽ ഓരോ കുട്ടിയുടേയും വിശദമായ വിലയിരുത്തൽ ഒരു വിദഗ്ദ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, ഡെവലപ്പ്മെന്റൽ തെറാപ്പിസ്റ്റ്, ബിഹേവിയൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ദ്ധ ടീം പരിശോധിച്ച ശേഷം കുട്ടിയുടെ ബുദ്ധിമാനകത്തിന്റെ (IQ) അടിസ്ഥാനത്തിൽ പ്രീ പ്രൈമറി, പ്രൈമറി, സെക്കന്ററി, പ്രീ വൊക്കേഷൻ ക്ലാസുകളിലെയ്ക്ക് അഡ്മിഷൻ നൽകുന്നു.

**റീജ്യണൽ ഓട്ടിസം റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (RARRC) :** RARRC പദ്ധതിയിൽ ഓരോ കുട്ടിയുടേയും വിശദമായ വിലയിരുത്തൽ ഒരു വിദഗ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, ഡെവലപ്പ്മെന്റൽ തെറാപ്പിസ്റ്റ്, ബിഹേവിയൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ധ ടീം പരിശോധിച്ച ശേഷം കുട്ടിയുടെ ബുദ്ധിമാനകത്തിന്റെ (IQ) അടിസ്ഥാനത്തിൽ പ്രീ പ്രൈമറി, പ്രൈമറി, സെക്കന്ററി, പ്രീ വൊക്കേഷൻ ക്ലാസുകളിലെയ്ക്ക് അഡ്മിഷൻ നൽകുന്നു.

**ചൈൽഡ് ഡെവലപ്പ്മെന്റ് ആൻഡ് റിസർച്ച് സെന്റർ (CDRC):** ഒരു വിദഗ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, ഡെവലപ്പ്മെന്റൽ തെറാപ്പിസ്റ്റ്, ബിഹേവിയൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ധ ടീം പരിശോധിച്ച ശേഷം ആവശ്യമായ തെറാപ്പികൾ നൽകുന്ന ചികിത്സാ രീതിയാണിത്. 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കാണ് ഇവിടെ പുനരധിവാസ ചികിത്സകൾ നൽകുന്നത്.

**സ്പെഷ്യൽ ട്രെയിനിംഗ് ആൻഡ് എംപവർമെന്റ് പ്രോഗ്രാം ഫോർ പാരേന്റ്സ് (STEPS):** നേരത്തേയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഒരു വിദഗ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, ഡെവലപ്പ്മെന്റൽ തെറാപ്പിസ്റ്റ്, ബിഹേവിയൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ധ ടീം വളർച്ചാ വിളംബമുള്ള കുട്ടിയെ വിശദമായി പരിശോധിച്ച ശേഷം ആവശ്യമായ തെറാപ്പികൾ ശുപാർശ ചെയ്യുകയും തുടർച്ചയായി (പരമാവധി 6 മാസം) തെറാപ്പികൾ നൽകുകയും ഈ കാലയളവിൽ തന്നെ ഭിന്നശേഷിക്കാരായ കുട്ടികളെ ശരിയായി പരിപാലിക്കുന്നതിന് രക്ഷിതാക്കളെ പ്രാപ്തരാകുകായും ചെയ്യുന്ന പദ്ധതിയാണ്. തുടർന്ന് കൃത്യമായ ഇടവേളകളിൽ ഇവർക്ക് ഫോളോ അപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**എംപവർമെന്റ് ത്രൂ വോക്കേഷണലൈസേഷൻ (Em-Voc) :** 18 വയസ്സിന് മുകളിൽ പ്രായവും NIPMR നടത്തുന്ന അസസ്സ്മെന്റിൽ തൊഴിൽ ചെയ്യാൻ സാധ്യതയുള്ള മേഖല കണ്ടെത്താനും കഴിയണം. ഓരോ കുട്ടിയുടേയും വിശദമായ വിലയിരുത്തൽ ഒരു വിദഗ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, ഡെവലപ്പ്മെന്റൽ തെറാപ്പിസ്റ്റ്, ബിഹേവിയൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, വൊക്കേഷണൽ ഇൻസ്ട്രക്റ്റർ എന്നിവരടങ്ങുന്ന വിദഗ്ധ ടീം പരിശോധിച്ച ശേഷം അനുയോജ്യമായ തെറാപ്പികൾ നിശ്ചയിച്ച് നൽകുകയാണ് ചെയ്യുന്നത്. Em-Voc പദ്ധതിയിൽ പ്രത്യേക തൊഴിൽ മേഖലയിലെ അഭിരുചി, ശാരീരിക, മാനസിക ക്ഷമത എന്നിവ വിലയിരുത്തി അനുയോജ്യമായ ട്രേഡിൽ പരിശീലനം നൽകുന്നു.

**IV. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്** വഴി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:-

തിരുവനന്തപുരത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ട്രാവൻകൂർ – കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്, 1955, 1997 മാർച്ച് 11 – ലെ G.O.(MS) No. 7/97/SWD എന്ന ഗവണ്മെന്റ് ഓർഡർ പ്രകാരം സ്ഥാപിക്കപ്പെട്ട സൊസൈറ്റി ആണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിങ് (നിഷ്). 2007 ഒക്ടോബർ മുതൽ ആക്കുളത്തെ ക്യാമ്പസ്സിൽ പ്രവർത്തിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഭിന്നശേഷിയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നോഡൽ ഏജൻസി ആയി പ്രവർത്തിക്കുന്ന നിഷ് വിവിധ തരം ഭിന്നശേഷികളുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകി വരുന്നു. ഓട്ടിസം, ലേണിംഗ് ഡിസെബിലിറ്റി, സെറിബ്രൽ പാൾസി തുടങ്ങി ആശയവിനിമയത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്നവർക്കു പ്രയോജനപ്പെടുന്ന വിവിധ പദ്ധതികളും സേവനങ്ങളും നിഷ് നടപ്പാക്കി വരുന്നു. സംസാരശേഷി സംബന്ധമായ വിവിധ പ്രശ്നങ്ങൾ , തലകറക്കം (Vertigo) എന്നിവയുമായി ബന്ധപ്പെട്ട ചികിത്സക്കായി കേരളത്തിലെ ആദ്യ 'സെൻറർ ഫോർ റിസർച്ച് ഇൻ കമ്യൂണിക്കേഷൻ സയൻസ്സ്' നിഷ്–ൻറെ ഭാഗമാണ്.

ഭിന്നശേഷി സൗഹൃദ കാംപസ്, കേൾവിക്കുറവ് കണ്ടെത്തുന്നതിനും നിർണയിക്കുന്നതിനും നൂതന സംവിധാനങ്ങളോട് കൂടിയ ലബോറട്ടറികൾ, പരിശീലനം, പുനരധിവാസം എന്നിവയാണ് ഇവിടുത്തെ ക്ലിനിക്കൽ സൗകര്യങ്ങൾ. സാങ്കേതിക സൗകര്യങ്ങൾ തികഞ്ഞ ക്ലാസ് മുറികൾ, സുസജ്ജമായ കമ്പ്യൂട്ടർ ലബോറട്ടറികൾ, ആർട് സ്റ്റുഡിയോ തുടങ്ങിയ സൗകര്യങ്ങൾ അക്കാദമിക് തലത്തിൽ ഒരുക്കിയിരിക്കുന്നു.

കൂടാതെ ഇൻഡ്യൻ ആംഗ്യഭാഷയിൽ വാർത്തകളും നിഷ് സ്ഥിരമായി പ്രക്ഷേപണം ചെയ്തു വരുന്നു. നൂതന ലൈബ്രറിയും ക്യാമ്പസ്സിൽ ഉടനീളം ലഭ്യമായ വിവരസാങ്കേതിക സൗകര്യങ്ങളും നിഷിലെ എല്ലാ പ്രവർത്തനങ്ങൾക്കും മതിയായ സേവനങ്ങൾ നൽകി വരുന്നു.

ഭിന്നശേഷിയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിലും, ദേശീയ, അന്താരാഷ്ട്ര കോൺഫറൻസുകളിൽ പേപ്പറുകൾ അവതരിപ്പിക്കുന്നതിലും, സെമിനാറുകളും വർക്ഷോപ്പുകളും സംഘടിപ്പിക്കുന്നതിലും, സ്പോൺസേർഡ് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും നിഷ് സജീവമാണ്. കൂടാതെ സംയുക്ത പ്രൊജെക്ടുകളിലും ഇവെന്റുകളിലും പ്രമുഖ അന്തർദേശീയ സർവകലാശാലകളുമായി സഹകരിക്കാനും, വിദേശ രാജ്യങ്ങളിലെ തെരഞ്ഞെടുത്ത യൂണിവേഴ്സിറ്റികളിൽ നിഷ്– സ്റ്റാഫിന് പരിശീലനം നല്കാനും വിദേശ സർവ്വകാലാശാലകളുമായി 'സ്റ്റുഡൻറ് എക്സ്ചേഞ്ച്–പരിപാടി നടത്താനും നിഷ് ശ്രദ്ധ വയ്ക്കുന്നു. കോവിഡ് 19–ന്റെ പ്രാരംഭത്തിൽ തന്നെ അതുമായി ബന്ധപ്പെട്ട് അവബോധ ക്ലാസുകൾ നിഷ് സംഘടിപ്പിക്കുകയുണ്ടായി. കോവിഡ് സംപൂർണ അടച്ചിടലിനെ തുടർന്ന് ശ്രവണസംസാര പരിമിതർക്കുണ്ടായേക്കാവുന്ന പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും മറുപടി പറയാനും, മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കാനും നിഷ്, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് 24

മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഹെൽപ് ലൈൻ സജ്ജീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ കാലാവസ്ഥാമുന്നറിയിപ്പുകളും അതിവേഗം ഭിന്നശേഷിക്കാരിലേക്കെത്തിക്കാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് നിഷ് പ്രവർത്തിച്ചുവരുന്നു.,

2015 ൽ ISO സർട്ടിഫിക്കേഷനും 2016 ൽ NAAC A ഗ്രേഡ് അക്രെഡിറ്റേഷനും നിഷ്-ന് ലഭിച്ചു.

മുഖ്യ സേവനങ്ങൾ

- ക്ലിനിക്കൽ സേവനങ്ങൾ

(എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 8.30 മുതൽ വൈകുന്നേരം 5 മണി വരെ).

1. ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വിജ് പതോളജി വിഭാഗം

കുട്ടികളുടെയും മുതിർന്നവരുടെയും കേൾവിശക്തി പരിശോധിച്ച് അനുയോജ്യമായ ശ്രവണസഹായി നിർദ്ദേശിക്കുകയും ചെവിയുടെ അളവിനനുസരിച്ച് ഇയർമോൾഡ് നിർമ്മിച്ച് ശ്രവണസഹായി ഘടിപ്പിക്കുകയും ശ്രവണ പരിശീലനം നൽകുകയും ചെയ്യുന്നു. നവജാതശിശുക്കളിലെ കേൾവിക്കുറവ് കണ്ടെത്തുന്നതിനുള്ള സംവിധാനവും ഇവിടെയുണ്ട്.

ഓറൽ ഹാബിലിറ്റേഷൻ യൂണിറ്റുകൾ

- പീഡിയാട്രിക് ഓറൽ ഹാബിലിറ്റേഷൻ യൂണിറ്റ് **(PHU):**

0 മുതൽ 12 വയസ്സുവരെയുള്ള കേൾവിക്കുറവുള്ള കുട്ടികളുടെ പുനരധിവാസത്തിനായി യൂണിറ്റ് പ്രവർത്തിക്കുന്നു. ഓഡിറ്ററി വെർബൽ, ഓറൽ-ഓറൽ അല്ലെങ്കിൽ ടോട്ടൽ കമ്മ്യൂണിക്കേഷൻ തുടങ്ങിയ വിവിധ രീതികളിലൂടെ ശ്രവണ, സംസാര ഭാഷാ കഴിവുകൾ മെച്ചപ്പെടുത്തുന്നത് സമൂഹവുമായി സംയോജിപ്പിക്കാൻ സഹായിക്കുന്നു. യൂണിറ്റിൽ അംഗമായ എല്ലാ കുട്ടികളുടെയും പുരോഗതി നിരീക്ഷിക്കുകയും ഗുരുതരമായ സെൻസറിന്യൂറൽ ശ്രവണ നഷ്ടമുള്ള കുട്ടികളിൽ കോക്ലിയർ ഇംപ്ലാന്റേഷനുള്ള സ്ഥാനാർത്ഥിത്വം നിർണ്ണയിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

- അഡൾട്ട് ഓറൽ റീഹാബിലിറ്റേഷൻ യൂണിറ്റ്

ശ്രവണ സഹായികളും കോക്ലിയർ ഇംപ്ലാന്റുകളും ഘടിപ്പിച്ച മുതിർന്നവർക്കും പ്രായമായവർക്കും ഓഡിറ്ററി റീഹാബിലിറ്റേഷൻ നൽകുന്നതിനാണ് ഈ യൂണിറ്റ് വിഭാവനം ചെയ്തിരിക്കുന്നത്.

- വെസ്റ്റിബുലാർ സയൻസസ് ലാബ്

വ്യക്തികളിൽ കാണപ്പെടുന്ന തലകറക്കത്തിൻറെ കാരണങ്ങൾ കണ്ടെത്തുകയും വേണ്ട ചികിത്സാവിധികൾ നിർദ്ദേശിക്കുകയുമാണ് വെസ്റ്റിബുലാർ സയൻസസ് ലാബിൻറെ പ്രവർത്തനം.

- കോക്ളിയർ ഇംപ്ലാന്റ് യൂണിറ്റ്

കേരള സർക്കാരിന്റെ "ശ്രുതിതരംഗം" പദ്ധതിയിലൂടെയും അല്ലാതെയും കോക്ലിയർ ഇംപ്ലാൻറ് ശസ്ത്രക്രിയ നടത്തുന്ന കുട്ടികൾക്കായി ശസ്ത്രക്രിയയ്ക്ക് മുൻപും പിൻപുമുള്ള സേവനങ്ങൾ - കൗൺസിലിംഗ്, കേൾവി,

സംസാരം, ഭാഷ എന്നിവയുടെ വിലയിരുത്തൽ, കോക്ളിയർ ഇംപ്ലാൻറ് സ്വിച്ച് ഓൺ ചെയ്യുക, മാപ്പിംഗ്- എന്നിവ നൽകുന്നു.

❖ സ്പീച്ച് ലാംഗ്വിജ് അസസ്മെന്റ്

കുട്ടികളിലും മുതിർന്നവരിലുമുള്ള സംസാര-ഭാഷാപരമായ പ്രശ്നങ്ങൾ വിവിധ പരിശോധനകളിലൂടെ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനാവശ്യമായ തെറാപ്പി, കൗൺസിലിംഗ്, മറ്റ് നിർദ്ദേശങ്ങൾ എന്നിവ നൽകുകയും ചെയ്യുന്നു.

<u>12.</u> സ്പീച്ച് ലാംഗ്വിജ് ഇന്റർവെൻഷൻ

ഭാഷാപരമായ ബുദ്ധിമുട്ടുകൾ, നാഡീസംബന്ധമായ പ്രശ്നങ്ങൾ കൊണ്ടുള്ള സംസാരപരിമിതികൾ, ഉച്ചാരണപ്പിശകുകൾ, വിക്ക്, ശബ്ദസംബന്ധമായ പ്രശ്നങ്ങൾ എന്നിവയുള്ളവർക്ക് സംസാരപരിശീലനം നൽകുന്നു.

❖ സ്പീച്ച് സയൻസ് ലബോറട്ടറീസ്

ഉച്ചാരണ തെറ്റുകൾ ഉണ്ടാകാവുന്ന വ്യക്തികൾ, വോക്കൽ കോർഡ്സിന്റെ ഘടനയേയോ പ്രവർത്തനത്തെയോ ബാധിക്കുന്ന അവസ്ഥകൾ അതായത് സ്വരനാളത്തിൽ ഉണ്ടാകുന്ന ചെറിയ മുഴകൾ,, തടിപ്പുകൾ, സ്വരനാളത്തിലുണ്ടാകുന്ന പക്ഷാഘാതം എന്നിവ കാരണം ശബ്ദത്തിൽ/സംസാരത്തിൽ തകരാർ ഉണ്ടാകാവുന്ന വ്യക്തികൾ, സ്ട്രോക്ക് അപകടങ്ങൾ, പാർക്കിൺസൻസ്, അൽഷിമേഴ്സ് എന്നീ രോഗങ്ങൾ കാരണം ആഹാരം കഴിക്കുന്നതിനു ബുദ്ധിമുട്ട് അനുഭവിക്കുന്ന വ്യക്തികൾ എന്നിവർക്ക് വിവിധതരത്തിലുള്ള ഉപകരണങ്ങളുടെ സഹായത്തോടുകൂടി പരിശോധന നടത്തുന്ന വിഭാഗമാണ് സ്പീച് സയൻസ് ലബോറട്ടറീസ് .

❖ ഫ്ളുവൻസി യൂണിറ്റ്

വിക്കും സംസാരതടസ്സവും മാറാൻ സഹായിക്കുകയും ആത്മവിശ്വാസം വളർത്തിക്കൊണ്ടു വരുന്നതിന് തക്കതായ തെറാപ്പി നൽകുകയുമാണ് ഈ യൂണിറ്റ് ചെയ്യുന്നത്.

❖ അക്വയേർഡ് ന്യൂറോ കമ്മ്യൂണിക്കേഷൻ ഡിസോർഡേഴ്സ് യൂണിറ്റ് **(AND):**

സമഗ്രമായ വിലയിരുത്തൽ, പുനരധിവാസത്തിനുള്ള മൾട്ടി ഡിസിപ്ലിനറി സമീപനം, പ്രീ & പോസ്റ്റ് അസസ്മെന്റ് കൗൺസിലിംഗ് സെഷനുകൾ, കുട്ടികളിലും മുതിർന്നവരിലും ന്യൂറോ കമ്മ്യൂണിക്കേഷൻ ഡിസോർഡറുകളുടെ പുരോഗമനപരമായ വിലയിരുത്തൽ എന്നിവയിൽ AND യൂണിറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അഫേസ്യ, ബാല്യകാല അഫേസ്യ, ഡിസാർത്രിയ, ട്രോമാറ്റിക് ബ്രെയിൻ ഇൻജുറി, റോഡ് ആക്സിഡൻറ് എന്നിവയുമായി ബന്ധപ്പെട്ട ആശയവിനിമയ വൈജ്ഞാനിക പ്രശ്നങ്ങളും, ഡിമെൻഷ്യയും മറ്റ് ഡീജനറേറ്റീവ് ഡിസോർഡേഴ്സും ബാധിച്ചവരാണ് ഈ യൂണിറ്റിൻറെ ഉപഭോക്താക്കൾ.

❖ സ്പീച്ച്, സൗണ്ട് ഡിസോഡേർസ് യൂണിറ്റ് **(SSD)**

കുട്ടികളിലും മുതിർന്നവരിലുമുള്ള സംസാര വ്യക്തത സംബന്ധിച്ച ആശങ്കകൾ പരിഹരിക്കാനുംഅതുവഴി അവരുടെ ആശയവിനിമയ ശേഷിമെച്ചപ്പെടുത്താനും എസ്എസ്സ് ഡി യൂണിറ്റ് ലക്ഷ്യമിടുന്നു. ആശയവിനിമയം പരമാവധി ഉച്ചാരണ കൃത്യതയോടെ മെച്ചപ്പെടുത്തുകയും ദൈനംദിന ആശയവിനിമയത്തിലെ തകരാറിന്റെ ആഘാതം കുറയ്ക്കുകയും ചെയ്യുക എന്നതാണ് SSD യൂണിറ്റിന്റെ പ്രാഥമിക ലക്ഷ്യം

- ❖ ഓഗമെന്റേറ്റീവ് ഓൾട്ടർനേറ്റീവ് കമ്മ്യൂണിക്കേഷൻ പ്രോഗ്രാം

ഗുരുതരമായ സംസാരപരിമിതിയുള്ള കുട്ടികളെ സഹായിക്കുന്നതിനായി സാങ്കേതികവിദ്യകളുടെ സഹായത്തോടെ മറ്റ് ആശയവിനിമയോപാധികൾ വികസിപ്പിക്കുകയും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിൽ ഈ യൂണിറ്റ് ശ്രദ്ധകേന്ദ്രീകരിക്കുന്നു.

- ❖ ഇ.എൻ.റ്റി.സേവനങ്ങൾ

കേൾവി പരിശോധനക്കായുള്ള മരുന്നിൻറെ അളവ് നിർദ്ദേശിക്കുക, ചെവിക്കായം നീക്കം ചെയ്യൽ, അണുബാധകൾ, വെർട്ടിഗോ, മറ്റ് അവസ്ഥകൾ എന്നിവയുടെ ചികിത്സ. ഹിയറിംഗ് എയ്ഡ് ടെസ്റ്റിനു മുൻപുള്ള ഇ.എൻ.റ്റി പരിശോധന, സംസാര പ്രശ്നങ്ങൾക്ക് ചികിത്സ നിർദ്ദേശിക്കുക, ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും പൊതുവായ മെഡിക്കൽ കൺസൾട്ടേഷൻ നൽകുക സി.ജി.എച്ച് എസ്ആനുകൂല്യമുള്ളവർക്കും മറ്റു വിവിധ സ്കീമുകൾക്കുമുള്ള essentiality certificates, ബധിരർക്ക് ഡ്രൈവിംഗ് ലൈസൻസ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് എന്നിവയ്ക്കായുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുക, വെസ്റ്റിബുലാർ ലാബിലെ വെസ്റ്റിബുലാർ മൂല്യനിർണ്ണയം, ലാറിംഗോസ്കോപ്പി & സ്ട്രോബോസ്കോപ്പി എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ BASLP, M.Sc വിദ്യാർത്ഥികൾക്കായി ക്ലിനിക്കൽ ഗൈഡൻസ് ഉൾപ്പെടുന്ന അക്കാദമിക് പ്രവർത്തനങ്ങൾ, ഗവേഷണ പ്രവർത്തനങ്ങൾ, കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ ഇ എൻ റ്റി വിഭാഗം നടത്തി വരുന്നു. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ വൈകുന്നേരം 3 വരെ ഈ സേവനം ലഭ്യമാണ്.

**2.** ന്യൂറോ ഡെവലപ്മെന്റൽ സയൻസസ് വിഭാഗം

കുട്ടികളിലെ നാഡീവ്യൂഹ വളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സേവനങ്ങൾ നൽകുന്നു.

യൂണിറ്റുകൾ

**9.** ഓട്ടിസം സ്പെക്ട്രം ഡിസോർഡർ യൂണിറ്റ്

ഓട്ടിസം സ്പെക്ട്രം, ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികളുടെ ആശയവിനിമയം, സാമൂഹിക ഇടപെടൽ, പഠന സംബന്ധമായ കഴിവുകൾ എന്നിവയിൽ സമഗ്രമായ വിലയിരുത്തലും, പരിശീലനവും നല്കി അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ വേണ്ടി പ്രവർത്തിക്കുന്നു.

- ചൈൽഡ് ലാംഗ്വിജ് ഡിസോർഡർ യൂണിറ്റ്

ഭാഷാപരമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളുടെ ആശയവിനിമയത്തിലും, ഭാഷാവികസനത്തിലും ഉള്ള കാലതാമസം തരണം ചെയ്യാൻ വേണ്ട പരിശീലനം നല്കുന്നു. ഇന്ദ്രിയ സംബന്ധമായോ, മാനസികമോ ശാരീരികമോ ആയ പ്രശ്നങ്ങൾ ഇല്ലാത്ത കുട്ടികളാണ് ഈ യൂണിറ്റിൽ പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെടുന്നത്.

- ലാംഗ്വിജ് ആൻഡ് ലിറ്ററസി എൻഹാൻസ്മെൻറ് ആൻഡ് റിസർച്ച് നെറ്റ് ലാബ് **(LLEaRN Lab)**

പഠന വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക്, എഴുതാനും, വായിക്കാനും ആവശ്യമായ അടിസ്ഥാന കഴിവുകൾ ശാസ്ത്രീയമായ രീതിയിൽ പരിശീലിപ്പിച്ച് അവരുടെ പഠനത്തിൽ സഹായിക്കുക എന്നതാണ് ഈ യൂണിറ്റിൻറെ ലക്ഷ്യം.

- ഗ്ലോബൽ ഡെവലെപ്മെൻറൽ ഡിലേ യൂണിറ്റ്

ശാരീരികവും ബൗദ്ധികവുമായ വികസന താമസവും വളർച്ചക്കുറവുമുള്ള കുട്ടികളുടെ ആശയവിനിമയം, മാനസിക, സാമൂഹിക ക്ഷമത, പഠന സംബന്ധമായ കഴിവുകൾ, ദൈനംദിന പ്രവർത്തികൾ എന്നിവ മെച്ചപ്പെടുത്തുന്നതിനു വേണ്ടി മൾട്ടിഡിസിപ്ലിനറി, ട്രാൻസ്ഡിസ്സിപ്ലിനറി സമീപനം വഴി സമഗ്രമായ വിലയിരുത്തലും, തെറാപ്പിയും കൊടുത്തു അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്നു

- പീഡിയാട്രിക് ന്യൂറോജനിക് സ്പീച്ച് ആൻഡ് സോളോയിംഗ് ഡിസോർഡർ യൂണിറ്റ്

ഗർഭ കാലത്തോ, പ്രസവ സമയത്തോ, ഒരു വയസ്സിന് താഴെയുള്ള കുട്ടിയുടെ വികസന കാലയളവിലോ തലച്ചോറിനേൽക്കുന്ന ആഘാതം കൊണ്ടുണ്ടാകാവുന്ന ചലനപരിമിതികൾ (സെറിബ്രൽ പാൾസി, അപ്രാക്സിയ , സീഷർ ഡിസോർഡർ മുതലായവ) ഉള്ള കുട്ടികളെയാണ് ഇവിടെ ഉൾപ്പെടുത്തുന്നത്. ഇവരുടെ പേശികളിൽ ഉണ്ടാകാവുന്ന ബലക്കുറവോ, കൂടുതലോ കാരണം സംസാര-ഭാഷാ തകരാറുകൾ, ആശയ വിനിമയത്തിനുള്ള ബുദ്ധിമുട്ട് , ഭക്ഷണം ചവയ്ക്കാനോ ഇറക്കുവാനോ ഉള്ള പ്രയാസം തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഇത് മൾട്ടിഡിസ്സിപ്ലിനറി ടീം വഴി സമഗ്രമായി വിലയിരുത്തുകയും അതിനു വേണ്ട പരിശീലനം ശാസ്ത്രീയമായ രീതിയിൽ നൽകുകയും ചെയ്യുന്നു

**3.** ഏർലി ഇന്റർവെൻഷൻ പ്രോഗ്രാം

ശ്രവണപരിമിതിയുള്ള കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും പരിശീലനം നല്കിക്കൊണ്ട് കുട്ടികളിൽ പ്രായാനുസൃതമായ ആശയവിനിമയശേഷി വളർത്തിയെടുത്ത് അവരെ മുഖ്യധാരാ വിദ്യാഭ്യാസത്തിനു പ്രാപ്തരാക്കുകയാണ് ഏർലി ഇന്റർവെൻഷൻ പ്രോഗ്രാമിന്റെ ലക്ഷ്യം. 3 വയസ്സിൽ താഴെയുള്ള കുട്ടികൾക്കാണ് പ്രവേശനം.വർഷം മുഴുവൻ പ്രവേശനം ലഭ്യമാണ്.

3 വയസ്സിന് ശേഷമുള്ള കേൾവിക്കുറവുള്ള കുട്ടികൾക്കായുള്ള പ്രീസ്കൂൾ വിദ്യാഭ്യാസം 6 വയസ്സ് മുതൽ 10 വയസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി വാരാന്ത്യത്തിലും, മധ്യവേനൽ അവധിക്കാലത്തും തുടർ പരിശിലനം എന്നിവയും ഏർലി ഇൻറ്റർവെൻഷൻ ഡിപ്പാർട്ട്മെന്റ് നടത്തിവരുന്നു.

ഓഡിറ്ററി ഓറൽ,ഓഡിറ്ററി വെർബൽ,ഡ്യൂവൽ എന്നിവയിൽ നിന്നും കുട്ടിക്ക് അനുയോജ്യമായ മാധ്യമത്തിലൂടെ ആണ് പരിശീലനം നൽകുന്നത്.

**4.** ഒക്യുപേഷണൽ തെറാപ്പി

ഭിന്നശേഷിക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് വളരെ വിപുലമായ രീതിയിൽ ഒക്യുപേഷണൽ തെറാപ്പി വിഭാഗം നിഷിൽ പ്രവർത്തിക്കുന്നു.

ഓട്ടിസം, നാഡീവികാസപരമായ തകരാറുകൾ, ജനിതക തകരാറുകൾ , പഠനപരിമിതികൾ, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ശരിയായ പ്രതികരണശേഷിയും, പെരുമാറ്റരീതിയും വളർത്തിയെടുത്ത് ദൈനംദിന ജീവിതത്തിൽ സ്വയം പര്യാപ്തരാക്കാൻ പരിശീലിപ്പിക്കുന്നു. ശാരീരികമായും,മാനസികമായും വൈകാരികമായും പ്രയാസം അനുഭവിക്കുന്ന മുതിർന്ന വ്യക്തികളെയും ഉചിതമായ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്കെത്തിക്കുന്നു

സൗകര്യങ്ങൾ

- ❖ മൾട്ടി–സെൻസറി റൂം

ഉചിതമായി രൂപകല്പന ചെയ്ത മൾട്ടി–സെൻസറി റൂം ഇന്ദ്രിയങ്ങളെ ശരിയായ രീതിയിൽ ഉത്തേജിപ്പിക്കുവാനും അതിനോടുള്ള പ്രതികരണം സൂക്ഷ്മമായി പരിശോധിക്കുവാനും സഹായിക്കുന്നു. റൂമിൽ സജ്ജീകരിച്ചിട്ടുള്ള ഉപകരണങ്ങൾ ശരിയായ വിധം ഉപയോഗിക്കുന്നത് വഴി കുട്ടികളുടെ ചലനശേഷിയും, അന്തർദർശന സിദ്ധിയും, ഭാഷാപരമായും സാമൂഹികപരമായും ഉള്ള വികാസങ്ങളും ത്വരിതപ്പെടുന്നു.

- ❖ ഇൻററർവെൻഷൻ പ്രോഗ്രാമുകൾ

ഓരോ വ്യക്തിയുടെയും പ്രവർത്തനശേഷി പരിശോധിച്ച് വിലയിരുത്തിയതിനു ശേഷം പരിശീലന രീതി തീരുമാനിക്കുന്നു. മാതാപിതാക്കളെ ഉൾപ്പെടുത്തികൊണ്ട് ക്രിയാത്മകമായ പ്രവർത്തികളിലൂടെയുള്ള പരിശീലനരീതികളാണ് കൂടുതലായി അവലംബിക്കുന്നത്. വ്യക്തിയുടെ പ്രായം, പ്രശ്നത്തിൻറെ തീവ്രത, ചികിത്സയുടെ ആവശ്യകത എന്നിവയെ ആധാരമാക്കി ഒറ്റയ്ക്കോ ഗ്രൂപ്പടിസ്ഥാനത്തിലോ പരിശീലനം നടത്തുന്നു.

- അനുബന്ധ സേവനങ്ങൾ

**5.** ഫിസിയോ തെറാപ്പി

ജന്മനാ തലച്ചോറിനുണ്ടാകുന്ന തകരാറുകൾ , ജനിതക വ്യതിയാനം എന്നിവ മൂലം കുട്ടികളുടെ വളർച്ച ഘട്ടങ്ങളിലുണ്ടാകുന്ന കാല താമസം, തലച്ചോറിനേറ്റ ക്ഷതം ഏതെങ്കിലും രോഗത്തിന്റെ ഫലമായി ശാരീരിക ശേഷിക്കോ ചലനത്തിനോ സംഭവിക്കുന്ന തകരാറുകൾ, പക്ഷാഘാതം തുടങ്ങിയ പ്രശ്നങ്ങൾ ഫിസിയോതെറാപ്പി വിഭാഗം കൈകാര്യം ചെയ്യുന്നു. . രോഗിയുടെ സൗകര്യവും തെറാപ്പിസ്റ്റിന്റെ ലഭ്യതയും അനുസരിച്ചാണ് ഫിസിയോതെറാപ്പിക്കുള്ള സമയം നിശ്ചയിക്കുന്നത്. 45 മിനിട്ട് നീണ്ടു നിൽക്കുന്നതാണ്

ഓരോ സെഷനും. വ്യക്തിയുടെ ശാരീരികനില പരിശോധിച്ച് വിലയിരുത്തിയശേഷം ചലന ക്ഷമത, പ്രവർത്തനശേഷി, ജീവിത നിലവാരം എന്നിവ മെച്ചപ്പെടുത്താനുതകുന്ന വ്യായാമങ്ങൾ നിർദ്ദേശിക്കുകയും, പരിശീലനം കൊടുക്കുകയും ചെയ്യുന്നു .പ്രായഭേദമെന്യേ ഏതു വ്യക്തിക്കും ഈ സേവനം ലഭ്യമാണ് .

സൗകര്യങ്ങൾ

- പീഡിയാട്രിക് ജിംനേഷ്യം

കുട്ടികളുടെ വിശേഷിച്ചും പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളുടെ പ്രവർത്തനശേഷി കൂട്ടാൻ സഹായകമായ വിവിധതരം ആധുനിക ഉപകരണങ്ങളോടു കൂടിയ ഒരു ജിംനേഷ്യം ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. കുട്ടികളുടെ പേശിബലം കൂട്ടാനും, ബാലൻസ്, ശരീരത്തിൻറെ ഏകോപനപ്രവർത്തനങ്ങൾ എന്നിവ ത്വരിതപ്പെടുത്തുവാനും ഈ ഉപകരണങ്ങൾ വളരെയധികം സഹായകമാകുന്നു.

സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റീഹാബിലിറ്റേഷൻ (വിർചൽ റിയാലിറ്റി)

കംപ്യൂട്ടർ സൃഷ്ടിക്കുന്ന ഭാവനാലോകവുമായി സമ്പർക്കം പുലർത്തി മോണിട്ടറിൽ പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങളുമായി ചേർന്ന് വിവിധതരം കളികളിൽ ഏർപ്പെടുന്ന സാങ്കേതികവിദ്യയാണ് വിർചൽ റിയാലിറ്റി. വിവിധതരം ചലനങ്ങൾ ആവശ്യപ്പെടുന്ന ഇത്തരം കളികളിൽ ഏർപ്പെടുന്നതുവഴി കുട്ടികളുടെ ശാരീരികശേഷി നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പുരോഗമിക്കുന്നു.

ഇൻറർവെൻഷൻ പ്രോഗ്രാമുകൾ

ഓരോ വ്യക്തിയുടെയും ശാരീരിക നില പരിശോധിച്ച് വിലയിരുത്തിയതിനു ശേഷമാണ് ചികിത്സാ രീതികൾ തീരുമാനിക്കുന്നത്. മാതാപിതാക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യായാമങ്ങളും പ്രവർത്തനരീതികളുമാണ് കൂടുതലായി അവലംബിക്കുന്നത്. കുട്ടിയുടെ പ്രായം, പ്രശ്നത്തിൻറെ തീവ്രത, ചികിത്സയുടെ ആവശ്യകത എന്നിവയെ ആധാരമാക്കി ഒറ്റയ്ക്കോ ഗ്രൂപ്പടിസ്ഥാനത്തിലോ പരിശീലനം നടത്തുന്നു.

**6.** സൈക്കോളോജി വിഭാഗം.

ഓട്ടിസം, പഠന പരിമിതി, ബൗദ്ധിക വെല്ലുവിളി, കേൾവി–സംസാര പരിമിതി , വിക്ക്, സെറിബ്രൽ പാൾസി തുടങ്ങി നിരവധി ഭിന്നശേഷികൾക്കു വേണ്ട മനശാസ്ത്ര പിന്തുണ കൗൺസിലിംഗ് എന്നിവ ഉറപ്പാക്കുന്നു. . വിഷാദരോഗം,വ്യക്തിത്വ പ്രശ്നങ്ങൾ, അപസ്മാരം അൽഷിമേഴ്സ്, തുടങ്ങി ശാരീരികവും, മാനസികവും, വൈകാരികവുമായ പ്രശ്നങ്ങൾ ഉള്ളവർക്ക് വേണ്ട മാനസിക ചികിത്സ, .ഭിന്നശേഷിക്കാർക്കും അല്ലാത്തവർക്കും വിവാഹത്തിന് മുൻപും, പിൻപും വേണ്ട കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ് ഓൺലൈൻ മാനസികാരോഗ്യ സേവനങ്ങൾ എന്നിവയെല്ലാം സൈക്കോളജി വിഭാഗം ചെയ്തുവരുന്നു.

സൗകര്യങ്ങൾ

ബുദ്ധി പരിശോധന, പഠനശേഷി പരിശോധനകൾ, വികസന പരിശോധനകൾ, വ്യക്തിത്വ പരിശോധനകൾ, ന്യൂറോ സൈക്കോളജിക്കൽ ടെസ്റ്റുകൾ, മറ്റ് ഡയഗ്നോസ്റ്റിക് ടെസ്റ്റുകൾ. സൈക്കോ എഡ്യൂക്കേഷൻ,

പെരുമാറ്റ രൂപീകരണം,റെമഡിയൽ ട്രെയിനിംഗ്, കൗൺസിലിംഗ് (കുടുംബം, വിവാഹത്തിനു മുമ്പും ശേഷവും, സൈക്കോതെറാപ്പി)

**7.** സോഷ്യൽ വർക്ക് വിഭാഗം

ഭിന്നശേഷിക്കാർക്ക് നിഷ്-ലെ സേവനങ്ങൾ പ്രാപ്യമാക്കാനും, ഗവൺമെൻറിൻറെ പദ്ധതികളെയും. ആനുകൂല്യങ്ങളെയും കുറിച്ച് അവരെ അവബോധരാക്കുവാനും ആനുകൂല്യങ്ങൾ അവരിലേക്കെത്തി എന്ന് ഉറപ്പാക്കാനും സുസജ്ജമായ സോഷ്യൽ വർക്ക് വിഭാഗം നിഷ്-ൽ ഉണ്ട്. പരാതികൾക്ക് പരിഹാരം കണ്ടെത്തുക ക്യാംപുകൾ സംഘടിപ്പിക്കുക, ഭിന്നശേഷിക്കാർക്ക് മാനസികവും, സാമൂഹികവുമായ പിന്തുണ ഉറപ്പാക്കുക, വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ് ലഭ്യമാക്കുക എന്നിവയെല്ലാം സോഷ്യൽ വർക്ക് വിഭാഗത്തിൻറെ ചുമതലയാണ്.

**8.** ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം

നിഷ്-ലെ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുകയും, കായിക വിനോദങ്ങളിൽ താല്പര്യം വളർത്തുകയും, വേണ്ട പരിശീലനം നൽകുകയുമാണ് ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം. ഇതിനായി ഫുട്ബോൾ, ബാസ്കറ്റ് ബോൾ കോർട്ടുകൾ, ഇൻഡോർ ഗെയിം സൗകര്യങ്ങൾ, ജിംനേഷ്യം എന്നിവയും ഒരുക്കിയിട്ടുണ്ട്.

**9.** ലൈബ്രറി

ഭിന്നശേഷി മേഖലയിലെ അധ്യാപനത്തിനും, പഠനത്തിനും, ഗവേഷണങ്ങൾക്കും പ്രയോജനപ്പെടുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും പുസ്തകങ്ങളുടെയും വിപുലമായ ശേഖരം നിഷ് ലൈബ്രറിയിലുണ്ട്. ഡിജിറ്റൽ ലൈബ്രറി, രചനാചോരണങ്ങൾ പരിശോധിക്കാനുള്ള സംവിധാനങ്ങൾ, അംഗീകൃത അക്കാഡമിക് രചനാശൈലികളിൽ പരിശീലനം, ഗവേഷണ രീതിശാസ്ത്ര വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകൾ ലഭ്യമാക്കൽ, കാഴ്ച പരിമിതർക്കായുള്ള അക്സസിബിൾ സംവിധാനങ്ങൾ എന്നിവ ഈ ലൈബ്രറിയുടെ എടുത്തുപറയത്തക്ക സവിശേഷതകൾ ആണ്.

**10.** ന്യൂ ഇനിഷ്യേറ്റീവ്സ് വിഭാഗം

നിഷ്-ന്റെ എല്ലാ മേഖലയിലുമുള്ള പുരോഗമനത്തിനു വേണ്ട ആശയങ്ങൾ വികസിപ്പിക്കുകയും, അത് ഫലപ്രാപ്തിയിലെത്തിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും ആണ് ഈ വിഭാഗത്തിന്റെ ചുമതല. നൂതന സംരംഭക വികസന സെൽ, നൈപുണ്യ വികസന പരിപാടികൾ എന്നിവ അവയിൽ ചിലതാണ്. കാംപസ് പ്ലേസ്മെന്റ്, ഇന്റേൺഷിപ്പ്, ട്രെയിനിംഗ് ആന്റ് ഇൻഡസ്ട്രിയൽ പ്ലേസ്മെന്റ്, പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള മാർഗ്ഗദർശനങ്ങൾ എന്നിവയും ന്യൂ ഇനിഷ്യേറ്റീവ് വിഭാഗം കൈകാര്യം ചെയ്യുന്നു. അസാപ്-നൈപുണ്യവികസന പരിപാടി (ASAP) നിഡാസ് -നിഷ് ഓൺലൈൻ ഡിസെബിലിറ്റി അവെയർമസ്

സെമിനാർ(NIDAS), നിമിസ്- നിഷ് ഇന്നവേഷൻ മോഡൽ ഇൻസ്പൈറിംഗ് സ്റ്റോറീസ് NIM_IS) എന്നിവ ന്യൂ ഇനിഷ്യേറ്റീവ്സ് വിഭാഗത്തിൻറെ സംരംഭങ്ങളാണ്.

**11.** വിവര സാങ്കേതിക വിദ്യ വിഭാഗം **(IT)**

അതിനൂതന സംവിധാനങ്ങളോടു കൂടിയ നിഷ്-ലെ ഐ.ടി. വിഭാഗം വിദ്യാഭ്യാസത്തിനു മാത്രമല്ല, വ്യക്തവും കൃത്യവുമായ വിവരശേഖരണത്തിനും, മികവുറ്റ ഭരണനിർവ്വഹണത്തിനും ഏറെ സഹായകമാണ്. നിഷ് വെബ് സൈറ്റ്, സോഷ്യൽ മീഡിയ എന്നിവയുടെ മേൽനോട്ടവും IT വിഭാഗത്തിനുണ്ട്.

**12.** അഡ്മിനിസ്ട്രേഷൻ ആൻഡ് ഫിനാൻസ് വിഭാഗം

നിഷ്-ന്റെ സുഗമവും, സുതാര്യവുമായ പ്രവർത്തനങ്ങളുടെ പിന്നിലെ പ്രധാന ഘടകമാണ് അഡ്മിനിസ്ട്രേഷൻ ആൻഡ് ഫിനാൻസ് വിഭാഗം

- അക്കാഡമിക് സേവനങ്ങൾ

കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള ശ്രവണപരിമിതർക്കായുള്ള ബിരുദകോഴ്സുകൾ

ശ്രവണപരിമിതിയുള്ളവർക്കായി കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ കമ്പ്യൂട്ടർ സയൻസ്, ഫൈൻ ആർട്സ്, കൊമേഴ്സ് എന്നീ വിഷയങ്ങളിൽ ബിരുദ കോഴ്സുകൾ നടത്തുന്നു.

I. ബി.എസ് സി കമ്പ്യൂട്ടർ സയൻസ് (എച്ച്.ഐ) **-BSc computer science (HI)**
   - ★ പ്രോഗ്രാമിങ് ലാംഗ്വേജുകൾ, ഏറ്റവും പുതിയ ടെക്നോളജികൾ, അടിസ്ഥാന ഗണിതശാസ്ത്രം എന്നിവ സിലബസ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
   - ★ കാലയളവ്: 4 വർഷം (8 സെമസ്റ്റർ)
   - ★ സീറ്റ് : 30 എണ്ണം

II. ബാച്ച്ലർ ഓഫ് ഫൈൻ ആർട്സ് (എച്ച്.ഐ) **BFA (HI)**
   - ★ ചിത്രകല, ശിൽപ്പകല, അപ്ലൈഡ് ആർട്ട്, കമ്പ്യൂട്ടർ ഗ്രാഫിക്സ് എന്നിവ സിലബസ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
   - ★ കാലയളവ് : 5 വർഷം (10 സെമസ്റ്റർ)
   - ★ സീറ്റ് : 30 എണ്ണം

III. ബാച്ച്ലർ ഓഫ് കോമേഴ്സ് (എച്ച്.ഐ) **B.Com (HI)**
   - കോമേഴ്സ് വിഷയങ്ങൾ, സി എസ് ആർ, സംഘടനാപഠനം, ഫീഡ് റിപോർട്ടുകൾ മുതലായവ സിലബസ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
   - കാലയളവ് : 4 വർഷം (8 സെമസ്റ്റർ)
   - സീറ്റ് : 30 എണ്ണം

**B.** കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ **(KUHS)** അംഗീകാരമുള്ള ബിരുദ-ബിരുദാനന്തര കോഴ്സുകൾ**:**

ഭിന്നശേഷി മേഖലയിൽ മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളാ ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നിഷ് നടത്തിവരുന്നു.

I. ബാച്ച്ലർ ഓഫ് ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വിജ് പത്തോളജി **(BASLP)**

★ യോഗ്യത: ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ കമ്പ്യൂട്ടർ സയൻസ്/ ഇലക്ട്രോണിക്സ്/മാത്തമാറ്റിക്സ് / സൈക്കോളജി / സ്റ്റാറ്റിസ്റ്റിക്സ് എന്നീ വിഷയങ്ങളിൽ കുറഞ്ഞത് 50% മാർക്കോടെ +2 ജയിച്ചിരിക്കണം.

★ കാലാവധി: 4 വർഷം (3 വർഷ പാഠ്യപദ്ധതി, 10 മാസ ഇന്റേൺഷിപ്പ്)

★ പ്രവേശനം: LBS കേരള മുഖേന

★ സീറ്റ്: 27

II. ബാച്ചിലർ ഓഫ് ഒക്കുപേഷണൽ തെറാപ്പി **(BoT)**

- യോഗ്യത: പ്ലസ് ടു ( സയൻസ്)
- കാലാവധി: 4 വർഷം 6 മാസം (4 വർഷ പാഠ്യപദ്ധതി, 6 മാസ ഇന്റേൺഷിപ്പ്)
- പ്രവേശനം: എൽ.ബി.എസ് കേരള മുഖേന (LBS)
- സീറ്റ് : 20

III. **MSc** ഓഡിയോളജി

★ യോഗ്യത: സർവ്വകലാശാലാ നിയമപ്രകാരം ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ.എസ്.എൽ .പി (BASLP) ഡിഗ്രി.

★ കാലാവധി: 2 വർഷം.

★ സീറ്റ്: 13

IV. **MSc.** സ്പീച്ച് ലാംഗ്വിജ് പത്തോളജി

★ യോഗ്യത:സർവ്വകലാശാലാ നിയമപ്രകാരം ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ.എസ്.എൽ .പി (BASLP) ഡിഗ്രി.

★ കാലാവധി: 2 വർഷം.

★ സീറ്റ്: 13

**C.** റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ **(RCI)** അംഗീകാരമുള്ള ഡിപ്ലോമ കോഴ്സുകൾ:

I. ഡിപ്ലോമ ഇൻ ഏർലി ചൈൽഡ്ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഹിയറിംഗ് ഇംപയർമെന്റ്) **DECSE(HI)**

- ★ യോഗ്യത: +2 വിന് കുറഞ്ഞത് 50% മാർക്ക്.
- ★ പ്രവേശനം: RCI നടത്തുന്ന ഓൾ ഇന്ത്യാ ഓൺ ലൈൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൻറെ ( All India Online Aptitude Test (AIOT) അടിസ്ഥാനത്തിൽ .
- ★ കാലയളവ്: 1 വർഷം.
- ★ സീറ്റ്: 25
- ★ ഫീസ്: 20,000/ രൂപ

II. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വിജ് ഇന്റർപ്രെറ്റേഷൻ **(DISLI)**

- ★ യോഗ്യത : +2 പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക്.
- ★ പ്രവേശനം: RCI നടത്തുന്ന ഓൾ ഇന്ത്യാ ഓൺ ലൈൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൻറെ (All India Online Aptitude Test (AIOT)) -ന്റെ അടിസ്ഥാനത്തിൽ .
- ★ കാലയളവ് : 2 വർഷം
- ★ സീറ്റ്: 25
- ★ ഫീസ്: 29,000/ രൂപ

**D.** പൊതുജനങ്ങൾക്കായുള്ള കോഴ്സുകൾ

I. ഇന്ത്യൻ സൈൻ ലാംഗ്വിജ് കോഴ്സ് ഫോർ ദ പബ്ളിക്

ശ്രവണ പരിമിതിയുള്ളവരുടെ ബന്ധുക്കൾക്കും, അധ്യാപകർക്കും സഹപ്രവർത്തകർക്കും മുൻഗണന

- ദൈർഘ്യം: നാല്പത് മണിക്കൂർ
- സീറ്റ്: 15.
- ഫീസ്: 3,500/

II. മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് ഇൻ ഇന്ത്യൻ സൈൻ ലാംഗ്വിജ്

- ★ കോഴ്സ് സൗജന്യമാണ്.
- ★ ബന്ധപ്പെടേണ്ട ഇ-മെയിൽ വിലാസം nishinfo@nish.ac.in

- വിവിധ സെൻററുകൾ

- ★ സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആൻഡ് ഇന്നോവേഷൻ **(CATI)**

ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനായി ഫെഡറൽ ബാങ്കിൻറെ സി.എസ്.ആർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന, ഇന്ത്യയിലെ ആദ്യ സമഗ്ര അസിസ്റ്റീവ് ടെക്നോളജി സെന്റർ ആണ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആൻഡ് ഇന്നോവേഷൻ. Assistive

Technology Solutions എന്ന 6 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് CATI സംഘടിപ്പിച്ചു വരുന്നു. ഇന്ത്യക്കകത്തും പുറത്തും നിന്നുള്ള നിരവധി വിദ്യാർത്ഥികൾക്ക് ഈ കോഴ്സ് പ്രയോജനം ചെയ്യുന്നു. കൂടാതെ ,Accessibility and Assistive Technology Consultancy Services എന്നൊരു കൺസൾട്ടൻസി സർവ്വീസും CATI നടത്തുന്നുണ്ട്.

★ റിസെർച്ച് ആൻഡ് പ്രോജക്ട് കൺസൾട്ടൻസി സെന്റർ **(RPCC)**

ഭിന്നശേഷി മേഖലയെക്കുറിച്ചും, പുനരധിവാസത്തെക്കുറിച്ചുമുള്ള നിഷ്-ന്റെ പഠനങ്ങൾക്കും, ഗവേഷണങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയാണ് RPCC യുടെ ലക്ഷ്യം.

★ സെന്റർ ഫോർ കമ്മ്യൂണിക്കേഷൻ ആൻഡ് മീഡിയ ഡെവലപ്മെന്റ് **(CCMD)**

നിഷ്-ന്റെ പഠനോപകരണങ്ങൾ,വിവിധ ഭിന്നശേഷികളെ കുറിച്ചും അവയ്ക്കുള്ള നിഷ്-ൻറെ സേവനങ്ങളെ കുറിച്ചും പൊതുജനങ്ങളെ അവബോധരാക്കാനുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, ന്യൂസ്ലെറ്റർ എന്നിവ തയ്യാറാക്കാനും, ഇന്ത്യൻ സൈൻ ലാംഗ്വിജ് വാർത്തകൾ, മാധ്യമങ്ങളുമായുള്ള ആശയവിനിമയങ്ങൾ, നിഷ്-ന്റെ പ്രസിദ്ധീകരണങ്ങൾ, തർജ്ജിമകൾ എന്നിവ കൈകാര്യം ചെയ്യുന്നതിനും സെന്റർ ഫോർ കമ്മ്യൂണിക്കേഷൻ ആൻഡ് മീഡിയ ഡെവലപ്മെന്റ് നിഷ്-ൽ പ്രവർത്തിക്കുന്നു.. ഭിന്നശേഷി സേവനങ്ങൾക്കായുള്ള കേരളത്തിലെ ആദ്യ ഓഡിയോ വിഷ്വൽ സ്റ്റുഡിയോ CCMD യുടെ ഭാഗമായുണ്ട്. .

● ഔട്ട്റീച്ച് പ്രോഗ്രാമുകൾ

★ പേരന്റ് അവയർനസ് പ്രോഗ്രാം

കൊച്ചുകുട്ടികളിൽ കാണപ്പെടുന്ന സംസാരസംബന്ധമായ പ്രശ്നങ്ങളെപ്പറ്റി രക്ഷിതാക്കൾക്കു ബോധവത്ക്കരണ പരിപാടികൾ നടത്തുന്നു.

• ക്യാമ്പുകൾ

നിഷ്-ന്റെ നേതൃത്വത്തിൽ സർക്കാരിതര സംഘടനകളുടെ സഹായത്തോടെ സംസ്ഥാനത്തുടനീളം ക്യാമ്പുകളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.

★ ആംഗ്യഭാഷാ പരിഭാഷകരുടെ സേവനം

സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾക്കും പൊതുപരിപാടികൾക്കും ആംഗ്യഭാഷാ പരിഭാഷകരുടെ സേവനം, ആവശ്യപ്പെടുന്ന പ്രകാരം ലഭ്യമാണ്.

★ വോളന്റയറിങ്ങിനും ഇന്റേൺഷിപ്പിനും അവസരം

ഇന്ത്യയ്ക്കകത്തും വിദേശത്തുംനിന്നുള്ള ബിരുദധാരികൾക്ക് വോളന്റിയറായി പ്രവർത്തിക്കാനും ഇന്റേൺഷിപ്പ് ചെയ്യാനുമുള്ള അവസരം നിഷ് നൽ കുന്നുണ്ട്. വോളന്റിയർ അപേക്ഷാഫാറം http://nish.ac.in/others/downloads എന്ന ലിങ്കിൽ നിന്നു ഡൗൺലോഡ് ചെയ്യാവുന്നതാണ്.

• അഡിപ് **(ADIP)** സ്കീം

കേൾവിക്കുറവുള്ളവർക്ക് സൗജന്യമായും കുറഞ്ഞ നിരക്കിലും ശ്രവണ സഹായികൾ വിതരണം ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ അഡിപ് സ്കീം നിഷ് ഏറ്റെടുത്ത് നടത്തുന്നു.

- മറ്റു പ്രവർത്തനങ്ങൾ, പദ്ധതികൾ

കേരളാഗവൺമെൻറ് സ്ഥാപനങ്ങളുമായി ചേർന്ന്, ഓൺലൈൻ ഡിസെബിലിറ്റി അവയർനസ്സ് സെമിനാറുകൾ. NIDAS

ആക്സ്സസ്സിബിൾ ബുക്ക് ക്രീയേഷൻ.

ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളുടെ മാനസിക്ഷേമത്തിനായുള്ള പദ്ധതികൾ.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്നു ഭിന്നശേഷിക്കാർക്കായുള്ള 24*7 ഹെൽപ് ലൈൻ

- **NISH** ഓൺലൈൻ ഇന്ററാക്ടീവ് ഡിസബിലിറ്റി അവബോധ ബോധവൽക്കരണ സെമിനാർ **(NIDAS):** മാതാപിതാക്കളെയും വൈകല്യബാധിതരെ പരിചരിക്കുന്നവരെയും സഹായിക്കുന്നതിനു വേണ്ടി NIDAS 2015 ൽ ആരംഭിച്ചു. അവബോധം, സെൻസിറ്റൈസേഷൻ, പ്രസിദ്ധീകരണം എന്നിവയാണ് NIDAS കേന്ദ്രീകരിച്ച മേഖലകൾ. ഇതുവരെ നടത്തിയ 58 വെബിനാർ. 2 അക്കാദമിക് പുസ്തകങ്ങളും 7 ഹാൻഡ്ബുക്കുകളും 2 ഇ-ഹാൻഡ്ബുക്കുകളും പ്രസിദ്ധീകരിച്ചു. Nidas.nish.ac.in എന്ന സൈറ്റും ആപ്പും വീഡിയോകളുടെ ആർക്കൈവുകൾ നൽകുന്നു. വൊക്കേഷണൽ പേപ്പറുകൾ, അക്കാദമിക് പുസ്തകം 3 കൈപ്പുസ്തകങ്ങൾ തുടങ്ങിയവ തയ്യാറാക്കുന്നു.
- ഇന്നൊവേഷൻ ആൻഡ് എന്റർപ്രെന്യൂർഷിപ് സെന്റർ: NISH- ലെ കോളേജ് തലത്തിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും NISH-IEDC, സംഭാഷണങ്ങളും പരിശീലനവും മറ്റും ക്രമീകരിക്കുന്നു. ഐഒടിയിലെ സർട്ടിഫിക്കറ്റ് കോഴ്സുകളും ക്രമീകരിച്ചിട്ടുണ്ട്.
- ടെലി റീഹാബിലിറ്റേഷൻ യൂണിറ്റ്: അംഗവൈകല്യമുള്ള ക്ലയന്റുകൾക്കുള്ള വിലയിരുത്തലുകൾ, മാനേജ്മെന്റ്, കൗൺസിലിംഗ് എന്നിവ ഉൾപ്പെടുത്തി 2019 ഡിസംബർ മുതൽ നടത്തിവരുന്നു.
- കോമ്പ്രീഹെൻസീവ് ഗ്ലോബൽ ഡെവലപ്മെന്റൽ ഡിലേ ക്ലിനിക്: 7 വയസ്സിന് താഴെ വരുന്ന വികസന കാലതാമസം ബൗദ്ധിക വൈകല്യങ്ങൾ, സിൻഡ്രോം സംബന്ധമായ അവസ്ഥകൾ, എന്നിവയുള്ള കുട്ടികളുടെ വിലയിരുത്തലും പുനരധിവാസവും ഉൾപ്പെടുന്നു. പ്രധാന പുനരധിവാസ സേവനങ്ങളിൽ CCLAS പ്രോഗ്രാം (കോഗ്നിറ്റീവ് കമ്മ്യൂണിക്കേറ്റീവ് ലിറ്ററസി, അഡാപ്റ്റീവ് ആൻഡ് സെൻസോറിമോട്ടോർ), ഓറൽ പ്ലേസ്മെന്റ് തെറാപ്പി (OPT) PROPT, സാക്ഷരത മ്യൂസിക് പ്രോഗ്രാം (LITMUS) എന്നിവ ഉൾപ്പെടുന്നു. ഗ്രൂപ്പ് ഇടപെടലുകൾക്കൊപ്പം വ്യക്തിഗത ഇടപെടൽ പരിപാടികളും ഉണ്ട്.
- ശ്രുതിതരംഗം പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്: കാതോരം പദ്ധതിയുടെ കീഴിലുള്ള സംസ്ഥാന സർക്കാരിന്റെ അഭിമാനകരമായ ശ്രുതിതരംഗം പദ്ധതിയുടെ ഗുണഭോക്താക്കളുടെ സോഷ്യൽ ഓഡിറ്റ് നിഷ് എടുക്കുന്നു.

- കേരള വികസനവും ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലും **(K-DISC)** പിന്തുണയ്ക്കുന്ന യൂത്ത് വിത്ത് ഡിസെബിലിറ്റീസ് **(I-YwD)** പ്രോഗ്രാം: 2019 ൽ ആരംഭിച്ച പദ്ധതിയുടെ ദീർഘകാല ലക്ഷ്യം വികലാംഗരായ യുവാക്കൾക്കായി ഒരു ചലനാത്മക ആവാസവ്യവസ്ഥ വികസിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക, പുതുമയുള്ളവർ/സംരംഭകർ/ഗവേഷകർ എന്നിവരാകാനുള്ള വൈകല്യമുള്ള യുവാക്കളെ തിരിച്ചറിയുക, പ്രവേശനക്ഷമത സവിശേഷതകളോടെ പരിശീലനം, മാർഗ്ഗനിർദ്ദേശം, നൈപുണ്യ വികസനം എന്നിവ വാഗ്ദാനം ചെയ്യുക എന്നതാണ്.

★ പരിമിതികളുള്ള കുട്ടികളുടെ മാതാപിതാക്കൾക്കായി ഘടനാപരവും സമയബന്ധിതവുമായ ശാക്തീകരണ പരിപാടി - **STEPP:** ഒരു കുട്ടി വൈകല്യമുള്ളതായി തിരിച്ചറിയപ്പെടുമ്പോൾ വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ ധാരണയിൽ പോസിറ്റീവ് പരിവർത്തനങ്ങൾ കൈവരിക്കുന്നതിനുള്ള  സമയോചിതമായ പിന്തുണ നൽകുകയും അവരുടെ മികച്ച റിസോഴ്സ് പേഴ്സൺ ആകാൻ അവരെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

★ ബധിര കോളേജ്: ശ്രവണവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിന് തുല്യ വിദ്യാഭ്യാസ അവസരങ്ങൾ നൽകുകയും ഉയർന്ന വിദ്യാഭ്യാസത്തിലൂടെ തൊഴിൽ സാധ്യതയും മെച്ചപ്പെട്ട ജീവിത നിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യുക. വിർച്ച്വൽ ഡെസ്ക്ടോപ്പ് ഇൻഫ്രാസ്ട്രക്ചർ (വിഡിഐ), ഹൈ എൻഡ് പിസികൾ തുടങ്ങിയ വിപുലീകരണത്തിന് ആവശ്യമായ ഉപകരണങ്ങൾ നവീകരിച്ചുകൊണ്ടാണ് ഈ ലക്ഷ്യം കൈവരിച്ചത്. സാമൂഹിക നീതി, ശാക്തീകരണ മന്ത്രാലയം, ഗവൺമെന്റ് ധനസഹായം നൽകുന്ന, വികലാംഗരുടെ അവകാശങ്ങൾ നിയമം, 2016 (SIPDA) പദ്ധതി നടപ്പാക്കുന്നതിനുള്ള പദ്ധതിയുടെ കീഴിലാണ് ഈ പദ്ധതി നിഷിൽ നടപ്പിലാക്കിയത്.

★ ബാരിയർ ഫ്രീ കാമ്പസ്: റാമ്പുകൾ, ലിഫ്റ്റുകൾ, സ്പർശിക്കുന്ന അടയാളങ്ങൾ, പാതകൾ, എല്ലാവർക്കും ആക്സസ് ചെയ്യാവുന്ന ടോയ്‌ലറ്റുകൾ എന്നിവ ഉൾപ്പെടെ ആക്സസ് ചെയ്യാവുന്ന കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും നൽകിക്കൊണ്ട് ക്യാമ്പസിന്റെ പ്രവേശനക്ഷമത വർദ്ധിപ്പിക്കുന്ന ഒരു പദ്ധതിയാണിത്.. സാമൂഹിക നീതി, ശാക്തീകരണ മന്ത്രാലയം, GOI ധനസഹായം നൽകുന്ന വികലാംഗരുടെ അവകാശങ്ങൾ നിയമം, 2016 (SIPDA) പദ്ധതി പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയത്.

**V.നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ** വഴി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:-

★

★ **സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (CPRRC):** സെറിബ്രൽ പാൾസി ഓട്ടിസം ബാധിതരായ കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം, തെറാപ്പികൾ എന്നിവയ്ക്കായി ഉൾപ്പെടെയുള്ള പുനരധിവാസ ചികിത്സയുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR –ൽ നടത്തുന്ന പദ്ധതിയാണിത്.

★ **റീജ്യണൽ ഓട്ടിസം റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (RARRC) :** ഓട്ടിസം ബാധിതരായ കുട്ടികളുടെ പഠനം ഉൾപ്പെടെയുള്ള പുനരധിവാസ ചികിത്സയുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR –ൽ നടത്തുന്ന പദ്ധതിയാണിത്.

★ **ചൈൽഡ് ഡെവലപ്പ്മെന്റ് ആൻഡ് റിസർച്ച് സെന്റർ (CDRC):** നേരത്തേയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ വളർച്ചാ വിളംബം നേരത്തേ കണ്ടെത്താനും ആവശ്യമായ തെറാപ്പികളിലൂടെ അവരെ സ്വയം പര്യാപ്തരാക്കാനും ഉതകുന്ന തരത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ NIPMR –ൽ നടത്തുന്ന പദ്ധതിയാണിത്.

★ **സ്പെഷ്യൽ ട്രെയിനിംഗ് ആൻഡ് എംപവർമെന്റ് പ്രോഗ്രാം ഫോർ പാരേന്റ്സ് (STEPS):** നേരത്തേയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി പ്രധാനമായി ഭിന്നശേഷിക്കാരായ കുട്ടികളെ ശരിയായി പരിപാലിക്കുന്നതിന് രക്ഷിതാക്കളെ പ്രാപ്തരാകുന്ന പദ്ധതിയാണ്.

★ **എംപവർമെന്റ് ത്രൂ വോക്കേഷണലൈസേഷൻ (Em-Voc) :** ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ്.

★

★ ചോദ്യം (ബി) : പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

★ ഉത്തരം : **സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (CPRRC):** CPRRC പദ്ധതിയിൽ ഓരോ കുട്ടിയുടേയും വിശദമായ വിലയിരുത്തൽ ഒരു വിദഗ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, ഡെവലപ്പ്മെന്റൽ തെറാപ്പിസ്റ്റ്, ബിഹേവിയൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ധ ടീം പരിശോധിച്ച ശേഷം കുട്ടിയുടെ ബുദ്ധിമാനകത്തിന്റെ (IQ) അടിസ്ഥാനത്തിൽ പ്രീ പ്രൈമറി, പ്രൈമറി, സെക്കന്ററി, പ്രീ വൊക്കേഷൻ ക്ലാസുകളിലെയ്ക്ക് അഡ്മിഷൻ നൽകുന്നു.

★ **റീജ്യണൽ ഓട്ടിസം റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (RARRC) :** RARRC പദ്ധതിയിൽ ഓരോ കുട്ടിയുടേയും വിശദമായ വിലയിരുത്തൽ ഒരു വിദഗ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, ഡെവലപ്പ്മെന്റൽ തെറാപ്പിസ്റ്റ്, ബിഹേവിയൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ധ ടീം പരിശോധിച്ച ശേഷം കുട്ടിയുടെ ബുദ്ധിമാനകത്തിന്റെ (IQ) അടിസ്ഥാനത്തിൽ പ്രീ പ്രൈമറി, പ്രൈമറി, സെക്കന്ററി, പ്രീ വൊക്കേഷൻ ക്ലാസുകളിലെയ്ക്ക് അഡ്മിഷൻ നൽകുന്നു.

★ **ചൈൽഡ് ഡെവലപ്പ്മെന്റ് ആൻഡ് റിസർച്ച് സെന്റർ (CDRC):** ഒരു വിദഗ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, ഡെവലപ്പ്മെന്റൽ തെറാപ്പിസ്റ്റ്, ബിഹേവിയൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ,

ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ദ്ധ ടീം പരിശോധിച്ച ശേഷം ആവശ്യമായ തെറാപ്പികൾ നൽകുന്ന ചികിത്സാ രീതിയാണിത്. 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കാണ് ഇവിടെ പുനരധിവാസ ചികിത്സകൾ നൽകുന്നത്.

- ★ **സ്പെഷ്യൽ ട്രെയിനിംഗ് ആൻഡ് എംപവർമെന്റ് പ്രോഗ്രാം ഫോർ പാരേന്റ്സ് (STEPS):** നേരത്തേയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഒരു വിദഗ്ദ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, ഡെവലപ്പ്മെന്റൽ തെറാപ്പിസ്റ്റ്, ബിഹേവിയൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ദ്ധ ടീം വളർച്ചാ വിളംബമുള്ള കുട്ടിയെ വിശദമായി പരിശോധിച്ച ശേഷം ആവശ്യമായ തെറാപ്പികൾ ശുപാർശ ചെയ്യുകയും തുടർച്ചയായി (പരമാവധി 6 മാസം) തെറാപ്പികൾ നൽകുകയും ഈ കാലയളവിൽ തന്നെ ഭിന്നശേഷിക്കാരായ കുട്ടികളെ ശരിയായി പരിപാലിക്കുന്നതിന് രക്ഷിതാക്കളെ പ്രാപ്തരാകുകായും ചെയ്യുന്ന പദ്ധതിയാണ്. തുടർന്ന് കൃത്യമായ ഇടവേളകളിൽ ഇവർക്ക് ഫോളോ അപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.
- ★
- ★ **എംപവർമെന്റ് ത്രൂ വോക്കേഷണലൈസേഷൻ (Em-Voc) :** 18 വയസ്സിന് മുകളിൽ പ്രായവും NIPMR നടത്തുന്ന അസസ്സ്മെന്റിൽ തൊഴിൽ ചെയ്യാൻ സാധ്യതയുള്ള മേഖല കണ്ടെത്താനും കഴിയണം. ഓരോ കുട്ടിയുടേയും വിശദമായ വിലയിരുത്തൽ ഒരു വിദഗ്ദ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, ഡെവലപ്പ്മെന്റൽ തെറാപ്പിസ്റ്റ്, ബിഹേവിയൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, വൊക്കേഷണൽ ഇൻസ്ട്രക്റ്റർ എന്നിവരടങ്ങുന്ന വിദഗ്ദ്ധ ടീം പരിശോധിച്ച ശേഷം അനുയോജ്യമായ തെറാപ്പികൾ നിശ്ചയിച്ച് നൽകുകയാണ് ചെയ്യുന്നത്. Em-Voc പദ്ധതിയിൽ പ്രത്യേക തൊഴിൽ മേഖലയിലെ അഭിരുചി, ശാരീരിക, മാനസിക ക്ഷമത എന്നിവ വിലയിരുത്തി അനുയോജ്യമായ ട്രേഡിൽ പരിശീലനം നൽകുന്നു.